
# ദൈവകല്പനകൾക്കൊരു ചാവറഭാഷ്യം



# ദൈവകല്പനകൾക്കൊരു
# ചാവറഭാഷ്യം

സി. സോഫിറോസ് M. Th

PRIOR GENERAL'S HOUSE
LIBRARY
2807

ദീപികാ പബ്ലിക്കേഷൻസ്
കോട്ടയം
1996

**Dhayivakalpanakalkoru Chavarabhashyam**

(Malayalam)

*AUTHOR*

Sr. Sophy Rose C. M. C.

*PUBLISHED BY*

Deepika Publications
Kottayam, 1996

*COPY RIGHT*

C. M. C. Holy Queen's Province
Changanacherry

*PRICE 20*

*COPIES 1500*

*PRINTED AT*

Little Flower Press
Thrickodithanam

# അവതാരിക

സമൂഹത്തിൻെറ അടിസ്ഥാന ഘടകമാണു കുടുംബം. 'ഗാർഹികസഭ'യെന്നും പ്രാഥമിക വിദ്യാലയമെന്നും വിശേഷിപ്പിക്കപ്പെടുന്ന കുടുംബത്തിൻെറ നവീകരണം ഏറെ പ്രാധാന്യം അർഹിക്കുന്നതാണ്. ഐക്യവും ദൈവഭയവുമുള്ള കുടുംബവും സമൂഹവും ഉണ്ടാകേണ്ടത് ഇന്നിൻെറ ഒരാവശ്യമാണ്. ജോൺ പോാം രണ്ടാമൻ പാപ്പാ പൊതുജനത്തോട് നടത്തിയ ഒരു പ്രസംഗത്തിൽ ഇപ്രകാരം പറയുന്നു. ''ഓരോ ക്രൈസ്തവ കുടുംബവും ലോകത്തിൻെറ മുമ്പിൽ ദൈവസ്നേഹത്തിൻെറ തിളങ്ങുന്ന അടയാളമായിരിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. പരി. ത്രിത്വത്തിൻെറ ശാശ്വത സ്നേഹത്തിൻെറ പ്രതിബിംബമായിരിക്കുവാനുള്ള വിളിയാണിത്''.

പൂർണ്ണവും സമഗ്രവുമായ സമൂഹജീവിതമുള്ള ഒരു മാനുഷിക സ്ഥാപനമാണ് കുടുംബം. അത് സ്നേഹത്തിൽ ഒന്നിപ്പിക്കപ്പെട്ട വ്യക്തികളുടെ സമൂഹമാണ്. സ്നേഹവും സൗഹൃദവും തളംകെട്ടി നില്ക്കേണ്ട സ്ഥലമാണത്. എന്നാൽ ഇന്നു കുടുംബങ്ങൾ ഏറെ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നുണ്ട്. സ്വാർത്ഥ താല്പര്യങ്ങളും ജീവിത വ്യഗ്രതകളും കുമിഞ്ഞുകൂടി കുടുംബ ബന്ധങ്ങളെത്തന്നെ പലപ്പോഴും തകർത്തുകളയുന്നു. ഈ സാഹചര്യത്തിൽ എല്ലാതലങ്ങളിലുമുള്ള ജീവിതനവീകരണം അനിർവാര്യമാണ്.

ഭക്തിയോഗിയും കർമ്മകുശലനും ദീർഘവീക്ഷണപടുവുമായ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ഒന്നേകാൽ ശതവർഷങ്ങൾക്ക് മുമ്പ് കുടുംബങ്ങൾക്കായി എഴുതിവച്ച ചാവരുളിന് പ്രസക്തിയേറുകയാണിന്ന്. കുടുംബാംഗങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഒരു

ആദ്ധ്യാത്മിക തത്ത്വചിന്തകൻെറ ദാർശിനികതയോടെ അദ്ദേഹം കുറിച്ചുവച്ചിട്ടുണ്ട്. അവ സൂക്ഷ്മമായി ചിന്തിച്ചു ധ്യാനിക്കുമ്പോൾ ദൈവകല്പനകൾക്കുള്ള ഒരു വ്യാഖ്യാനമാണതെന്നു കാണാവുന്നതാണ്.

ഈ വീക്ഷണത്തോടെ പാവരുളിലെ വിലപ്പെട്ട മുത്തുമണികൾ കണ്ടെത്തി വിശദീകരിക്കുവാനുള്ള ഒരെളിയ ശ്രമമാണ് ഇതിൽ കാണുക. ദൈവശാസ്ത്രത്തിൽ ഡോക്ടർ ബിരുദമെടുക്കുവാനായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന സി. സോഫി റോസ് സി. എം. സി. തയ്യാറാക്കിയതാണ് ഈ കൊച്ചുപുസ്തകം.

നിരവധിയായ ജീവിതപ്രശ്നങ്ങളാൽ അലയുന്ന ആധുനിക മനുഷ്യന് അവൻെറ കുടുംബജീവിതത്തെ ഭൗമിക പറുദീസായാക്കിത്തീർക്കുന്നതിന് ഈ കൊച്ചുഗ്രന്ഥം സഹായകമായി ഭവിക്കട്ടെയെന്ന് ആശംസിക്കുന്നു. പ്രാർത്ഥിക്കുന്നു.

***സി. സാൻറാ***

***പ്രൊവിൻഷ്യൽ സുപ്പീരിയർ***

# ആശംസ

ചെറുപ്പത്തിലെ വായിക്കാൻ കഴിഞ്ഞിട്ടുള്ള ഒരു ചെറു ഗ്രന്ഥമാണ് 'ഒരു നല്ല അപ്പന്റെ ചാവരുൾ'. മദ്ധ്യതിരുവതാംകൂറിലെ ക്രൈസ്തവ കുടുംബങ്ങളിലെല്ലാം അതിന് അന്നു സ്ഥാനമുണ്ടായിരിന്നിരിക്കണം.

സമൂഹത്തിന്റെ നന്മയ്ക്കും വ്യക്തിജീവിതത്തിന്റെ ഭദ്രതയ്ക്കും ആവശ്യമുള്ള പാഠങ്ങൾ കുടുംബങ്ങളിൽ തന്നെ നല്കപ്പെടണം എന്ന ധാരണയിലാവണം ചാവരുൾ രചിക്കപ്പെട്ടത്. കുടുംബ ജീവിതത്തിന്റെ അടിസ്ഥാന പ്രാധാന്യം ചാവറയച്ചൻ നന്നായി മനസ്സിലാക്കിയിരുന്നുവെന്നു വേണം കരുതുവാൻ. കുടുംബത്തെക്കുറിച്ചുള്ള ഉദാത്ത ദർശനം നശിക്കുന്നിടത്ത് സമൂഹത്തിന്റെ ശൈഥില്യം അവശേഷിക്കുന്നുവെന്ന് പാശ്ചാത്യ ലോകം തന്നെയും ചിന്തിക്കുവാൻ തുടങ്ങിയിട്ടുണ്ട്. കുടുംബ രംഗത്തു തന്നെ തെററും ശരിയും മനസ്സിലാക്കി കൊടുക്കാനുള്ള തീവ്രശ്രമം ഉണ്ടാകണം. ഇന്നത്തെ സാഹചര്യത്തിൽ അതിനു സഹായകമായ അന്തരീക്ഷവും ഉപാധികളും കുടുംബങ്ങളിലുണ്ടായിരിക്കണം. നല്ല ഗ്രന്ഥങ്ങളും മാസികകളും കുടുംബങ്ങളിൽ ഉണ്ടായിരിക്കുന്നത് നല്ലതാണ്.

'ഒരു നല്ല അപ്പന്റെ ചാവരുൾ' കുടുംബങ്ങളിൽ പുനപ്രതിഷ്ഠിക്കാനുള്ള ശ്രമം ശ്ലാഘനീയമാണ്. ഇന്നത്തെ രീതിയിൽ ചാവരുൾ അവതരിപ്പിക്കാനാണ് സി. സോഫി റോസ് ഈ ഗ്രന്ഥത്തിൽ ശ്രമിക്കുന്നത്. തെററും ശരിയും മനസിലാക്കാൻ ദൈവകല്പനകൾ പ്രായോഗിക മാനദണ്ഡമാണ്. അവ കുടുംബ മതബോധനത്തിനു സഹായകരമായ രീതിയിൽ വാ. ചാവറയച്ചൻ അവതരിപ്പിച്ചു. അത് ഇന്ന് ശ്രദ്ധേയമായ രീതിയിൽ ലഭ്യമാക്കാൻ ഈ ലഘുഗ്രന്ഥം സഹായിക്കുമെന്നുകരുതാം. ഗ്രന്ഥകർത്താവിനും ഈ സംരംഭത്തിൽ സഹായിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ!

ഈശോയിൽ സ്നേഹത്തോടെ,

+ J Powathil

ജോസഫ് പവ്വത്തിൽ
ച. അ, മെത്രാപ്പൊലിത്താ

# ആശംസ

ദൈവം തൻെറ അരുമസുതർക്കരുളിയ ജീവിതപ്രമാണമാണല്ലൊ ദൈവകല്പനകൾ. നൂററാണ്ടുകൾക്കു മുമ്പു നൽകപ്പെട്ടതാണെങ്കിലും അന്നും ഇന്നും ദൈവജനത്തിൻെറ ദൈവോന്മുഖ ജീവിതത്തിനു മാർഗ്ഗദർശകമായി നിലകൊള്ളുന്ന ഈ പ്രമാണങ്ങളുടെ അനുഷ്ഠാനം ദൈവമനുഷ്യബന്ധത്തെ സുദൃഢമാക്കിത്തീർക്കുന്നു. ഈ വസ്തുത മനസ്സിലാക്കിയ വാഴ്ത്തപ്പെട്ട ചാവറയച്ചൻ ദൈവകല്പനകൾക്കൊരു പ്രായോഗിക വ്യാഖ്യാനം നൽകിയിരിക്കുന്നതാണ് തൻെറ ചാവരുളിൽ കാണാൻ കഴിയുക. ദൈവപ്രമാണങ്ങളെ കൺമുമ്പിൽ കണ്ടുകൊണ്ട് ചാവരുളിനെ വിശകലനം ചെയ്യുവാനുള്ള സി. സോഫി റോസ് സി. എം. സി. യുടെ ഈ പരിശ്രമം കുടുംബത്തിൻെറ ആദ്ധ്യാത്മികതയ്ക്ക് പുതിയ മാനങ്ങളും ചിന്താധാരകളും പ്രദാനം ചെയ്യുന്നതാണ്. സരളമായ ഭാഷയിൽ അവതരിപ്പിച്ചിരിക്കുന്ന ഇതിലെ ആശയാദർശങ്ങൾ കുടുംബ നവീകരണത്തിന് ഏറെ പ്രചോദനം നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

രണ്ടായിരമാണ്ട് മഹാജൂബിലി ആഘോഷിക്കുവാൻ ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഈ വേളയിൽ നവീകൃതമായ ഒരു ജനതതിയെ ദൈവകുമാരനു സമർപ്പിക്കുവാൻ 'ദൈവകല്പനകൾക്കൊരു ചാവറഭാഷ്യം' എന്ന ഈ പുസ്തകം സഹായകമായി ഭവിക്കട്ടെ എന്നാശംസിക്കുന്നു.

*മൗണ്ട് കാർമ്മൽ ജനറലേററ്*
*ആലുവ – 683106*
*25 – 08 – 1996*

*സി. ബെനിക്കാസിയാ സി.എം.സി.*
*സുപ്പീരിയർ ജനറൽ*

# ആമുഖം

മനുഷ്യനെന്ന അത്ഭുതപ്രതിഭാസം ജനിക്കുന്നതും വളരുന്നതും കുടുംബത്തിലാണ്. കുടുംബമെന്ന അടിസ്ഥാന സമൂഹത്തെ മാററിനിർത്തിക്കൊണ്ട് സഭയ്ക്കോ രാഷ്ട്രത്തിനോ നിലനില്ക്കാനാവില്ല, കുടുംബത്തിന്റെ ഭദ്രത സമൂഹത്തിന്റെ തന്നെ ഭദ്രതയാണ്. ക്രിസ്തീയ ചൈതന്യം നിറഞ്ഞ കുടുംബങ്ങളിലൂടെ സമൂഹത്തെ പടുത്തുയർത്തുക എന്ന ലക്ഷ്യത്തോടെ സൽക്കർമ്മത്താലും ജ്ഞാനവചസ്സുകളാലും ഒരു കാലഘട്ടത്തെ ദീപ്തമാക്കിയ വാഴ്ത്തപ്പെട്ട ചാവറയച്ചൻ (1805 – 1871) ഒരു കുടുംബം അനുഷ്ഠിക്കേണ്ട പ്രായോഗിക നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് എഴുതിയ ദീർഘമായ ഒരു കത്താണ് *(1868 ഫെബ്രുവരി)* **"ഒരു നല്ല അപ്പന്റെ ചാവരുൾ"** എന്ന കൃതി. ഈ കൃതിയിൽ അന്തർഭവിച്ചിരിക്കുന്ന ഉൾക്കാഴ്ചകൾ ദൈവവചനത്തിന്റേയും സഭയുടെ പ്രബോധനങ്ങളുടേയും വെളിച്ചത്തിൽ ആധുനിക കുടുംബങ്ങൾക്കു പ്രചോദനകരമാകുമെന്ന വിശ്വാസത്തിൽ പ്രകാശിപ്പിക്കുവാനുള്ള ഒരു എളിയ ശ്രമമാണ് ഈ ഗ്രന്ഥം.

പൈതൃകമായ വാത്സല്യത്തോടെ, സ്നേഹപൂർവ്വകമായി ഈ കൃതിക്ക് ഏററം അനുയോജ്യമായ ഒരു ആശംസ എഴുതിത്തന്നനുഗ്രഹിച്ച അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ തിരുമേനിയോടുള്ള ആത്മാർത്ഥമായ നന്ദി രേഖപ്പെടുത്തട്ടെ. മാതൃസഹജമായ സ്നേഹത്തോടെ മക്കളുടെ വളർച്ചയ്ക്കായി അക്ഷീണം യത്നിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന സുപ്പീരിയർ ജനറൽ സിസ്റ്റർ ബനിക്കാസിയായോടും ഹൃദയപൂർവ്വകമായ കൃതജ്ഞത അറിയിക്കുകയാണ്.

ഈ പുസ്തക രചനയെക്കുറിച്ച് ഒരു വാക്ക്:
ഒരു പുസ്തകം സ്വയമെഴുതി പ്രസിദ്ധീകരിക്കാൻ വേണ്ടി
ഇത് എഴുതി തുടങ്ങിയതല്ല. എന്നാൽ അധികാരികളിൽ
നിന്നു ലഭിച്ച നിർദ്ദേശങ്ങൾ നിറവേററി വന്നപ്പോൾ
ഇങ്ങനെ ഒന്നു രൂപം കൊണ്ടു. ഇതിന്റെ പിന്നിലെ
പ്രേരകശക്തി ആ അർത്ഥത്തിൽ എന്റെ അധികാരിക
ളാണ്. ബ, പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്ററർ
സാങ്ററായോടും, മററു കൗൺസിലേഴ്സിനോടും എന്റെ
ആത്മാർത്ഥമായ നന്ദി അറിയിക്കട്ടെ.

ഇങ്ങനെയൊരു കൃതി വെളിച്ചത്തു കൊണ്ടുവരാൻ
ഏറെ അദ്ധ്വാനിച്ചത് സി. എമിരിററാണ്. സിസ്റ്ററിന്റെ
നിസ്വാർത്ഥതയുടേയും, ത്യാഗത്തിന്റേയും മുമ്പിൽ നന്ദി
യുടെ നറുമലരുകൾ!

ഈ പുസ്തകത്തിന്റെ അച്ചടി ഭംഗിയായി നിർവ്വഹിച്ച
തൃക്കൊടിത്താനം ലിററിൽ ഫ്ളവർ പ്രസ്സുകാർക്കും,
ഇതിന്റെ പബ്ലിക്കേഷൻ ഏറെറടുത്ത ദീപിക ബുക്ക്ഹൗ
സിനും കവർ പേജ് ഡിസൈൻ ചെയ്ത് സുന്ദരമാക്കിയ
സി. ചെറുകുസുമത്തിനും, ആർട്ടിസിസ്റ്റ് ബാബുവിനും
ആത്മാർത്ഥമായ നന്ദി.

വളരെ ചെറിയ ഒരു ഗ്രന്ഥത്തെ (27 പേജ്) ആസ്പ
ദമാക്കി അതിലുള്ള വിഷയങ്ങളെ കേന്ദ്രീകരിച്ച് എഴു
തിയിട്ടുള്ള ലേഖനങ്ങളുടെ സമാഹാരമാണ് ഈ കൃതി.
അതിനാൽ ഇതിലെ ഓരോ അദ്ധ്യായവും അതിൽത്തന്നെ
പൂർണ്ണമാണ്. എങ്കിലും ആകമാനമായി നോക്കുമ്പോൾ
ചുരുക്കം ചില സന്ദർഭങ്ങളിൽ ഏതാനും വാക്യങ്ങളോ,
ആശയങ്ങളോ, ആവർത്തിക്കപ്പെട്ടതായി തോന്നുവാനും
ഇടയുണ്ട്.

കുടുംബമെന്ന അത്ഭുത പ്രതിഭാസത്തിനു രൂപം കൊടുക്കുകയും, അതിനെ ആശീർവ്വദിച്ചനുഗ്രഹിക്കുകയും, എന്നേക്കും മനുഷ്യ വർഗ്ഗത്തിൻെറ അടിത്തറയായി അതിനെ സ്ഥാപിക്കയും ചെയ്ത പരി. തമിത്രിത്വത്തിൻെറ മുമ്പിൽ നന്ദിയോടെ പ്രണമിച്ചുകൊണ്ട് കേരളത്തിലെ എല്ലാ കുടുംബങ്ങൾക്കുമായി ഈ ചെറുഗ്രന്ഥം സാദരം സമർപ്പിക്കുന്നു.

**വടവാതൂർ** **സി. സോഫി റോസ് സി. എം. സി.**

**22 - 8 - 1996**

# ഉള്ളടക്കം


അവതാരിക

ആമുഖം

ആശംസ

1 ദൈവ കല്പനകൾക്കൊരു ചാവറ വ്യാഖ്യാനം

2 ചാവറയച്ചനും ഞായറാഴ്ച ആചരണവും

3 അദ്ധ്വാനം: ദൈവീക മുദ്രിതം

4 കുടുംബം സ്വർഗ്ഗ സദൃശ്യമാക്കാൻ

5 മാതാപിതാക്കളും മക്കളുടെ നല്ലവളർത്തലും

6 സ്ത്രീ: മഹത്വവും ദൗത്യവും

7 ജീവിത വിജയത്തിനു ചില മാർഗ്ഗരേഖകൾ

# I

## ചാവരുൾ: ദൈവകല്പനകൾക്കൊരു ചാവറ വ്യാഖ്യാനം.

നൂററാണ്ടുകൾക്കുമുമ്പ് സീനായ് മലമുകളിൽ വെച്ച് അന്നോളം ചരിത്രത്തിൽ സംഭവിച്ചിട്ടില്ലാത്ത ഒരു കൊടുക്കൽ വാങ്ങൽ നടന്നു. ദൈവമായ കർത്താവ്, താൻ തെരഞ്ഞെടുത്ത തൻെറ ജനം ലോകാവസാനം വരെ അനുവർത്തിക്കാനും അങ്ങനെ യാഹ്വേയായ താൻ അവരുടെ ദൈവവും അവർ തൻെറ ജനവുമായി എന്നേയ്ക്കും നിലനില്ക്കാനുമായി അനുവർത്തിക്കേണ്ട കല്പനകളാണ് മോശയെന്ന മദ്ധ്യവർത്തിവഴി ദൈവജനത്തിനു നല്കിയത്. നൂററാണ്ടുകൾക്കുശേഷം ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ഒരു ദൈവീകമനുഷ്യൻ — വാഴ്ത്തപ്പെട്ട ചാവറയച്ചൻ — തൻെറ മാംസ സംബന്ധക്കാരായ കൈനകരി ഇടവകക്കാർക്കുവേണ്ടി അവരുടെ ആത്മീകവും, ലൗകീകവുമായ ഉപകാരങ്ങളെ മുന്നിൽ കണ്ടുകൊണ്ട് ഒരു നല്ല അപ്പൻെറ അന്ത്യശാസനമായി ഒരു കുടുംബം അനുവർത്തിക്കേണ്ട ക്രിസ്തീയമായ ആചാരങ്ങൾ എഴുതിവച്ചു. അതാണ് **"ഒരു നല്ല അപ്പൻെറ ചാവരുൾ"** എന്നറിയപ്പെടുന്ന ചാവറയച്ചൻെറ ഒരു കത്ത്. 19—ാം നൂററാണ്ടിൽ ജീവിച്ചു മരിച്ച ദൈവസ്നേഹിയും, മനുഷ്യസ്നേഹിയുമായ ഈ വലിയ മനുഷ്യൻെറ മനോമുകുരത്തിൽ ദൈവീകപ്രേരണയാൽ തെളിഞ്ഞുവന്ന ഉൾക്കാഴ്ചയാണ് കുടുംബം നന്നായാലേ സഭ നന്നാകൂ; രാഷ്ട്രം നന്നാകൂ, എന്ന വസ്തുത. ആദിയിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ച് — പുരുഷനും സ്ത്രീയുമായി — കുടുംബത്തിന് ജന്മം കൊടുത്തു. ദൈവം മനുഷ്യവർഗ്ഗത്തോട് പിന്നീട് സംസാരിച്ചവയെല്ലാം

കുടുംബത്തിൽ അനുവർത്തിക്കേണ്ട കാര്യങ്ങളായിരുന്നു. കാരണം കുടുംബമെന്ന യാഥാർത്ഥ്യത്തിലൂടെയല്ലാതെ ഒരു മനുഷ്യനും ലോകത്തിൽ ജനിക്കുന്നില്ല. കുടുംബത്തിലാണവർ വളരുക. ഈ യാഥാർത്ഥ്യം മനസ്സിലാക്കിയ ചാവറയച്ചൻ ദൈവോന്മുഖമായി കുടുംബത്തെ രൂപപ്പെടുത്താനും, വളർത്താനുമുള്ള പ്രായോഗിക നിർദ്ദേശങ്ങൾ അടങ്ങിയ ഒരു കുടുംബ ചട്ടം എഴുതിയുണ്ടാക്കി. 19—ാം നൂറ്റാണ്ടിന്റെ സാമൂഹിക സാംസ്കാരിക പശ്ചാത്തലത്തിൽ എഴുതപ്പെട്ടതെങ്കിലും അതിൽ അന്തർഭവിച്ചിരിക്കുന്ന ദൈവികമായ ഉൾക്കാഴ്ചകളും ഉദ്ബോധനങ്ങളും നാളുകൾ കഴിയുംതോറും ചാവരുളിന്റെ പ്രസക്തിയുടെ മാററു വർദ്ധിപ്പിക്കുകയാണ്. കൈനകരി ഇടവകക്കാരായ കുടുംബങ്ങൾക്കു മാത്രമല്ല, എല്ലാ കുടുംബങ്ങൾക്കും പ്രയോജനകരമായ സന്ദേശങ്ങൾ, കാലഹരണപ്പെട്ടതായി തോന്നിയേക്കാവുന്ന ഈ ചെറുകൃതിയിൽ ഒളിഞ്ഞിരിപ്പുണ്ട്. ഈ വിധമുള്ള ചാവരുളിന്റെ മൂല്യത്തിന് നിദാനമെന്ത് എന്നതാണ് ഇവിടെ നാം ഉറക്കെ ചിന്തിക്കുക.

## ദൈവപ്രമാണം ദൈവോന്മുഖ ജീവിതത്തിന്

കർത്താവ് അരുളിചെയ്തു; 'നിങ്ങൾ എന്റെ വാക്കുകേൾക്കുകയും, എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ നിങ്ങൾ എല്ലാ ജനങ്ങളിലും വച്ച് എനിക്ക് ഏററവും പ്രിയപ്പെട്ട എന്റെ സ്വന്തം ജനമായിരിക്കും ........ നിങ്ങൾ എനിക്കു പുരോഹിത രാജ്യവും വിശുദ്ധ ജനപദവുമായിരിക്കും' (പുറ. 19 / 4 – 5) തന്റെ സ്വന്തജനമാക്കി, ഇസ്രായേൽ ജനത്തെ നിലനിർത്താൻ ദൈവം നല്കിയ നിയമങ്ങളാണ് പത്തുകല്പനകൾ. അവ അനുസരിച്ചാൽ അവർ ദൈവത്തിന്റെ ജനമായിരിക്കും. ദൈവജനത്തിന്റെ ദൈവോന്മുഖ ജീവിതത്തിന് മാർഗ്ഗദർശകമായി വിശുദ്ധ ഗ്രന്ഥത്തിൽ നിലകൊള്ളുന്നത് ദൈവപ്രമാണങ്ങളാണ്.

പ്രമാണങ്ങളുടെ അനുവർത്തനം വഴി ദൈവ – മനുഷ്യബന്ധം സുദൃഢമാക്കാനുള്ള ആഹ്വാനമാണ് അതിലൂടെ നല്കപ്പെട്ടത്. ഇസ്രായേൽ ജനത്തെ സംബന്ധിച്ചു മാത്രമല്ല, ലോകാവസാനത്തോളമുള്ള ജനത്തെ സംബന്ധിച്ചുള്ള ദൈവഹിതമാണിത്. ഈ വസ്തുത നന്നായി ഗ്രഹിച്ചിരുന്ന വാഴ്ത്തപ്പെട്ട ചാവറയച്ചൻ ദൈവീക പ്രമാണങ്ങൾക്കനുസൃതമായ ഒരു ജീവിതം നയിക്കാൻ തൻ്റെ മാംസസംബന്ധികളായ വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നതാണ് ചാവരുളിൽ നാം കാണുക.

## ദൈവപ്രമാണങ്ങൾക്കൊരു പ്രായോഗിക വ്യാഖ്യാനം

വാഴ്ത്തപ്പെട്ട ചാവറയച്ചൻ്റെ ചാവരുൾ ശ്രദ്ധയോടെ വായിച്ചാൽ മനസ്സിലാകുന്ന ഒരു സംഗതി, മോശവഴി ദൈവം നല്കിയ ദൈവകല്പനകളെ പ്രായോഗികമായി ഒരു കുടുംബം -- ദൈവജനമായസഭയുടേയും, സമുദായത്തിൻേറയും ഏററം ചെറിയ ഘടകം – എങ്ങനെ അനുവർത്തിക്കണമെന്ന നിർദ്ദേശങ്ങളും അനുശാസനങ്ങളുമാണ് അതിൽ അന്തർഭവിച്ചിരിക്കുന്നത് എന്നുള്ളതാണ്. മററു വാക്കിൽ, ദൈവകല്പനകൾക്കൊരു പ്രായോഗിക വ്യാഖ്യാനമാണ് ചാവരുൾ. ദൈവപ്രമാണങ്ങളെ കൺമുന്നിൽ കണ്ടുകൊണ്ട് ചാവരുളിനെ വിശകലനം ചെയ്താൽ ഈ വസ്തുത വ്യക്തമാകും.

## ദൈവഭയം അമൂല്യസമ്പത്ത്

ദൈവപ്രമാണങ്ങളിൽ ആദ്യത്തെ മൂന്നെണ്ണം ദൈവത്തെ സംബന്ധിച്ചുള്ളതാണല്ലോ. ദൈവമായ കർത്താവ് ഏകനാണെന്നും, കർത്താവല്ലാതെ, മററൊരുവനെ ദൈവമായി ആരാധിക്കരുതെന്നും, ദൈവത്തിൻെറ പരിശുദ്ധമായ നാമത്തെ ദുഷിപ്പിക്കരുതെന്നും, കർത്താവിനായി മാററി വയ്ക്കു

പ്പെട്ടിരിക്കുന്ന ദിനത്തെ വിശുദ്ധമായി ആചരിക്കണമെന്നുമുള്ളതാണ് അതിന്റെ സാരാംശം. ഇവയെല്ലാം കൂടി സംഗ്രഹമായി പറയുന്നത് ''നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും, പൂർണ്ണ ആത്മാവോടും, സർവ്വശക്തിയോടുംകൂടി ആരാധിക്കുക, സ്നേഹിക്കുക'' എന്നാണല്ലോ. മേല്പറഞ്ഞ ദൈവപ്രമാണങ്ങൾ മനുഷ്യനിൽ നിന്നാവശ്യപ്പെടുന്നത് മറ്റെല്ലാററിലുമുപരി ദൈവത്തിന് ജീവിതത്തിൽ പ്രഥമസ്ഥാനം കൊടുക്കാനാണ്. പണമോ, പ്രതാപമോ, സമ്പത്തോ, സ്ഥാനമാനങ്ങളോ, ഇവയൊന്നും ദൈവത്തിനു പകരമായി പ്രതിഷ്ഠിതമാകരുത്. ജീവിതത്തിൽ, കുടുംബത്തിൽ ദൈവത്തിന്റെ പ്രഥമസ്ഥാനം നഷ്ടപ്പെടുമ്പോൾ അവിടെ വിഗ്രഹാരാധന ഉടലെടുക്കുകയായി. ഈ വിഗ്രഹം ഏതെങ്കിലും ''പ്രതിമ'' ആണെന്ന് ഇവിടെ അർത്ഥമില്ല; അങ്ങനെയല്ലാതാനും. ദൈവത്തിനു നല്കേണ്ടസ്ഥാനം നല്കുക. ഇതു സംബന്ധിച്ച് വാ. ചാവറയച്ചൻ പറയുന്നതിപ്രകാരമാണ്! ''ഒരു കുടുംബത്തിന്റെ പ്രധാന സമ്പത്ത് ദൈവപേടിയും ഭക്തിയും തന്നെ. ദൈവപേടിയുള്ള തറവാട് ഈലോകത്തിലും പരലോകത്തിലും ദൈവവാഴുവിൻ ഫലം അനുഭവിക്കുകയും ചെയ്യും.'' (ചാവരുൾ. പേജ് 18) ഒരു കുടുംബത്തിൽ സർവ്വപ്രധാനമായും ഉണ്ടായിക്കാണുവാൻ വാ. ചാവറയച്ചൻ ആഗ്രഹിച്ചതും, ആവശ്യപ്പെടുന്നതും ''ദൈവഭയ''മാണ്. ''ദൈവഭയ''മെന്നത് ശിക്ഷിക്കപ്പെടുമോ എന്ന പേടിയിൽനിന്ന് ഉരുത്തിരിയുന്ന ഭയമല്ല. പിന്നെയോ സ്നേഹത്തിൽ നിന്നും, ബഹുമാനത്തിൽ നിന്നും ഉരുത്തിരിയുന്നതും, ആരെ ''ഭയ''പ്പെടുന്നുവോ ആ വ്യക്തിയുടെ സ്ഥാനത്തിൽ നിന്നും ഔന്നത്യത്തിൽ നിന്നും ഉടലെടുക്കുന്നതുമായ ഒരു വസ്തുതയാണ്. ഇത് അകാരണമായ, വിറപ്പിക്കുന്ന ഭയമല്ല; മറിച്ച് രക്ഷാകരമായ ഭയമാണ്. ഇത്തരം ഭയമാണ് പാപത്തിൽ നിന്നും, ദൈവഹിതത്തിന് വിരോധമായി പ്രവർത്തിക്കുന്നതിൽ നിന്നും മനുഷ്യനെ പിന്തിരിപ്പിക്കുന്നതും. (പുറ. 20 : 20)

ദൈവഭയമാണ് ആത്യന്തികമായി ഒരു കുടുംബത്തിന് നന്മയും ഐശ്വര്യവും പ്രദാനം ചെയ്യുന്നതെന്ന് വാഴ്ത്തപ്പെട്ട ചാവറയച്ചൻ വിശ്വസിച്ചു. ദൈവത്തേക്കാം, സമ്പത്തിന് പ്രാമുഖ്യം കൊടുക്കാൻ തോന്നുന്ന, അഥവാ തോന്നാവുന്ന പ്രലോഭനങ്ങളെ (ഒന്നാം പ്രമാണത്തിനെതിരാണത്) ചെറുത്തു നില്ക്കുവാൻ അദ്ദേഹം ഉദ്ബോധിപ്പിക്കുന്നതും ശ്രദ്ധേയമാണ്. ഒരു കുടുംബത്തിൻെറ യഥാർത്ഥ മഹിമയും, സന്തോഷവും ദൈവഭയമുള്ളവരുമായുള്ള — ദൈവത്തിന് ജീവിതത്തിലും, കുടുംബത്തിലും പ്രഥമസ്ഥാനം നല്കുന്നവരുമായുള്ള — ബന്ധത്തിലാണെന്ന് അദ്ദേഹം വ്യക്തമാക്കി. ''ക്രമവും ദൈവപേടിയുമില്ലാത്ത തറവാടുകളോട് ബന്ധുത്വം പിടിക്കേണ്ടാ. എന്തുകൊണ്ടെന്നാൽ ഒരു കുടുംബത്തിൽ, ഉപകാരവും സന്തോഷവും വരുന്നത് ദ്രവ്യസ്ഥന്മാരായുള്ള ബന്ധുക്കളല്ല; പിന്നെയോ ക്രമവും ദൈവപേടിയുമുള്ള ബന്ധുക്കളത്രേ ആകുന്നു. (ചാവരുൾ. പേജ് 12) ഒരു ക്രിസ്ത്യാനിയുടെ സംസർഗ്ഗവും സഹവാസവും ദൈവപേടിയുള്ളവരോട് ആയിരിക്കുകയും വേണം. ഒരു കുടുംബം അതിൻെറ മൂല്യമായി, സമ്പത്തായി പരിഗണിക്കേണ്ടത് ഭൗതീകമായ സമ്പത്തല്ല പ്രത്യുത ദൈവത്തിന് പ്രഥമസ്ഥാനം കൊടുത്ത്, ദൈവത്തെ സർവ്വ സമ്പത്തായി കരുതി സ്നേഹിക്കുന്നതും ആരാധിക്കുന്നതുമാണ്. ഇപ്രകാരമുള്ള കുടുംബമാണ് ആകാശമോക്ഷത്തിൻെറ സാദൃശ്യമാവുക. കാരണം സ്വർഗ്ഗത്തിലെപ്പോഴും ദൈവത്തിനാണല്ലോ പ്രഥമസ്ഥാനം.

മേല്പറഞ്ഞതിനോട് അഭേദ്യം ബന്ധപ്പെട്ടു പോകുന്നതാണ് ഞായറാഴ്ച തുടങ്ങിയ കടമുള്ള ദിവസങ്ങളെ എപ്രകാരം ആചരിക്കണമെന്ന അദ്ദേഹത്തിൻെറ നിർദ്ദേശം. കാരണം അത് കർത്താവിൻെറ ദിവസമാണ് — കർത്താവിനായി മാററി വയ്ക്കപ്പെട്ടത്. ആ ദിവസം കർത്താവിനും അവിടുത്തെ ഹിതാനുസാരമുള്ള കാര്യങ്ങൾക്കുമായി

ത്തന്നെ ചെലവഴിക്കണം. കർത്താവിൻെറ ദിനത്തിൻെറ അർത്ഥവും, ആഴവുമെന്തെന്ന് മറെറാരു ലേഖനത്തിൽ പറയുന്നതിനാൽ അതിലേയ്ക്ക് ഇവിടെ കടക്കുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ, ദൈവപ്രമാണങ്ങളിൽ ആദ്യത്തെ മൂന്നിനേയും സംഗ്രഹിച്ച് പ്രായോഗികമായി ചാവറയച്ചൻ ചാവരുളിലൂടെ പ്രഖ്യാപിക്കുന്നതിൻെറ സാരസംഗ്രഹം ദൈവഭയമുള്ള, ദൈവത്തെ എല്ലാററിലുമുപരിയായി, സ്നേഹിക്കുകയും, ആദരിക്കുകയും ചെയ്യുന്ന ഒരു കുടുംബമായിരിക്കണം ക്രിസ്ത്യാനിക്കുടുംബം എന്നതാണ്.

## സുദൃഢമായബന്ധത്തിന്

ദൈവപ്രമാണങ്ങളുടെ രണ്ടാംഭാഗം മാനുഷികതലത്തിൽ നില്ക്കുന്നതും, സാമൂഹികമായ സ്വഭാവമുള്ളതുമായ ഏഴുപ്രമാണങ്ങളാണ്. ഒരു കുടുംബത്തിൻേയും, സമൂഹത്തിൻേറയും സുസ്ഥിതിയ്ക്ക് അവയോരോന്നും എത്രമാത്രം ആവശ്യമാണെന്നും, അവ അനുവർത്തിക്കപ്പെട്ടാൽ ആകാശമോക്ഷംപോലെ സ്വച്ഛമായ, സുന്ദരമായ ശാന്തമായ, സൗഭാഗ്യപൂർണ്ണമായ ഒരു കുടുംബജീവിതത്തിനും സമൂഹജീവിതത്തിനും ഇടലഭിക്കുമെന്നുമുള്ള വസ്തുത ചാവറയച്ചൻ അനാവരണം ചെയ്യുന്നത് ഒരു ദൈവീകമനുഷ്യൻെറ ഉൾക്കാഴ്ചയോടും ഒരു കുശാഗ്രബുദ്ധിയുടെ കൂർമ്മതയോടും കൂടിയാണ്.

## സ്നേഹാന്വിത ബഹുമാനം

കുടുംബജീവിതത്തെ സംബന്ധിച്ച് ഏററം അടിസ്ഥാനപരമായ ഒരു പ്രമാണമാണ് നാലാമത്തേത്. ഇതു സംബന്ധിച്ച് ചാവറയച്ചൻ എഴുതുന്നു: ''കടശ്ശിയായി മക്കളേ, നിങ്ങൾ നിങ്ങളുടെ കാരണവന്മാരെ ബഹുമാനിപ്പാനും, അവരുടെ മനസ്സിനെ നൊമ്പരപ്പെടുത്താ

തിരിപ്പാനും ദൈവപ്രമാണത്താൽത്തന്നെ എത്രയോകടപ്പെട്ടിരിക്കുന്നു. അതിനാൽ ഇതു ലംഘിക്കുന്നവർക്കു പരലോകത്തിൽതന്നെയല്ല, ഈ ലോകത്തിൽ കൂടെയും ദൈവശാപം കല്പിക്കപ്പെട്ടിരിക്കുന്നു എന്നു നല്ലവണ്ണം ഓർത്തുകൊള്ളുവിൻ '' (ചാവരുൾ പേജ് 26). യഥാർത്ഥബഹുമാനം സ്നേഹത്തിൽ നിന്നുരുത്തിരിയുന്നതാണ്. സ്നേഹമാണ് അതിന്റെ കാതൽ. ഒരു സംഭവം വിവരിച്ച് ചാവറയച്ചൻ ഇതു വ്യക്തമാക്കുന്നു. ഒരിക്കൽ ജപ്പാൻ ദേശത്ത് സ്വന്തം അമ്മയ്ക്ക് തൃപ്തികരമായി ചെലവിനുകൊടുക്കാൻ സാമ്പത്തിക ബുദ്ധിമുട്ടുണ്ടായിരുന്ന മൂന്നുമക്കൾ കള്ളന്മാരെ പിടിച്ചുകൊടുത്താൽ പ്രതിഫലം ലഭിക്കുമെന്ന് കേട്ടറിഞ്ഞ് സ്വന്തം അമ്മയുടെ ചെലവ് വഹിക്കാനായി അവരിൽ ഒരാൾ കള്ളനെന്നുഭാവിച്ച് മററിരുവരുംകൂടി അവനെ സർക്കാരിൽ പിടിച്ചേല്പിച്ച് പണം വാങ്ങി അമ്മയെ സഹായിക്കാൻ തയ്യാറായി. അമ്മയോടുള്ള സ്നേഹത്താൽ പ്രേരിതനായി മകൻ മരിക്കുവാൻ തയ്യാറായതും സഹോദരനെ കൊലയ്ക്കുകൊടുക്കുമ്പോൾ, ഇതരസഹോദരങ്ങൾ അനുഭവിച്ച ഹൃദയവ്യഥയും ചാവറയച്ചൻ അവതരിപ്പിക്കുന്നതുവായിക്കുമ്പോൾ (ചാവരുൾ പേജ് 27) ഈ പ്രമാണത്തിന്റെ ആന്തരികമായ അർത്ഥത്തിനും മൂല്യത്തിനും എത്രമാത്രം പ്രാധാന്യം അദ്ദേഹം കൊടുത്തു എന്നു വ്യക്തമാകും.

പരി.പിതാവ് ജോൺപോൾ രണ്ടാമൻ പാപ്പ കുടുംബവർഷമായ 1994 — ൽ 'കുടുംബങ്ങൾക്ക് ഒരു എഴുത്ത്'' അയച്ചു. ഈ കത്തിൽ നാലാം പ്രമാണത്തിന്റെ അർത്ഥം വളരെ വിശദമായി നല്കുന്നുണ്ട്. കുടുംബത്തിന്റെ ആന്തരീകമായ ഐക്യത്തെയാണ് ഈ പ്രമാണം ലക്ഷ്യം വയ്ക്കുക. പരിശുദ്ധ പിതാവ് പറയുന്നു: ''ബഹുമാനിക്കുക'' എന്നതിന്റെ അർത്ഥം അംഗീകരിക്കുക എന്നാണ്. ബഹുമാനം സത്താപരമായി നിസ്വാർത്ഥതയുടെ

ഒരു മനോഭാവമാണ്. അതിനെ, വ്യക്തി വ്യക്തിക്കു നല്കുന്ന ആത്മാർത്ഥമായ ദാനം എന്നു വിളിക്കാം. ആ അർത്ഥത്തിൽ ബഹുമാനം സ്നേഹവുമായി ഒന്നുചേരുന്നു. ഇത് കുടുംബത്തിന്റെ പൊതു നന്മയ്ക്കുവേണ്ടിയുള്ളതുമാണ് (ജോൺ പോൾ രണ്ടാമൻ കുടുംബങ്ങൾക്കൊരെഴുത്ത്. നമ്പർ 15) ആത്മദാനപരമായ സ്നേഹത്തിന് ഉത്തമ ഉദാഹരണമാണ് ചാവറയച്ചന്റെ മുൻപുപറഞ്ഞ പുത്രന്മാരുടെ കഥ.

4—ാം പ്രമാണത്തിന് മറെറാരു വശം കൂടിയുണ്ട്: പരി, പിതാവ് പറയുന്നു; ''നിന്റെ അപ്പനേയും, അമ്മയേയും ബഹുമാനിക്കുക'' എന്ന കല്പന പരോക്ഷമായി ഇങ്ങനെ പറയുന്നു: 'നിങ്ങളുടെ പുത്രന്മാരെയും പുത്രിമാരെയും ബഹുമാനിക്കുക ....... അവർ എന്തായിരിക്കുന്നുവോ ആ അവസ്ഥമൂലം അവർക്കതിന് അർഹതയുണ്ട്'' (കുടുംബങ്ങൾക്കൊരെഴുത്ത് നമ്പർ 15) ചുരുക്കത്തിൽ ഒരു കുടുംബത്തിൽ ഉണ്ടാകേണ്ട ആന്തരീകമായ ഐക്യം, പരസ്പര അംഗീകാരം, ആത്മദാനപരമായ സ്നേഹം എന്നിവയാണ് 'ബഹുമാനിക്കുക' എന്ന കല്പനയിലൂടെ വ്യക്തമാകുക. ഈ 20—ാം നൂററാണ്ടിന്റെ അന്ത്യത്തിൽ പരി. പിതാവ് എഴുതിവച്ച ഇക്കാര്യങ്ങൾ 19 —ാം നൂററാണ്ടിൽ ചാവറയച്ചൻ ഉൾക്കൊണ്ടിരുന്നു എന്നത് അദ്ദേഹത്തിന്റെ ദൈവീക ഉൾക്കാഴ്ചയുടെയും, പ്രവാചകത്വത്തിന്റെയും ഉത്തമ ദൃഷ്ടാന്തമാണ്. മക്കളുടെ സ്വാതന്ത്ര്യത്തെ, പ്രത്യേകിച്ചും പ്രായപൂർത്തിയാകുമ്പോൾ അവരുടെ അന്തസ്സിനെ തെരഞ്ഞെടുക്കാനുള്ള പൂർണ്ണ സ്വാതന്ത്ര്യത്തെ അവർക്കു അനുവദിക്കണമെന്ന് (ചാവരുൾ പേ. 25) എഴുതുന്ന അദ്ദേഹം മക്കളുടെ വ്യക്തിത്വത്തേയും, ന്യായമായ സ്വാതന്ത്ര്യത്തേയും അംഗീകരിക്കുവാൻ മാതാപിതാക്കളെ അനുസ്മരിപ്പിക്കുകയാണ്.

## ജീവൻെറ പരിപോഷണം

''കൊല്ലരുത്'' എന്ന അഞ്ചാം പ്രമാണം മനുഷ്യജീവൻെറമേൽ കൈവയ്ക്കുവാൻ മനുഷ്യന് അവകാശമില്ല എന്നതാണു പ്രതിധ്വനിപ്പിക്കുന്നത്. ശാരീരികമായി ജീവൻ അപഹരിക്കുക എന്നതിനേക്കാൾ ഉപരിയായ ഒരു അർത്ഥം ഈ പ്രമാണത്തിൽ അന്തർഭവിച്ചിട്ടുണ്ട്. ''സഹോദരനെ 'ഭോഷാ' എന്നു വിളിക്കുന്നവൻ ന്യായവിധിയ്ക്കർഹനാകും'' (മത്താ. 5:22) എന്നരുളിച്ചെയ്യുന്ന ദിവ്യനാഥൻെറ വാക്കുകളിൽ ഈ പ്രമാണത്തിൻെറ അർത്ഥം കുറച്ചുകൂടി അനാവൃതമാകുന്നുണ്ട്. 'ജീവനെ നശിപ്പിക്കാതിരിക്കുക' എന്ന നിഷേധാത്മകമായ കാഴ്ചപ്പാടിനതീതമായി സുഗമമായി ജീവിക്കുവാൻ മനുഷ്യനെ അനുവദിക്കുക, സഹായിക്കുക എന്ന ക്രിയാത്മകമായ അർത്ഥം കൂടി ഇതിൽ അടങ്ങിയിട്ടുണ്ട്. ഈ അർത്ഥത്തിൽ ദൈവവചനാധിഷ്ഠിതമാണ് ചാവറയച്ചൻെറ കാഴ്ചപ്പാട്. അദ്ദേഹം പറയുന്നു:

> ''വേലക്കാർക്കു ന്യായമായുള്ള കൂലി കൊടുക്കാതിരിക്കുകയോ; താമസിക്കയോ ചെയ്യരുത്. എന്തെന്നാൽ അത് ദൈവത്തിൻ പക്കൽ നിലവിളിക്കുന്ന പാപം ആകുന്നു. പാവപ്പെട്ടവരെ നിന്ദിക്കേണ്ട, അവരെ ബുദ്ധിമുട്ടിക്കയും വേണ്ട; എന്തെന്നാൽ ദൈവം അവരുടെ കണ്ണുനീർ കണ്ടാൽ നിശ്ചയമായി നിന്നോടു പകരം ചോദിക്കും.''
>
> ചാവരുൾ പേജ് 17

ഇപ്രകാരം പാവപ്പെട്ട ഒരു വിധവയ്ക്കുവേണ്ടി — അവളേയും, അവളുടെ മൂന്നു കുഞ്ഞുങ്ങളേയും കഷ്ടപ്പെടുത്തിയ ഒരു ഗൃഹസ്ഥൻെറ ജീവനെ എടുത്തുകൊണ്ട് ദൈവം പകരം ചോദിക്കുന്ന സംഭവം (ചാവ. പേജ് 17) ചാവറയച്ചൻ വിവരിക്കുമ്പോൾ ശാരീരിക ജീവനെന്നപോലെ മാനസീകവും,

വൈകാരികവും, ആത്മീയവുമായ ജീവൻ നല്കാനുള്ള ഏതൊരുവൻേറയും കടമയാണ് അദ്ദേഹം സുതരാം വെളിവാക്കുക.

## സ്നേഹം നീതിയിലധിഷ്ഠിതം

മോഷ്ടിക്കരുതെന്നും, കള്ളസാക്ഷ്യം പറയരുതെന്നും, വ്യഭിചാരം ചെയ്യരുതെന്നും, അന്യൻെറ ഭാര്യയെ മോഹിക്കരുതെന്നും, അന്യൻെറ വസ്തുക്കരം ആഗ്രഹിക്കരുതെന്നുമുള്ള ദൈവപ്രമാണങ്ങരം സാമൂഹികമായ നീതിയോടും മനുഷ്യനു പരസ്പരമുണ്ടാകേണ്ട ബഹുമാനത്തിൻേറയും, സ്നേഹത്തിൻേറയും മൂല്യങ്ങളോടും ബന്ധപ്പെട്ടവയാണ് മനുഷ്യ ബന്ധിതങ്ങളായ ഏഴുകല്പനകളെയാണ് ''തന്നെപ്പോലെതന്നെ തൻെറ അയല്ക്കാരനെയും സ്നേഹിക്കുക'' എന്ന ഒററ കല്പനയിൽ സംഗ്രഹിച്ചിരിക്കുന്നതും.

മോഷ്ടിക്കരുതെന്നും, അന്യൻെറ വസ്തുക്കളെ അന്യായമായി അപഹരിക്കരുതെന്നുമുള്ള പ്രമാണങ്ങളെ വളരെ ശക്തമായ ഭാഷയിൽത്തന്നെ ചവറയച്ചൻ വിശദീകരിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു:

> ''കട്ടവസ്തു ഒരു നാഴിക നേരത്തേക്കെങ്കിലും നിൻെറ വീട്ടിൽ വച്ചുസൂക്ഷിപ്പാൻ നീ സമ്മതിക്കേണ്ടാ. കട്ട വസ്തു ഇരിക്കുന്ന വീട് കത്തിപ്പോകുമെന്ന് റൂഹാദക്കുദിശാതമ്പുരാൻ അരുളിച്ചെയ്തിരിക്കുന്നു. അന്യ വസ്തു കട്ടവരോടു കൂടി നീ ഇടയേണ്ട. എന്തെന്നാൽ, നാളെ നിൻെറ വസ്തുക്കരം കക്കുവാൻ അവൻ മടിക്കയില്ല ....''
>
> (ചാവരുരം. പേജ്: 16)

മോഷ്ടിച്ചും, അന്യായമായും, കൗശലമായും അന്യൻെറ വസ്തുക്കരം അപഹരിച്ചും സമ്പന്നരായിതീരാമെന്നു കരുതിയാലും അതു ശാശ്വതമായിരിക്കയില്ല എന്ന് ഉദാഹ

രണ സഹിതം ചാവറയച്ചൻ വ്യക്തമാക്കുന്നുണ്ട്. മനഃസാക്ഷിക്കുഭാരവും, കുററബോധവും മരണ സമയത്തെങ്കിലും അത്തരക്കാരെ അലട്ടുമെന്നും, ജീവിതകാലത്ത് താല്ക്കാലികമായി അനുഭവിച്ച സന്തോഷത്തേക്കാൾ, മരണസമയത്ത് അനുഭവപ്പെടുന്ന ഈ കുററബോധം അസഹനീയമാണെന്നും, ഏററം ദൗർഭാഗ്യകരമായ ഒരു മരണത്തിലേയ്ക്ക് അയാൾ വഴുതി വീഴുമെന്നുമുള്ള സത്യം ഒരു സംഭവം വിവരിച്ച് അദ്ദേഹം അനാവരണം ചെയ്യുന്നതിപ്രകാരമാണ്,

> ഒരിക്കൽ ഒരു ദ്രവ്യസ്ഥൻ അന്യായമായി അന്യന്റെ വസ്തുക്കൾ അപഹരിച്ച് ദ്രവ്യസ്ഥൻ (സമ്പന്നൻ) ആയിത്തീർന്നു. മരിക്കാൻ സമയമായപ്പോൾ ദീനനായി കട്ടിലിൽ കിടന്ന അയാൾ രായസക്കാരനെ (ആധാരമെഴുത്തുകാരൻ) വിളിച്ചുവരുത്തി ഇപ്രകാരം എഴുതിപ്പിച്ചു. ''എന്റെ ആത്മാവിനെ ഞാൻ പിശാചിനുകൊടുക്കുന്നു.'' സുബോധമില്ലാതെ അപ്പൻ സംസാരിക്കയാണോ എന്നുള്ള മക്കളുടെ ചോദ്യത്തിന് ''അല്ലാ'' എന്നും ''എനിക്കു നല്ല ബോധമുണ്ട്, ഞാൻ പറയുന്നത് എഴുതട്ടെ'' എന്നും പറഞ്ഞു. വീണ്ടും മരണാസന്നൻ എഴുതാൻ പറഞ്ഞുകൊടുത്തത് ''എന്റെ ആത്മത്തേയും, അന്യരുടെ വസ്തുക്കളെ അപഹരിപ്പാൻ എന്നെ ഉത്സാഹിപ്പിച്ച എന്റെ ഭാര്യയുടെ ആത്മത്തെയും പിശാചിനു കൊടുക്കുന്നു. എന്റെ മക്കളായ നിങ്ങളുടെ ആത്മാക്കളേയും ഞാൻ പിശാചിനു ഏല്പ്പിക്കുന്നു. എന്തെന്നാൽ ഞാൻ നിങ്ങൾക്കുവേണ്ടിയാകുന്നു അന്യന്മാരുടെ വസ്തുക്കളെ അപഹരിച്ചത്'' എന്നുപറഞ്ഞ് നിർഭാഗ്യമായി അന്ത്യശ്വാസം വലിച്ചു'' (ചാവരുൾ. പേജ് : 17).

വളരെ അതിശോക്തി കലർന്നതും അസംഭവ്യവുമായ ഒരു കെട്ടുകഥയായി നമ്മിൽ പലർക്കും ഇതു തോന്നിയേക്കാം. എന്നാൽ ആഴത്തിൽ ചിന്തിച്ചാൽ അന്യായമായി, അന്യനെ വഞ്ചിച്ചു ജീവിക്കുകയും, ധനം സമ്പാദിക്കുകയും ചെയ്ത ഒരു മനുഷ്യൻെറ മനഃസാക്ഷിയുടെ പ്രതിഫലനവും, അന്തഃരംഗത്തിൽ അനുഭവപ്പെടുന്ന കുററബോധവുമല്ലേ മേല്പറഞ്ഞ നാടകീയ വിവരണം—? ഒരു കാര്യം സമ്മതിച്ചേ മതിയാകൂ: മോഷണവും, അന്യായമായ സമ്പത്തു വർദ്ധിപ്പിക്കലും ഒരിക്കലും ഒരുവനു, സമാധാനം നല്കുകയില്ല. അസ്വസ്ഥതയും, അസമാധാനവും, നൈരാശ്യവും, കുററബോധവും വേട്ടപട്ടിയെപ്പോലെ അയാളെ പിൻതുടരും.

കള്ളസാക്ഷ്യം പറയരുതെന്ന പ്രമാണം നീതിയുടേയും ഉപവിയുടേയും പശ്ചാത്തലത്തിൽ വീക്ഷിക്കുമ്പോൾ, അപരൻെറ നന്മയും, അവൻെറ വ്യക്തിത്വത്തിനും ആവശ്യങ്ങൾക്കും അർഹമായ പരിഗണനയും നല്കികൊണ്ട് അവനെ തേജോവധം ചെയ്യാതിരിക്കുവാനുള്ള ഉത്തരവാദിത്വവുമാണ് അർത്ഥമാക്കുന്നത്. മററൊരുവനെക്കുറിച്ച് ''ഇല്ലാവചനം'' പറഞ്ഞു നടക്കുന്നതും ഇല്ലാത്തകുററം ഉണ്ടെന്ന് ആരോപിക്കുന്നതും ഒരു തരത്തിൽ കള്ളസാക്ഷ്യം തന്നെയാണ്. ഇപ്രകാരം

> ''ക്രമമല്ലാത്ത വർത്തമാനങ്ങളും, ക്രിസ്ത്യാനികൾക്കു ചേരാത്ത വചനങ്ങളും, ശേഷംപേരുടെ അററകുററങ്ങളെ പറവാനും ചട്ടമില്ല........ മററൊരുത്തൻെറ ദോഷത്തിൻെറ വർത്തമാനം നിൻെറ വീട്ടിൽ പറയപ്പെടുമ്പോൾ ആ ദോഷത്തിനുള്ള ശിക്ഷ നിൻെറ വീട്ടിന്മേൽവരും'' (ചാ. പേ. 13)

എന്നു ഉച്ചരിക്കുന്ന ചാവറയച്ചൻ അന്യൻെറ ദോഷങ്ങൾ പോലും സംസാരവിഷയമാക്കരുതെന്നാണല്ലോ ആവശ്യപ്പെടുന്നത്. അപ്പോൾപ്പിന്നെ ഇല്ലാത്തകാര്യങ്ങൾ ഒരാളെക്കു

റിച്ച് സാക്ഷ്യപ്പെടുത്തുന്നത് തീർച്ചയായും പാടില്ലായെന്നത് അതിൽ അന്തർലീനമാണ്. ഇതു പറയുകമാത്രമല്ല, മററുള്ളവരെക്കുറിച്ചു തിന്മ പറയാതിരിക്കാൻ — തനിക്ക് ഉപദ്രവം ചെയ്തവരെക്കുറിച്ചു പോലും — അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നുവെന്നത് അദ്ദേഹത്തിൻെറ തന്നെ 'നാളാഗമ' ങ്ങളുടെ ഏടുകളിൽനിന്നു വ്യക്തമാകും.

## ആന്തരികവിശുദ്ധി ഹൃദയ സമാധാനത്തിന്

വ്യഭിചാരം ചെയ്യരുത്, അന്യൻെറ ഭാര്യയെ മോഹിക്കരുത് എന്നീ കല്പനകളെ സംബന്ധിച്ച് വ്യക്തമായ പ്രതിപാദനങ്ങൾ ചാവരുളിൽ കാണുന്നില്ല. എന്നാൽ വിരക്തി എന്ന പുണ്യം കുടുംബ ജീവിതത്തിലുള്ളവരും കാത്തുപാലിക്കേണ്ടതാണെന്ന് അദ്ദേഹം പറയുന്നു.

> 'ഇരിപ്പിലും, നടപ്പിലും, കിടപ്പിലും, കളിയിലും, വിരക്തി അഥവാ അടക്കമെന്ന പുണ്യം മഹാ സൂക്ഷത്തോടുകൂടെ അനുസരിക്ക. അടക്കമില്ലായ്മ ദൈവതിരുമുമ്പിലും ഇഹലോകത്തിലും വലിയ അപമാനമുള്ളതാകുന്നു.' (ചാ. പേ.18)

സ്ത്രീ — പുരുഷ ബന്ധത്തേയും, ലൈംഗീകതയേയും സംബന്ധിച്ച അദ്ദേഹത്തിൻെറ പ്രതിപാദനങ്ങളിൽ ഏകദേശം ഒന്നര നൂററാണ്ടിൻെറ പിന്നിലുള്ള മനോഭാവവും ശൈലിയുമാണ് തെളിഞ്ഞു കാണുക. പക്ഷേ അതിനു പിന്നിലും ലൈംഗിക പരിശുദ്ധി എന്ന മൂല്യത്തിന് അദ്ദേഹം പ്രാധാന്യം കൊടുക്കുന്നു. 'കാമാസക്തിയോടെ പരസ്ത്രീയെ നോക്കുന്നവൻ ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തു കഴിഞ്ഞു. നിൻെറ വലതുകണ്ണ് നിനക്ക് പാപകാരണമാകുന്നെങ്കിൽ അതു ചുഴന്നെടുത്തു ദൂരെ എറിയുക ........' (മത്താ 5: 27ff) എന്നിങ്ങനെയുള്ള ദിവ്യനാഥൻെറ വചസ്സുകരം മേൽപറഞ്ഞ കല്പനകളുടെ

പിന്നിലെ ആന്തരികഭാവം എന്തെന്നു വ്യക്തമാക്കുന്നുണ്ട്. ഇപ്രകാരം കാമാസക്തിക്കും, ഇടർച്ചയ്ക്കും കാരണമാകാത്ത വിധത്തിലുള്ള ഒരു ജീവിതശൈലി ചെറുപ്പം മുതൽ കുഞ്ഞുങ്ങളിൽ വളർത്തിയെടുക്കുവാനായിട്ടാണ് ചാവറയച്ചൻ മാതാപിതാക്കളെ ഉദ്ബോധിപ്പിക്കുക. അതിനദ്ദേഹം പറയുന്ന ന്യായം ''സ്വഭാവത്തിൽ അവർക്ക് അറിയാത്തത് പിശാച് അവരെ പഠിപ്പിക്കും'' (ചാ. പേ. 23) എന്നാണ്. അതിനാൽ മക്കളെ ശരിയായി വസ്ത്രം ധരിപ്പിക്കുന്നതിനും, ക്രമമല്ലാത്ത വചനങ്ങളും, പെരുമാററങ്ങളും, കൂട്ടുപിടിക്കലും ഉണ്ടാകാതെ സൂക്ഷിക്കുന്നതിനും മാതാപിതാക്കളെ അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു. ചുരുക്കത്തിൽ ആന്തരികമായ പരിശുദ്ധിക്കാണ് — ശുദ്ധത എന്ന പുണ്യത്തിനാണ് — അദ്ദേഹം ഊന്നൽ നല്കുക. ലൈംഗികത ചൂഷണം ചെയ്യപ്പെടുകയും, വില്പന ചരക്കാക്കുകയും, അനേകം ജീവിതങ്ങളെ നിരാശയിലേയ്ക്കും, ആത്മഹത്യയിലേയ്ക്കും വലിച്ചിഴയ്ക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ ചാവറയച്ചന്റെ പ്രായോഗിക ബുദ്ധിക്കും, ജ്ഞാനവചസ്സുകൾക്കും ഇന്നു ഏറെ പ്രസക്തിയുണ്ട്.

ദൈവപ്രമാണങ്ങളുടെയെല്ലാം സാരസംഗ്രഹം സ്നേഹത്തിലാണല്ലോ അടങ്ങിയിരിക്കുക. ഈ വസ്തുതയും ചാവറയച്ചന്റെ ചാവരുളിൽ പ്രകടമാണ്. **കുടുംബചട്ടം** ആരംഭിക്കുന്നതുതന്നെ ''നിങ്ങൾ തമ്മിൽത്തമ്മിൽ ഉപവിയായിരിപ്പിൻ; സ്നേഹമായിരിപ്പിൻ'' എന്ന ഉദ്ബോധനത്തോടെയാണ്. സ്നേഹമാണ് നിയമത്തിന്റെ പരിപൂർത്തി. സ്നേഹം എല്ലാ പാപങ്ങളേയും മായിച്ചു കളയുന്നു. വി. പൗലോസ് കൊറിന്ത്യർക്കുള്ള ലേഖനത്തിൽ സ്നേഹത്തിന്റെ സവിശേഷതകൾ ഒന്നൊന്നായി പറയുന്നുണ്ടല്ലോ. (1കോറി: 13–1ff) സ്നേഹം എല്ലാം ക്ഷമിക്കുന്നു, സഹിക്കുന്നു, വിട്ടുവീഴ്ച ചെയ്യുന്നു, കോപിക്കുന്നില്ല; തിന്മ വിചാരിക്കുന്നില്ല; അധർമ്മത്തിൽ സന്തോഷിക്കുന്നില്ല, സത്യത്തിൽ ആഹ്ലാദിക്കുന്നു; എല്ലാം

സഹിക്കുന്നു........'' ചാവറയച്ചന്റെ ചാവരുളിലും ഇപ്രകാരമൊരു സ്നേഹമാണ് അദ്ദേഹവും എടുത്തുകാട്ടുക. അററകുററങ്ങളും കുറച്ചിലുകളും തമ്മിൽ തമ്മിൽ ക്ഷമിപ്പിൻ'' (ചാവരുൾ പേജ് 9) എന്നു ഉദ്ബോധിപ്പിക്കുകവഴി ക്ഷമിക്കുന്ന സ്നേഹവും, ''ദ്രവ്യമുള്ള ഭാവവും അവസ്ഥയും കാട്ടേണ്ട'' (ചാവരുൾ പേജ് 11) എന്നുദ്ധരിച്ച് സ്വയം പ്രശംസിക്കാത്ത, അഹങ്കരിക്കാത്ത (1കോറി 13: 4b) സ്നേഹവും, ''ഭിക്ഷക്കാരെ വെറും കൈയോടുകൂടി പോകാൻ സമ്മതിക്കാത്ത'' (ചാവരുൾ പേജ് 15) ദയയുള്ള സ്നേഹവും പാലിക്കാനുള്ള അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ മേൽ പറഞ്ഞതിന് ഉദാഹരണങ്ങൾ തന്നെ.

## ഉപസംഹാരം

മേല്പറഞ്ഞവയുടെ വെളിച്ചത്തിൽ ചാവറയച്ചന്റെ ചാവരുൾ ദൈവപ്രമാണങ്ങളുടെ ഒരു വ്യാഖ്യാനമാണെന്നു കാണാം. — ഒരു ക്രിസ്തീയ കുടുംബം പ്രായോഗികമായി ദൈവപ്രമാണങ്ങളെ, അതിന്റെ സാരസംഗ്രഹമായ സ്നേഹമെന്ന പ്രമാണത്തെ, കാത്തുസൂക്ഷിച്ചു നടക്കേണ്ടതിന്റെ പ്രായോഗിക വ്യാഖ്യാനം. ദൈവപ്രമാണങ്ങൾക്കു മാററമില്ല; അതിന്റെ സന്ദേശത്തിനും നിത്യത്വത്തിന്റെ മൂല്യമാണ്. അതുകൊണ്ടുതന്നെയാണ് കാലം മാറുന്നതിനനുസരിച്ച് ഭാഷയിലും ശൈലിയിലും വ്യതിയാനം വന്നാലും ചാവറയച്ചന്റെ ചാവരുളിന് പ്രസക്തി നഷ്ടപ്പെടാത്തത്. ''ഒരു ക്രിസ്ത്യാനി കടുംബത്തെ ആകാശമോക്ഷത്തിന്റെ സാദൃശ്യത്തിൽ രൂപപ്പെടുത്തി എടുക്കുവാൻ സർഗ്ഗാത്മകവും, ക്രിയാത്മകവുമായ ശക്തി ആ വാക്കുകൾക്കുണ്ട്. കാരണം ഒരു ദൈവിക മനുഷ്യൻ 'ദൈവവെളിവ്' (ചാവ. പേജ് : 8) അപേക്ഷിച്ച് ദൈവപ്രേരണയാൽ എഴുതിയ മഹത് വചനങ്ങളാണവ.

# II

# ചാവറയച്ചനും ഞായറാഴ്ച ആചരണവും

ഭൗതികതയുടെ അതിപ്രസരത്തിൽ ദൈവത്തിനും ദൈവീകമൂല്യങ്ങൾക്കും. ദൈവകല്പനകൾക്കും അർഹിക്കുന്ന പ്രാധാന്യം നല്കപ്പെടാതെ പോകുന്ന ഈ കാലഘട്ടത്തിൽ ദൈവഭയമുള്ള, ദൈവത്തിനു പ്രീതികരമായി ജീവിക്കുന്ന അഥവാ ജീവിക്കേണ്ട കുടുംബങ്ങൾക്ക് വാഴ്ത്തപ്പെട്ട ചാവറയച്ചൻ നല്കിയ ചാവരുളിന്റെ പ്രസക്തി യേറുകയാണ്.

20-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ വന്നെത്തിനില്ക്കുന്ന ആധുനിക മനുഷ്യന് 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലത്ത് എഴുതപ്പെട്ട ഈ ചെറുകൃതി കുറെ പഴഞ്ചൻമാമൂലുകളും ഉപദേശങ്ങളുമൊക്കെയായി തോന്നിയേക്കാം. എന്നാൽ മാറിമാറിവരുന്ന ഫാഷനുകൾക്കും ആഡംബരങ്ങൾക്കും പിന്നാലെ പരക്കംപാഞ്ഞ് പുതുമയുടെ സന്തോഷവും സംതൃപ്തിയും തേടിയ മനുഷ്യനിന്ന് അവയുടെ പൊള്ളത്തരം മനസ്സിലാക്കി ശാശ്വതമായ ദൈവീകമൂല്യങ്ങളിലേയ്ക്കും ആദർശങ്ങളിലേയ്ക്കും പിന്തിരിഞ്ഞുവരുവാൻ തത്രപ്പെടുന്ന പശ്ചാത്തലം കണക്കിലെടുക്കുമ്പോൾ, ചാവരുളിന്റെ പിന്നിലെ സന്ദേശങ്ങൾക്കു നൂതനമായ ഒരു അർത്ഥം കൈവരുകയാണ്.

കടുത്ത ഏകാന്തതയും ഒറ്റപ്പെടലുകളും, തകർന്ന കുടുംബബന്ധങ്ങളും, ജോലിഭാരവും മനുഷ്യനെ ഇന്നു വട്ടമിടുമ്പോൾ പരസ്പരം കണ്ടുമുട്ടാനും സഹവസിക്കാനും,

പങ്കുവയ്ക്കാനും ഒരുമിച്ചു പ്രാർത്ഥിക്കുവാനുമൊക്കെയായി കിട്ടുന്ന കൂട്ടായ്മയുടെ അവസരങ്ങൾ നല്കുന്ന ഞായറാഴ്ച ദിവസത്തെ പ്രതീക്ഷയോടെ മനുഷ്യൻ കാത്തിരിക്കാറുണ്ട്. ഇത്തരുണത്തിൽ ഞായറാഴ്ച ദിനത്തിന്റെ സവിശേഷതയും അതിന്റെ അർത്ഥവും, ലക്ഷ്യവും എപ്രകാരം ആ ദിനം ചെലവഴിക്കണം എന്നും മററും വാഴ്ത്ത. ചാവറയച്ചന്റെ ചാവരുളിന്റെ പശ്ചാത്തലത്തിൽ നോക്കിക്കാണുക ഉപകാരപ്രദമായിരിക്കും. ചാവറ അച്ചൻ എഴുതുന്നു: ''ഞായറാഴ്ച മുതലായ കടമുള്ള ദിവസങ്ങളിൽ അടിയന്തരങ്ങൾ മുതലായതു കഴിക്കുന്നത് വളരെ ദോഷങ്ങൾക്കും, ആത്മനാശങ്ങൾക്കും കാരണമായ ഒരു സംഗതിയാകുന്നു. ഇത് കർത്താവിന്റെ ദിവസമാകുന്നു.'' (ചാവരുൾ പേജ് 10–11) ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം ഒരാഴ്ചയുടെ കേന്ദ്രദിനമാണ് കർത്താവിന്റെ ദിവസമായ ഞായറാഴ്ച. കർത്താവിന്റെ ഈ ദിനത്തെ ''പിശാചിന്റെ ദിവസ'' (ചാവ. പേജ് 11) മാക്കരുതെന്ന് ശക്തിയുക്തം ചാവറയച്ചൻ ഉദ്ബോധിപ്പിക്കുമ്പോൾ എന്തുകൊണ്ടാണ് അദ്ദേഹം ഇതു ഇത്രമാത്രം ഊന്നിപ്പറയുന്നതെന്ന് ചിന്തിക്കേണ്ടതുണ്ട്. കർത്താവിന്റെ ദിവസത്തിന്റെ ദൈവികഭാവം എന്ത്, അതിനാധാരമെന്ത് എന്നുള്ള കാര്യങ്ങളാണ് ഇവിടെ പരിചിന്തന വിഷയമാക്കുന്നത്.

## കർത്താവിന്റെ ദിവസം: പഴയനിയമത്തിൽ

സീനായ് മലമുകളിൽ വെച്ച് തന്റെ ജനമായ ഇസ്രായേലിനോട് ദൈവം ഒരു ഉടമ്പടി ചെയ്തു. ഈ ഉടമ്പടിയുടെ വ്യവസ്ഥകളായി തന്റെ ജനം അനുസരിക്കാൻ കടപ്പെട്ട പത്തുകല്പനകൾ എഴുതി ദൈവം മോശവഴി ഇസ്രായേൽ ജനത്തെ അറിയിച്ചു. ഈ കല്പനകളിൽ മൂന്നാമത്തേതാണ് ''കർത്താവിന്റെ ദിവസം പരിശുദ്ധമായി

ആചരിക്കണം.'' എന്നുള്ളത്. പുറ. 20 : 8 – 11 ൽ നാം വായിക്കുന്നു: സാബത്തു വിശുദ്ധ ദിനമായി ആചരിക്കണമെന്ന് ഓർമ്മിക്കുക. ആറു ദിവസം അദ്ധ്വാനിക്കുക, എല്ലാ ജോലികളും ചെയ്യുക. ഏഴാം ദിവസം നിൻെറ ദൈവമായ കർത്താവിൻെറ സാബത്താണ് ... .... അങ്ങനെ അവിടുന്നു സാബത്തുദിനത്തെ അനുഗ്രഹിക്കുകയും, വിശുദ്ധീകരിക്കുകയും ചെയ്തു.'' പഴയനിയമ പശ്ചാത്തലത്തിൽ ആഴ്ചയുടെ ഏഴാം ദിനമായ സാബത്താണ് ദൈവമായ കർത്താവിൻെറ വിശുദ്ധ ദിനമായി പരിഗണിക്കപ്പെട്ടത്.

## സാബത്ത് : അർത്ഥവും വിശുദ്ധിയും

''ഷബത്'' എന്ന ഹീബ്രു പദത്തിൽ നിന്നാണ് സാബത്ത് എന്ന പദം ഉത്ഭവിക്കുക. വിശ്രമിക്കുക, അവസാനിപ്പിക്കുക, നിർത്തുക തുടങ്ങി പല അർത്ഥങ്ങളും ഈ വാക്കിനുണ്ട്. 'സാബത്ത്'' എന്ന പദം ഉപയോഗിക്കുന്നില്ലെങ്കിലും സാബത്തെന്ന ആശയം ആദ്യം വി. ഗ്രന്ഥത്തിൽ നാം കാണുന്നത് ആദ്യസൃഷ്ടി വിവരണത്തിലാണ് (ഉല്പ. 1 : 1 – 2 : 3). സൃഷ്ടിയുടെ ഈ ആദ്യവിവരണത്തിൽ നിന്ന് 7–ാം ദിവസം തൻെറ ജോലികളെല്ലാം അവസാനിപ്പിച്ച് ദൈവം വിശ്രമിച്ചെന്നും ആ ദിവസത്തെ അനുഗ്രഹിച്ചുവെന്നും, വിശുദ്ധമായി പ്രഖ്യാപിച്ചുവെന്നുമുള്ള (ഉല്പ. 2 : 1 – 3) സാബത്തിൻെറ കാതലായ അംശം നമുക്കു ലഭിക്കുന്നുണ്ട്. ഈ ദിവസത്തിൻെറ സവിശേഷത എന്തെന്ന് ഇസ്രായേൽ ജനത്തിന് ദൈവം വ്യക്തമാക്കിക്കൊടുക്കുന്നതും, ''സാബത്ത്'' എന്നുള്ള ഈ വിശുദ്ധദിനത്തിൻെറ നാമം ലഭ്യമാകുന്നതും ഇസ്രായേൽക്കാർക്കു ''മന്ന'' നല്കുന്ന വേളയിലാണ്. പുറ. 16:23– ൽ നാം വായിക്കുന്നു: ''നാളെ പരിപൂർണ്ണ വിശ്രമത്തിൻെറ

വദിസമാണ്. കർത്താവിൻെറ വിശുദ്ധമായ സാബത്തു ദിനം''. മേലുദ്ധരിച്ചിട്ടുള്ള തിരുവചന ഭാഗങ്ങളെ വിശകലനം ചെയ്യുമ്പോൾ സാബത്ത് അഥവാ കർത്താവിൻെറ ദിനത്തിൻെറ ദൈവീക പരിവേഷം എന്തെന്നു കാണാനാവും. ഈ ദിവസത്തെ സംബന്ധിച്ച ഏററം പ്രധാനപ്പെട്ട സവിശേഷത ദൈവം വിശ്രമിച്ച, ദൈവം ആശീർവ്വദിച്ച അഥവാ അനുഗ്രഹിച്ച, വിശുദ്ധമെന്നു പ്രഖ്യാപിച്ച ദിനമാണ് ഇതെന്നുള്ളതാണ്. സൃഷ്ടിയുടെ അവസാന ദിനമായ ഈ ദിനം സൃഷ്ടിയുടെ അത്യുച്ചിയാണ്.

## സാബത്ത്: ദൈവിക സാന്നിദ്ധ്യത്തിൻെറ ദിനം

സാബത്തിനെക്കുറിച്ചു ചിന്തിക്കുമ്പോൾ ഇവിടുത്തെ ശ്രദ്ധാവിഷയം അഥവാ കേന്ദ്രബിന്ദു ദൈവംതന്നെയാണ്. 7—ാം ദിനത്തിൽ വിശ്രമിച്ചതും; ആ ദിനത്തെ അനുഗ്രഹിച്ചതും, വിശുദ്ധമായി പ്രഖ്യാപിച്ചതും, വിശുദ്ധമായി ആചരിക്കുവാൻ കല്പിച്ചതും ദൈവംതന്നെയാണ്. ഈ ദിനത്തെ തൻെറ നാമത്തിൻെറ ബഹുമാനത്തിനായി അവിടുന്നുതന്നെ വിശുദ്ധീകരിച്ചു. ദൈവീകസാന്നിദ്ധ്യത്തിൻെറ ഉറപ്പ് പ്രത്യേകമായി ലഭിച്ച ഈ ദിവസം അതിനാൽ ദൈവീകസാന്നിദ്ധ്യത്തിൽ ആയിരിക്കുവാനും, ദൈവത്തിനായി മാററിവയ്ക്കുവാനുമായി മനുഷ്യന് ദൈവം നല്കിയ ഒരു ദിനമാണ്. നിത്യതയിൽ സംഭവിക്കാനിരിക്കുന്ന ദൈവത്തോടുകൂടിയുള്ള വാസത്തിന് ഒരു മുൻ ആസ്വാദനം!

## കൗദാശികമാനം

ദൈവം വിശുദ്ധീകരിച്ച ദിനമെന്ന നിലയിൽ, സാബത്തിന് കൗദാശികമായ ഒരു അർത്ഥം നല്കാനാവും. മനുഷ്യൻെറ വിശുദ്ധീകരണത്തിനായി, ദൈവം നല്കിയ

ഉപാധികളാണല്ലോ കൂദാശകൾ. ഈ അർത്ഥത്തിൽ മനുഷ്യനുവേണ്ടി ദൈവം വിശുദ്ധീകരിച്ചു, ആശീർവ്വദിച്ചു മാററിവച്ചിരിക്കുന്ന സാബത്തുദിനത്തിൻെറ ആചരണം ദൈവകൃപ ലഭ്യമാകുവാനുള്ള ദൈവനിശ്ചിതമായ ഒരു ദിനമാണ്. ഇതുവഴി ദൈവവുമായുള്ള ഐക്യത്തിലേയ്ക്ക് വരുവാനും സാധിക്കും. പുറപ്പാട് 31: 13—ൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: ''നിങ്ങൾ എൻെറ സാബത്ത് സൂക്ഷ്മമായി ആചരിക്കണം. എന്തെന്നാൽ കർത്താവായ ഞാനാണ് നിങ്ങളെ വിശുദ്ധീകരിക്കുന്നതെന്ന് നിങ്ങൾ അറിയാൻ വേണ്ടി ഇത് എനിക്കും നിങ്ങൾക്കും മദ്ധ്യേ ഒരു അടയാളമായിരിക്കും. നിങ്ങൾ സാബത്ത് ആചരിക്കണം, കാരണം അതു നിങ്ങൾക്കു വിശുദ്ധമായ ഒരു ദിവസമാണ്....'' തിരുവചനമനുസരിച്ച് ദൈവവും ഇസ്രായേൽ ജനവുമായുള്ള ബന്ധത്തിൻെറ നിത്യമായ ഒരു അടയാളമാണിത്. ഓരോ സാബത്താചരണവും അതിനാൽ ദൈവത്തിൻെറ ഉടമ്പടിയുടെ യാഥാർത്ഥ്യവല്ക്കരണത്തിൻേയും, ദൈവത്തിൻെറ കൃപാവരാനുഭവത്തിൻേറയും അനുസ്മരണവും ആചരണവുമാണ്. ഈ വിധത്തിൽ സാബത്ത് വിശുദ്ധമായ ഒരു ദിനമാണ്, വിശുദ്ധിയെ സാക്ഷാത്ക്കരിക്കുന്നതിനുള്ള ദിവസമാണ്.

## സാബത്ത് സൃഷ്ടിയുടെ അനുസ്മരണം

സാബത്ത് ഒരു അടയാളമായിരിക്കുന്നതോടൊപ്പം അനുസ്മരണവും കൂടിയാണ്. ദൈവം ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചതിൻെറ അനുസ്മരണം. ദൈവമാണ് ഈ പ്രപഞ്ചത്തിൻെറ സ്രഷ്ടാവെന്നും നായകനെന്നുമുള്ള സത്യം ഈ ആചരണം വഴി അംഗീകരിക്കുന്നു. മാത്രമല്ല, ദൈവം സ്രഷ്ടാവാണെങ്കിൽ നാമവിടുത്തെ സൃഷ്ടികളാണെന്നു വ്യക്തമാകുകയാണ്. അതിനാൽ നമ്മുടെ നിസ്സാ

രതയെ അംഗീകരിക്കുന്നതിനുള്ള ഒരു ദിനമാണിത്. അതോടൊപ്പം ഈ പ്രപഞ്ചവും അതിന്മേലുള്ള നമ്മുടെ അധികാരവും ദൈവത്താൽ നല്കപ്പെട്ടതാണെന്ന സത്യം അംഗീകരിക്കാനും, സൃഷ്ടപ്രപഞ്ചത്തെ ദൈവത്തിന്റെ ഹിതത്തിനനുസരിച്ച് വിനിയോഗിക്കാനുമുള്ള ബാദ്ധ്യതയും ഇതുവഴി നമുക്കു കൈവരുന്നു. ദൈവമാണ് ഉടമസ്ഥൻ. നാം കാര്യസ്ഥർ മാത്രം. സൃഷ്ടി മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ ദാനമാണ്. ഈ ദാനത്തിന് ദാതാവിന് നന്ദി പറയുവാനുള്ള, നന്ദിയുടെ ദിനമാണ് സാബത്ത്.

സൃഷ്ടി, ദൈവത്തിന്റെ മനുഷ്യനുവേണ്ടിയുള്ള ദാനമാണെങ്കിൽ ആ ദാനം ഒരു ചുമതല കൂടി ഉൾപ്പെടുന്നതാണ്. ദൈവം തന്ന ദാനം ദാതാവിന്റെ ഇംഗിതമനുസരിച്ച് വിനിയോഗിക്കാനുള്ള ചുമതല. ഈ ദാനത്തെ ദുരുപയോഗിക്കുവാൻ, അനർഹമായി കയ്യടക്കിവെയ്ക്കുവാൻ ആർക്കും അവകാശമില്ല. ഇവിടെയാണ് നീതി എന്ന മൂല്യത്തിന്റെ അർത്ഥം സ്പഷ്ടമാവുക. സാബത്ത് സൃഷ്ടിയുടെ അനുസ്മരണമാണെങ്കിൽ സ്രഷ്ടാവിനോടു സഹകരിച്ചുകൊണ്ട് ഉത്തരവാദിത്വമുള്ള സഹസ്രഷ്ടാക്കളാകാനുള്ള ഒരു അനുസ്മരണവും ലഭ്യമാക്കുന്നുണ്ട്. ഇവിടെയാണ് അദ്ധ്വാനത്തിന്റെമൂല്യം, പ്രാധാന്യം കാണേണ്ടത്.

## നവീകരണദിനം

കർത്താവിന്റെ ദിനമായ സാബത്തു വിശ്രമത്തിന്റെ ദിവസമായിരിക്കുന്നതോടൊപ്പം അതു നവീകരണത്തിന്റേയും, പുനഃരവലോകനത്തിന്റേയും ദിനമാണ്. 7—ാം ദിവസം വിശ്രമിച്ച ദൈവം താൻ സൃഷ്ടിച്ചതെല്ലാം നല്ലതായി കണ്ടു. ആഴ്ചയുടെ അവസാനദിവസം പിന്നിലേയ്ക്കു തിരിഞ്ഞുനോക്കിക്കൊണ്ട് സ്വയം വിലയിരുത്തുവാനും സൃഷ്ടാവിനോട് എപ്രകാരം സഹകരിച്ചുവെന്നു കണ്ടെത്താനും സാധിക്കേണ്ട ദിനമാണത്. മാത്രമല്ല, സൃഷ്ടി

യിൽ മറഞ്ഞിരിക്കുന്ന ദൈവത്തിൻെറ നന്മയെ കണ്ടെത്താനും, മനസിലാക്കാനും ഈ ദിനം സഹായിക്കുന്നു. യഹൂദ ദാർശനികന്മാരായിരുന്ന ഫിലോയും, ജോസേഫൂസും പറയുന്നതുപോലെ ആദ്ധ്യാത്മികവും, ബൗദ്ധീകവുമായ ഉന്നമനത്തിനുള്ള അവസരമാണിത്. 7—ാം ദിവസം വിശ്രമിച്ച, ധ്യാനാത്മകമായി ചെലവഴിച്ച ദൈവത്തെ അനുകരിക്കാനുള്ള ദിനം.

## സാക്ഷാത്ക്കാരദിനം

ജോലിയിൽ നിന്നുള്ള വിരമിക്കൽ സാബത്തിൻെറ ഒരു വശമേ ആകുന്നുള്ളൂ. ഇത് ഉൾക്കൊള്ളുന്ന മറെറാരു യാഥാർത്ഥ്യം പ്രപഞ്ചത്തിന്മേലുള്ള മനുഷ്യൻെറ ആധിപത്യത്തെ പരിത്യജിച്ച്, പ്രപഞ്ചവസ്തുക്കളിൽ നിന്ന് പ്രതിനിവർത്തിച്ച്, നിസ്സംഗനായി ദൈവത്തിൽ ആശ്രയിക്കുക എന്നതാണ്. ആറു ദിവസം തൻെറ ഉപജീവനത്തിനായി മനുഷ്യൻ അദ്ധ്വാനിച്ചു. തനിക്കുവേണ്ടി സമ്പാദിച്ചു. എന്നാൽ ഈ 7—ാംദിനം അവൻ ഒന്നും സമ്പാദിക്കുന്നില്ല. ഒന്നും നേടുന്നില്ല. ഭൗതീകമായി അവൻ ഒന്നുമല്ല, അവന് ഒന്നുമില്ല, ശൂന്യം. ഈ ദിനത്തിൽ തൻെറ ജീവസന്ധാരണത്തിനായി പരിപൂർണ്ണമായും അവൻ ആശ്രയിക്കുക ദൈവത്തിലാണ്. മററുവാക്കിൽ, ദൈവഹിതം നിറവേററാനായി അവൻ ഒന്നുമല്ലാതായിത്തീരുകയാണ്. കുറച്ചുകൂടി ആഴമായി ചിന്തിച്ചാൽ ദൈവത്തെക്കൊണ്ടു സ്വയം നിറയ്ക്കാൻ ദൈവമല്ലാത്ത എല്ലാത്തിൽ നിന്നും, തന്നിൽ നിന്നുപോലും വിടുതൽ പ്രാപിക്കുകയാണ്. അതിനാൽ ഇതു 'സ്വയം ശൂന്യവൽക്കരണ'ത്തിൻെറ ദിവസമാകുന്നതോടൊപ്പം സാക്ഷാത്ക്കാരത്തിൻെറ ദിവസം കൂടിയാവുകയാണ്. ദൈവത്തെക്കൊണ്ടു നിറയുന്നതിൻെറ ദിനം. ഈ നിറവിൻെറ അനുഭവത്തോടെയാണവർ പുതിയ ആഴ്ചയിലേയ്ക്കു പ്രവേശിക്കുക... ...

# ദൈവീക വെളിപാടിൻെറ അനുസ്മരണം

സാബത്ത് സൃഷ്ടിയുടെ അനുസ്മരണമായിരിക്കുന്നതോടൊപ്പം അത് ദൈവത്തിൻെറ വെളിപ്പെടുത്തലിൻേറയും അനുസ്മരണമാണ്. കാരണം, ദൈവം തന്നെത്തന്നെ സ്വയം വെളിപ്പെടുത്തിയത് സൃഷ്ടിയിലൂടെയാണ്. തൻെറ വചനത്തിലൂടെയാണ് ദൈവം സൃഷ്ടിച്ചത്. വചനമെന്നത് ഒരുവൻെറ അസ്തിത്വത്തിൻേറയും വ്യക്തിത്വത്തിൻേറയും പ്രകാശനമാണ്. അതേ സമയം വാക്ക് വ്യക്തിയുടെ പൂർണ്ണമായ ആവിഷ്കാരമല്ല. വാക്കിൻെറ പിന്നിൽ ആ വ്യക്തിത്വം മറഞ്ഞിരിക്കുന്നു. തൻെറ വചനത്തിലൂടെ ദൈവം ലോകത്തെ സൃഷ്ടിച്ചപ്പോൾ തൻെറ വ്യക്തിത്വത്തെ വെളിപ്പെടുത്തുകയായിരുന്നു.

എന്തുകൊണ്ടാണ് ദൈവം സൃഷ്ടിയിലൂടെ തന്നെത്തന്നെ വെളിപ്പെടുത്തിയിട്ടും മറഞ്ഞിരിക്കുന്നത് എന്ന ചോദ്യമിവിടെ ഉദിക്കുന്നു. അതിനുള്ള ഉത്തരം ഒരു ഉദാഹരണം വഴി വ്യക്തമാക്കാം. സൂര്യൻ നമുക്കു പ്രകാശം നല്കുന്ന ഗോളമാണ്. എന്നാൽ അത്യുജ്ജ്വലമായി ജ്വലിച്ചു നില്ക്കുന്ന മദ്ധ്യാഹ്ന സൂര്യനെ നോക്കിയാൽ കണ്ണുകൾക്കു അന്ധകാരമാണനുഭവപ്പെടുക. കാരണം, നമ്മുടെ കണ്ണുകൾക്ക് അത്യധികമായ ആ പ്രകാശത്തെ ഉൾക്കൊള്ളുവാനുള്ള കഴിവില്ല. എന്നു പറഞ്ഞതുപോലെയാണ് ദൈവം. സൃഷ്ടിയായ മനുഷ്യന് സ്രഷ്ടാവായ ദൈവത്തെ പൂർണ്ണമായി ഉൾക്കൊള്ളാൻ സാധ്യമല്ല. പുറപ്പാട് 33: 17 – 23 ൽ ഇപ്രകാരം കാണുന്നു: കർത്താവു മോശയോടു പറയുന്നു: ''നീ എൻെറ മുഖം കണ്ടുകൂടാ എന്തെന്നാൽ എന്നെ കാണുന്ന ഒരു മനുഷ്യനും ജീവനോടെയിരിക്കില്ല............ ഞാൻ കടന്നു പോകുമ്പോൾ എൻെറ കൈകൊണ്ടു നിന്നെ മറയ്ക്കും''. ആഴത്തിൽ ചിന്തിച്ചാൽ വ്യക്തമാകും സൃഷ്ടിയെന്നത് ഒരേ സമയം ദൈവീക

ഹത്വത്തിൻെറ പ്രകാശനമാണ്. അതേസമയം പൂർണ്ണമായ ആ മഹത്വത്തെ മനുഷ്യദൃഷ്ടിയിൽ നിന്നു മറയ്ക്കുന്ന ഒരു മൂടുപടവുമാണ്. കർത്താവിൻെറ ദിനമായസാബത്ത് വിശ്രമത്തിൻെറ ദിവസമായിരിക്കുന്നതോടൊപ്പം സൃഷ്ടിയുടെ പിന്നിൽ മറഞ്ഞിരിക്കുന്ന, സൃഷ്ടിയിലൂടെ വെളിവായ ദൈവികമഹത്വത്തെ ധ്യാനാത്മകമായി കണ്ടെത്തുന്നതിനും, അനുഭവിച്ചറിയുന്നതിനുമുള്ള അവസരമാണ്.

## രക്ഷയുടെ അനുസ്മരണം

സാബത്ത് സൃഷ്ടിയുടെ അനുസ്മരണ മായിരിക്കുന്നതുപോലെ തന്നെ അതു തെരഞ്ഞെടുക്കപ്പെട്ട ജനത്തിൻെറ രക്ഷയുടേയും അനുസ്മ...ണമാണ്. ഈജിപ്തിലെ അടിമത്തത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട ജനം വിമോചിതമായതിൻെറ ഓർമ്മദിനം. നിയമാ. 5: 15— ൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: ''നീ ഈജിപ്തിൽ ദാസനായിരുന്നുവെന്നും, നിൻെറ ദൈവമായ കർത്താവ് തൻെറ കരുത്തുററ കരം നീട്ടി അവിടെനിന്ന് നിന്നെ മോചിപ്പിച്ചു കൊണ്ടുവന്നുവെന്നും ഓർമ്മിക്കുക. അതുകൊണ്ട് സാബത്തുദിനം ആചരിക്കാൻ അവിടുന്നു നിന്നോടു കല്പിച്ചിരിക്കുന്നു''. സാബത്താചരണത്തിന് സാമൂഹികവും, ചരിത്രപരവുമായ ഒരു വിശദീകരണമാണ് ഇവിടെ നല്കപ്പെടുക. രക്ഷിക്കപ്പെട്ടജനം, ആ രക്ഷയെ ആഴ്ചതോറും അനുസ്മരിക്കുന്ന, ആചരിക്കുന്ന അടയാള ദിനമാണിത്. ദൈവത്തിൻെറ പരിപാലനയും മഹത്വവും ജനത്തെ സംബന്ധിച്ച് ഒരു യാഥാർത്ഥ്യവും ഹൃദയസ്പർശിയായ ഒരു അനുഭവവുമായിത്തീർന്നത് പുറപ്പാട് സംഭവത്തിലൂടെയാണല്ലോ. കർത്താവ് ആരാണെന്ന് ജനം മനസ്സിലാക്കി, വിശ്വസിച്ചു. ദൈവത്തിൻെറ വചനങ്ങളിൽ അവർ വിശ്വാസമർപ്പിച്ചു. അവിടുത്തെ വിശ്വസ്തത അവർ മനസ്സിലാക്കി. ഈജിപ്തുകാരെ നശിപ്പിച്ച് തങ്ങളെ രക്ഷിച്ച കർത്താവിൻെറ കരം ദർശിച്ചപ്പോഠം യാഹ്വേയാണ്

യഥാർത്ഥ ദൈവമെന്ന് അവർ മനസ്സിലാക്കി. യാഹ്വേയുടെ ദൈവത്വത്തെ അവർ അംഗീകരിച്ചു. യഥാർത്ഥ ദൈവമായ യാഹ്വേ ചരിത്രത്തിലൂടെ വെളിപ്പെടുത്തുന്ന, ചരിത്രനായകനായ, സൃഷ്ട പ്രപഞ്ചത്തിന്മേൽ അധികാരമുള്ളവനായ, തൻെറ മനോധർമ്മംപോലെ അവയെ ഉപയോഗിക്കുവാൻ ശക്തനായ, ഫറവോയേയും അവൻെറ സൈന്യത്തേയുംകാൾ ശക്തനായ രാജാവായ ദൈവമാണെന്നവർ മനസ്സിലാക്കി.

## യുഗാന്ത്യോന്മുഖമാനം

യഹൂദ വിശ്വാസമനുസരിച്ച് വരാനിരിക്കുന്ന മെസയാനിക യുഗത്തിൻെറ, നിത്യതയുടെ ഒരു മുന്നാസ്വാദനം കൂടിയാണ് സാബത്ത് അനുഭവം. ലേവ്യർ 23: 3 ൽ നാം വായിക്കുന്നു: ''ആറു ദിവസം നിങ്ങൾ ജോലി ചെയ്യണം. ഏഴാം ദിവസം സമ്പൂർണ്ണ വിശ്രമത്തിനും വിശുദ്ധ സമ്മേളനത്തിനുമുള്ള സാബത്താണ്. അന്നു നിങ്ങൾ ഒരു ജോലിയും ചെയ്യരുത്. നിങ്ങളുടെ സകല വാസസ്ഥലങ്ങളിലും കർത്താവിൻെറ സാബത്താണ്''. യഹൂദ മതാചാര്യൻമാരുടെ വ്യാഖ്യാനമനുസരിച്ച് തങ്ങളുടെ ഭവനങ്ങളിൽ കർത്താവു വിശ്രമിക്കുന്ന ദിവസമാണ് സാബത്ത്. ദൈവം വസിക്കുന്ന, വിശ്രമം കൊള്ളുന്ന സ്ഥലമാണല്ലോ സ്വർഗ്ഗം. ദൈവത്തിൻെറ വാസസ്ഥലമായി സ്വഭവനങ്ങളെ എന്നല്ല, സ്വഹൃദയത്തെത്തന്നെ പ്രതിഷ്ഠിക്കുന്ന ദിനമാണത്. ദൈവത്തോടു കൂടി ശാന്തമായി, സ്വസ്ഥമായി വസിക്കുന്ന ദിനം. സ്വർഗ്ഗത്തിൽ അദ്ധ്വാനമില്ല, കഷ്ടപ്പാടില്ല, വിയർപ്പില്ല, വേദനയോ, ഉത്കണ്ഠയോ ഇല്ല എന്നു പറഞ്ഞതുപോലെ അദ്ധ്വാനമില്ലാത്ത, വിയർപ്പില്ലാത്ത ഈ ദിനം ദൈവത്തെ സ്വവാസ നികേതത്തിൽ കുടിയിരുത്തുന്ന ഈ ദിനം, സ്വർഗ്ഗീയമായ അനുഭവമാണു നല്കുക, മററുവാക്കിൽ ''നിത്യത''യിൽ അനുഭവേ

ഘേദ്യമാകുന്നവ, 'സമയ'ത്തിൽ സാക്ഷാത്ക്കരിക്കാനുള്ള, അനുഭവിക്കാനുള്ള ദിനമാണത്. അതുകൊണ്ടു തന്നെ ഈ ദിനം സന്തോഷത്തിൻെറ, ഹൃദയസമാധാനത്തിൻെറ, സൗഹൃദത്തിൻെറ ഒരനുഭവം മനുഷ്യഹൃദയങ്ങൾക്കു പ്രദാനം ചെയ്യും. ദൈവവുമായും, സഹജരുമായും, പ്രപഞ്ചവുമായും സഹവാസത്തിലും സൗഹൃദത്തിലും കഴിയുന്ന ദിനം. (a day of harmony and peace).

## സാബത്ത് : പുതിയനിയമത്തിൽ

സാബത്തിൻെറ മേല്പറഞ്ഞ അർത്ഥങ്ങളെ നിലനിർത്തിക്കൊണ്ടുതന്നെ, അതിന് നൂതനമായ ഒരു അർത്ഥം ദൈവപുത്രനായ മിശിഹാ നല്കുന്നുണ്ട്. അവിടുന്നു പറയുന്നു: സാബത്തു നന്മ ചെയ്യുന്നതിനു വേണ്ടിയുള്ളതാണെന്ന്''. (ലൂക്കാ. 6 : 9) സാബത്തുനിയമം, നിയമപാലനത്തിനു വേണ്ടിയല്ല, പിന്നെയോ, ''നല്ലവനായ'' ദൈവത്തിൻെറ ''നന്മയെ'' ലോകസമക്ഷം വെളിപ്പെടുത്തി കൊടുക്കുന്നതിനു വേണ്ടിയുള്ളതാണ്. സാബത്തു ദിനത്തിൽ ഈശോ ചെയ്ത ഓരോ അത്ഭുതപ്രവൃത്തിയും, രോഗശാന്തിയും ഈ സത്യത്തെ വ്യക്തമാക്കുന്നതായിരുന്നു. ''നിയമത്തെയോ പ്രവാചകന്മാരെയോ ഇല്ലാതാക്കാനല്ല, പൂർത്തിയാക്കാൻ വന്ന മിശിഹാ'' സാബത്ത് എന്ന ദൈവീകനിയമവും സ്നേഹത്തിൽ നിന്നുരുത്തിരിഞ്ഞ നന്മ, പ്രവർത്തിയിൽ പൂർത്തീകരിച്ചു. ''ജീവൻ രക്ഷിക്കുക'' അഥവാ ''ജീവൻ നല്കുക'' എന്ന ഏററം ഉന്നതമായ ദൈവികപ്രവൃത്തിയുടെ ഭാഗമായിട്ടാണ് സാബത്തിലെ രോഗശാന്തികളെ ഈശോതന്നെയും വ്യാഖ്യാനിച്ചത്. (മർക്കോ. 3 : 4) ചുരുക്കത്തിൽ സൃഷ്ടികർമ്മത്തിലൂടെ ദൈവത്തിൻെറ ജീവനും, നന്മയും, സ്നേഹവും പ്രപഞ്ചത്തിൽ വെളിവാക്കിയതിൻേറയും, പുറപ്പാടുസംഭവത്തിലൂടെ അടിമത്വത്തിൽ കഴിഞ്ഞിരുന്ന ജനത്തിന് സ്വാതന്ത്ര്യവും, പുതുജീവനും നല്കിയതിൻേറയും അട

യാളമായ സാബത്തിനെ മററുള്ളവരുടെ ജീവനെ രക്ഷിക്കുന്ന, പരിപോഷിപ്പിക്കുന്ന നന്മ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള ദിനമാക്കി, പരിണമിപ്പിച്ചുകൊണ്ട് മിശിഹാ സാബത്തിന് പുതിയൊരു അർത്ഥം നല്കി, നിയമത്തെ പൂർത്തീകരിച്ചു.

## കർത്താവിന്റെ ദിനം - പുതിയ നിയമത്തിൽ

യഹൂദപശ്ചാത്തലത്തിൽ കർത്താവിന്റെ ദിനം സാബത്താണെങ്കിൽ ക്രൈസ്തവ പശ്ചാത്തലത്തിൽ അതു ഞായറാഴ്ചയാണ്. സാബത്തുദിനത്തിന്റെ മേല്പറഞ്ഞിട്ടുള്ള അർത്ഥവും വിശുദ്ധിയും അണുവിട വ്യത്യാസമില്ലാതെ ഞായറാഴ്ച ദിനത്തെ സംബന്ധിച്ചും പ്രസക്തമാണ്, ബാധകമാണ്. എന്നാൽ അതുമാത്രമല്ല, ഞായറാഴ്ചയുടെ സവിശേഷത. ഇസ്രായേൽ ജനം പ്രതീക്ഷിച്ച മെസയാനികയുഗം ഇവിടെ ആരംഭിക്കുകയാണ്. ആഴ്ചയുടെ 7—ാം ദിനം ഇസ്രായേൽ കർത്താവിന്റെ ദിനമായി ആചരിച്ചെങ്കിൽ, ആഴ്ച്ചയുടെ ആദ്യദിനം, മൃതരിൽ നിന്ന് ഉത്ഥാനംചെയ്ത മിശിഹാ തന്നിലൂടെ സമാരംഭിച്ച പുതിയ സൃഷ്ടിയുടെ, തന്നിലൂടെ കൈവന്ന രക്ഷയുടെ പുതിയയുഗത്തിന്റെ ആദ്യദിനമായി ഞായറാഴ്ചയെ രൂപാന്തരപ്പെടുത്തി. ദൈവത്തിന്റെ വെളിപ്പെടുത്തലിന്റെ അത്യുച്ചിയാണത്. അവിടുത്തെ രക്ഷാകര പ്രവൃത്തിയുടെ സമുന്നതമായ പ്രകാശന ദിനവും.

ഇവിടെ എടുത്തുപറയേണ്ട ഒരു പ്രധാന കാര്യം ''കർത്താവിന്റെ ദിനം'' ശനിയോ, ഞായറോ എന്നതല്ല, 'ആർക്കായി' 'എന്തിനായി' അതു മാററിവയ്ക്കപ്പെട്ടു എന്നതാണു പ്രസക്തമായ വസ്തുത. കർത്താവിന്റെ ദിവസമായി കരുതുന്ന, കർത്താവിനായി മാററിവയ്ക്കപ്പെട്ട ദിനമെന്ന നിലയിലാണ് ഈ ദിവസത്തിന് പ്രാധാന്യം

നല്കപ്പെടുന്നത്. നമുക്കറിയാവുന്നതുപോലെ ദൈവാലയവും, ദൈവാലയത്തിലെ വി.ബലിയർപ്പണത്തിനായുള്ള വസ്തുക്കളും ദൈവത്തിനായി മാററിവയ്ക്കപ്പെട്ടതും, പ്രതിഷ്ഠിതവുമെന്ന നിലയിൽ അതു ദൈവത്തിനുള്ളതാണ്, ദൈവീകകാര്യങ്ങൾക്കായി മാററിവയ്ക്കപ്പെട്ടതാണ്. അത് മററു സാധാരണ ജീവിതാവശ്യങ്ങൾക്കായി ഉപയോഗിക്കാറില്ല. എന്നു പറഞ്ഞതുപോലെയാണ് കർത്താവിന്റെ ദിവസവും കർത്താവിന്റെ മഹത്വത്തെ ഏററുപറയുന്നതിനും, അവിടുത്തെ നന്മകളെ അനുസ്മരിക്കുന്നതിനും, അവിടുത്തെ സൃഷ്ടിവൈഭവവും, രക്ഷാകർമ്മവും, മിശിഹായിലൂടെ സംജാതമാക്കിയ രക്ഷയും എല്ലാം അനുസ്മരിക്കുന്നതിനും, കൃതജ്ഞതയുടെയും ആരാധനയുടേതുമായ ഹൃദയവികാരങ്ങളെ ദൈവസന്നിധിയിൽ അർപ്പിക്കുന്നതിനും അങ്ങനെ ദൈവിക ശുശ്രൂഷയ്ക്കായി മാററി വയ്ക്കപ്പെട്ടതുമായ ദിനമാണ് കർത്താവിന്റെദിനം.

## കർത്താവിന്റെ ദിനാചരണം ചാവറ ദൃഷ്ടിയിൽ

ചാവറയച്ചന്റെ ഞായറാഴ്ച ആചരണത്തെക്കുറിച്ചുള്ള വാക്കുകളുടെ ആന്തരീകാർത്ഥം നമുക്കു മനസിലാകുകമേല്പറഞ്ഞിട്ടുള്ള അതിന്റെ വിശാലമായ അർത്ഥത്തിന്റെ പശ്ചാത്തലത്തിലാണ്. അദ്ദേഹം പറയുന്നു:

'ഞായറാഴ്ച മുതലായ കടമുള്ള ദിവസങ്ങളിൽ അടിയന്തരങ്ങൾ മുതലായത് കഴിക്കുന്നത് വളരെ ദോഷങ്ങൾക്കും, ആത്മനാശങ്ങൾക്കും കാരണമായ ഒരു സംഗതിയാകുന്നു. ഇത് കർത്താവിന്റെ ദിവസമാകുന്നു. ഇത് പിശാചിന്റെ ദിവസമാകുന്നതിന് കണ്ടെത്തിയ ഒരു സൂത്രമാകുന്നു.'

(ചാവരുൾ പേജ് 10 – 11)

കർത്താവിനായി മാററിവയ്ക്കപ്പെട്ട ദിനത്തെ മനുഷ്യൻെറ താല്പര്യാനുസരണം ആഘോഷങ്ങളും ആർഭാടങ്ങളുമായി ചെലവഴിക്കുമ്പോഠം ദൈവീകപ്രമാണത്തെത്തന്നെ ലംഘിക്കുകയാണു ചെയ്യുക. ആഘോഷാവസരം മാത്രമല്ല, 'വീട്ടിൽ വല്ലവരും മരിച്ചാൽപ്പോലും അത്യാവശ്യം കൂടാതെ, സ്വന്ത ആത്മകാര്യം ഉപേക്ഷിക്കുന്നതും, കടമുള്ള ദിവസങ്ങളിൽ പള്ളിയിൽ പോകാതിരിക്കുന്നതും ദൈവത്താലും, വിശുദ്ധ പള്ളിയാലും ശപിക്കപ്പെട്ട ദുർമ്മര്യാദയാകുന്നു' (ചാവരുൾ പേജ് 11) എന്നാണ് അദ്ദേഹം പറയുക. ചാവറയച്ചൻെറ വാക്കുകളിൽ പ്രതിധ്വനിക്കുന്ന കാര്യമിതാണ്: കർത്താവിൻെറ ദിനം വിശുദ്ധമായി ആചരിക്കുക എന്നത് കർത്താവിൻെറ ഹിതമാണ്. ലോകാന്ത്യം വരെ നിലനില്ക്കേണ്ട ദൈവീകമായ കല്പനയാണത്. ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും മുഴുവൻ കുർബാനയിൽ പങ്കുകൊള്ളണമെന്നും വിലക്കപ്പെട്ട വേലകഠം ആ ദിവസങ്ങളിൽ ചെയ്യരുതെന്നും, 'കർത്താവിൻെറദിവസം പരിശുദ്ധമായി ആചരിക്കണമെന്ന' ദൈവീകകല്പനയുടെ ചുവടുപിടിച്ച് തിരുസ്സഭ കല്പിക്കുന്നതും അതിനാലാണ്. ഈ കല്പനയുടെ അനുസരണം ഏതൊരു വിശ്വാസിയുടേയും എന്നല്ലാ, മനുഷ്യകുടുംബം മുഴുവൻേറയും വിശുദ്ധീകരണത്തിനും നന്മയ്ക്കും ആവശ്യമാണ്. ഇതു ലംഘിക്കുമ്പോഠം ദൈവത്തിന് നല്കേണ്ട പ്രഥമസ്ഥാനം നല്കപ്പെടാതെ പോവുകയാണെന്ന വസ്തുതയും ഇവിടെ വെളിവാകുന്നു. മാത്രമല്ല, ദൈവത്തിനുള്ളതു ദൈവത്തിനു നല്കാതെ, മാനുഷികമായ ആഘോഷവും ആർഭാടവുമായി കഴിയുന്നവർ സ്വയം ദൈവശാപം ഏററുവാങ്ങുകയുമാണ്. മനുഷ്യൻ ദൈവത്തിനു നല്കേണ്ട സ്ഥാനം— ഏററം പരമോന്നതസ്ഥാനം — നല്കാതെ പോയതാണല്ലോ ആദ്യപാപം തന്നെ. ഇത് പിശാചിൻെറ പ്രലോഭനമാണ്. സൂത്രക്കാരനായ പിശാച് ദൈവത്തിൽനിന്നും മനുഷ്യനെ പിന്തിരിപ്പിക്കാൻ നോക്കുന്ന ഉപാധികളാണവ. അതുകൊ

ങ്ങാണ് മരണവീട്ടിൽ ഉള്ളവർപോലും അത്യാവശ്യമില്ലാതെ ഈ ദൈവീകനിയമത്തെ ലംഘിക്കരുതെന്ന് അദ്ദേഹം ഉദ്ബോധിപ്പിക്കുക.

ദൈവത്തിന്റെ കൃപകൾക്കു നന്ദിയർപ്പിക്കേണ്ട ഈ ദിനം ഏററം വലിയ നന്ദി പ്രകാശനമായ വി. കുർബാനയിൽ പങ്കുകൊണ്ട് ചെലവഴിക്കണം എന്നു പറയുന്ന ചാവറയച്ചൻ, ആ ദിനത്തിന്റെ പരിശുദ്ധിയ്ക്കനുസൃതമായി ജീവിക്കുവാൻ അതുകൊണ്ടുമാത്രം തൃപ്തിപ്പെടാൻ സമ്മതിക്കുന്നില്ല. അദ്ദേഹം പറയുന്നു:

> ''കടമുള്ള ദിവസങ്ങളിൽ കുർബാന കണ്ടതുകൊണ്ടു മാത്രം മതിയാകാതെ ദിവസത്തിന്റെ വലിയ പങ്കും പ്രസംഗം കേൾക്ക, നല്ല പുസ്തകങ്ങൾ വായിക്ക മുതലായ സൽക്കർമ്മങ്ങളിലും, രോഗികളെ പ്രത്യേകം സാധുക്കളായ ദീനക്കാരെ ചെന്നു കണ്ട് അവർക്ക് ശുശ്രൂഷ ചെയ്യുന്നതിലും ചില വഴിക്ക''. (ചാവരുൾ പേജ് 20)

മുൻപ് സൂചിപ്പിച്ചതുപോലെ കർത്താവിന്റെ ദിനം നന്മ ചെയ്യുന്നതിന്, ആത്മീയനവീകരണത്തിന്, ദൈവത്തിന്റെ മഹത്പ്രവർത്തികളെക്കുറിച്ചു ധ്യാനിക്കുന്നതിന്, ചിന്തിക്കുന്നതിന് ഒക്കെയുള്ള ദിവസമാണ്. ദൈവത്തോടുകൂടി വസിച്ച്, അവിടുത്തോടുകൂടി ചരിച്ച്, അവിടുത്തെ ചൈതന്യത്തിൽ അന്യരെ ശുശ്രൂഷിച്ച് ദൈവീകനന്മയുടെ, ജീവന്റെ ചൈതന്യം അനുഭവിക്കുവാനും, പങ്കുവയ്ക്കുവാനുമുള്ള ദിനമാണത്.

## ഉപസംഹാരം

കർത്താവന്റെ ദിനാചരണത്തിന് പഴയനിയമത്തിലും, പുതിയനിയമത്തിലും ആഴമായ അർത്ഥമാണുള്ളത്.

അത് ദൈവത്തിൻെറ ഹിതവും, ദൈവോന്മുഖ – പരോന്മുഖ ജീവിതത്തിനുള്ള ആഹ്വാനവുമാണ്. ദൈവം മനുഷ്യവർഗ്ഗത്തിനുവേണ്ടി ചെയ്തവയെ അനുസ്മരിക്കുവാൻ ദൈവത്തിന് മനുഷ്യനോടുള്ള സ്നേഹത്തിന് നന്ദിപറയുവാൻ, ദൈവത്തിൻെറ സാന്നിദ്ധ്യത്തിലും സഹവാസത്തിലും ജീവിക്കുവാൻ, ദൈവികസാന്നിദ്ധ്യത്തിൻെറ മുമ്പിൽ സ്വയം വിലയിരുത്തുവാൻ, ദൈവികചൈതന്യത്താൽ നിറഞ്ഞവരായി അന്യർക്കു നന്മ ചെയ്യാൻ, എല്ലാററിലുമുപരി ദൈവത്തിന് ജീവിതത്തിൽ പ്രഥമസ്ഥാനം നല്കാൻവേണ്ടി ദൈവം ദാനമായി നല്കിയ വിശുദ്ധ ദിനമാണ്. ശിഥിലമായിക്കൊണ്ടിരിക്കുന്ന മാനുഷികബന്ധങ്ങളെ ഊട്ടിയുറപ്പിക്കാൻ കരുത്തേകുന്ന, ദൈവവുമായുള്ള ബന്ധത്തിൻെറ ഊട്ടിയുറപ്പിക്കലിന് അവസരം നല്കുന്ന മോഹനദിനമാണത്. കൂട്ടായ്മയുടെ അനുഭവം പങ്കുവയ്ക്കുന്ന, ദൈവികസാന്നിദ്ധ്യം നിറഞ്ഞുനില്ക്കുന്ന ദൈവാലയാങ്കണത്തിൽ, കൃതജ്ഞതാബലിയർപ്പിക്കുന്ന ദൈവജനംമുഴുവനോടുംകൂടി ദൈവികമഹിമാവിനെ വാഴ്ത്തിപ്പാടുന്ന സുന്ദരദിനമാണത്. കണ്ണീരില്ലാത്ത, വേദനയില്ലാത്ത സ്വർഗ്ഗരാജ്യത്തിൻെറ അനുഭവം മുൻകൂട്ടി ആസ്വദിക്കുന്ന സ്വർഗ്ഗീയദിനമാണത്. തിരക്കേറിയ കർമ്മമണ്ഡലങ്ങളിൽ നിന്നു വിടുതൽ പ്രാപിച്ച് പരസ്പരം കണ്ടുമുട്ടുന്ന, ഒന്നിച്ചു ഭക്ഷിക്കുന്ന, ഒന്നിച്ചു ആശയവിനിമയം നടത്തുന്ന, ഒന്നിച്ചു സന്തോഷിക്കുന്ന, ഒന്നിച്ചു പ്രാർത്ഥിക്കുന്ന ഒരു കുടുംബത്തിൻെറ സ്നേഹവും പരസ്പരാലംബവും പ്രകടമാകുന്ന മനോജ്ഞമായ ദിനമാണത്. ഈ വിധം ചെലവഴിക്കപ്പെടുന്ന കർത്താവിൻെറ ദിനം കർത്താവൻേറതുമാത്രമല്ല, മനുഷ്യകൂട്ടായ്മയുടെ ഒരു ദിനവും കൂടിയാണ്. മനുഷ്യനെ കൂട്ടായ്മയിൽ നിലനിർത്താൻ ദൈവം ആവിഷ്ക്കരിച്ച പദ്ധതിയുടെ ഒരു ഭാഗം, ഒരു നിബന്ധന!

*

# III

## അദ്ധ്വാനം: ദൈവികമുദ്രിതം

''നിന്റെ അന്തസ്സിനു തക്കവണ്ണം വേലയെടുക്കുക. വേലയെടുക്കാതിരിക്കുന്നത് ബഹുമാനമുള്ള ആളുകളുടെ മുറയല്ല.'' (ചാവ - പേജ് : 14) ജീവിതത്തെ സൽകർമ്മം കൊണ്ടും, കർമ്മത്തെ ഈശ്വരോപാസനകൊണ്ടും ധന്യമാക്കിയ വാഴ്ത്ത. ചാവറയച്ചന്റെ വാക്കുകളാണ് മേലുദ്ധരിച്ചത്. അദ്ധ്വാനത്തെ സ്വധർമ്മമായും ആ ധർമ്മം ഏററം ബഹുമാനമുള്ളതായും അദ്ദേഹം ദർശിക്കുന്നു. അദ്ധ്വാനം മഹത്വമുള്ളതാണെന്ന ബോദ്ധ്യത്തിലേയ്ക്കു കടന്നുവരുവാൻ ആ ദൈവിക മനുഷ്യനെ പ്രേരിപ്പിച്ച പ്രചോദന ശക്തിയെന്താണ്? കുറഞ്ഞ അദ്ധ്വാനം, കൂടുതൽ വേതനം, കുറച്ചു കഷ്ടപ്പാടുകൾ, കൂടുതൽ സുഖസൗകര്യങ്ങൾ.... ഇങ്ങനെയുള്ള മന:സ്ഥിതി പുലർത്തുന്ന ആധുനിക ''കർമ്മസംസ്ക്കാരത്തിൽ'' ചാവറയച്ചന്റെ വാക്കുകൾക്ക് എന്തു പ്രസക്തിയാണുള്ളത്? അദ്ധ്വാനത്തിന്റെ ബഹുമാന്യത എന്തിലാണടങ്ങിയിരിക്കുന്നത്? എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് വാഴ്ത്ത. ചാവറയച്ചന്റെ ചാവരുളിന്റെ പശ്ചാത്തലത്തിൽ നിന്ന് ഉത്തരം കണ്ടെത്താൻ ശ്രമിയ്ക്കയാണിവിടെ.

## അദ്ധ്വാനം ദൈവശിക്ഷയോ?

അദ്ധ്വാനത്തെ പാപത്തിന്റെ ഫലമായിട്ടാണ് ബഹുഭൂരിപക്ഷം പേരും കാണുന്നതും, വിശ്വസിക്കുന്നതും. ആദിമാതാപിതാക്കളുടെ പാപത്തിന്റെ ശിക്ഷയായി ദൈവം ആദത്തോട് പറഞ്ഞു: ''ആയുഷ്ക്കാലം മുഴുവൻ കഠിനാദ്ധ്വാനം കൊണ്ട് നീ അതിൽനിന്നു (മണ്ണിൽ) കാലയാപനം

ചെയ്യും ...... നെററിയിലെ വിയർപ്പുകൊണ്ടു ഭക്ഷണം സമ്പാദിക്കും'' (ഉല്പ.3 : 17 – 19). വി. ഗ്രന്ഥത്തിലെ ഈ തിരുവചനങ്ങളാണ് ഇതിന് ആധാരമായി എടുത്തുകാണിക്കുന്നത്. ഒററ നോട്ടത്തിൽ ഇത് ശരിയാണെന്നു തോന്നും. എന്നാൽ വി. ഗ്രന്ഥത്തിൽ അദ്ധ്വാനം പാപത്തിന്റെ ശിക്ഷയാണെന്നു തീർത്തും പറയാനാവുമോ? അദ്ധ്വാനത്തിന്റെ ക്ലേശത്തെ പാപം വർദ്ധിപ്പിച്ചു എന്നു പറയുന്നതല്ലേ, അദ്ധ്വാനം പാപത്തിന്റെ ശിക്ഷ എന്നു പറയുന്നതിനേക്കാൾ ഉത്തമം — ? കാരണം തിന്മയോ, ശിക്ഷയോ ആയി എന്തെങ്കിലും സംഭവിക്കുന്നതിനു മുമ്പു തന്നെ മനുഷ്യൻ അദ്ധ്വാനിക്കണമെന്നുള്ള ദൈവഹിതം അവിടുന്നു വ്യക്തമാക്കിയിട്ടുണ്ട്. അതെന്താണെന്ന് തുടർന്നു കാണാം.

## അദ്ധ്വാനം: ദൈവഹിതം

അദ്ധ്വാനത്തിന്റെ മഹത്വവും, ബഹുമാന്യതയും വാഴ്ത്ത. ചാവറയച്ചൻ കണ്ടെത്തിയത് അദ്ദേഹത്തിന്റെ വി. ഗ്രന്ഥാധിഷ്ഠിതമായ ധ്യാനാത്മക ജീവിതത്തിൽ നിന്നുതന്നെയാണ്. സ്രഷ്ടാവായ ദൈവം തന്റെ അനന്ത ജ്ഞാനത്താൽ ലോകത്തെ സൃഷ്ടിച്ചു. അതിന്റെ പരിപൂർത്തിയെന്നോണം പ്രപഞ്ചത്തിന്റെ മകുടമായി മനുഷ്യനേയും. മാത്രമല്ല, ''ഏദെൻ തോട്ടം കൃഷി ചെയ്യാനും സംരക്ഷിക്കാനും ദൈവമായ കർത്താവ് മനുഷ്യനെ അവിടെയാക്കി'' (ഉല്പ.2 : 15). മണ്ണിൽ നിന്നെടുക്കപ്പെട്ട മനുഷ്യൻ മണ്ണിൽ നിന്ന് അവന്റെ ജീവസന്ധാരണത്തിനാവശ്യമായവ ഉല്പാദിപ്പിച്ചെടുക്കുക അവനെ സംബന്ധിച്ച ദൈവഹിതമാണ്. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതോടുകൂടിത്തന്നെ ഈ ഹിതം ദൈവമവനു വ്യക്തമാക്കിക്കൊടുത്തു.

അദ്ധ്വാനിക്കുക എന്നത് മനുഷ്യന്റെ ഭാഗധേയവും, സൃഷ്ടിയെന്നനിലയിൽ അവനെ സംബന്ധിച്ച സ്രഷ്ടാ

വായ ദൈവത്തിന്റെ നിശ്ചയവുമാണെന്ന വസ്തുത വി. ഗ്രന്ഥത്തിൽ വീണ്ടും പ്രകടമാകുന്നത് സാബത്തിനെ സംബന്ധിച്ച ദൈവകല്പനയുടെ പശ്ചാത്തലത്തിലാണ്, ആറുദിവസം ജോലിചെയ്യണം, ഏഴാം ദിവസം വിശ്രമിക്കണം, കാരണം അന്നു സാബത്താണ്. (ഉല്പ. 2 : 1 – 3, പുറ.20 : 8 – 11, ലേവ്യ.23 : 3) 7–ാം ദിവസം വിശ്രമിക്കണം എന്ന കല്പനയുടെ ഭാഗമാണ് ആറു ദിവസം ജോലി ചെയ്യുക എന്നത്. മററു വാക്കിൽ പറഞ്ഞാൽ, സാബത്തു ദിനം എത്രമാത്രം പ്രധാനപ്പെട്ടതാണോ, അതുപോലെതന്നെ പ്രധാനപ്പെട്ടതാണ് ജോലി ചെയ്യേണ്ടുന്ന ആറുദിനങ്ങളും. ഇതു രണ്ടും ദൈവ കല്പനയാണ്. രണ്ടിനും മാതൃകയും ദൈവം തന്നെ.

സ്രഷ്ടാവായ ദൈവത്തിന്റെ സൃഷ്ടി കർമ്മത്തോടു സഹകരിക്കുകയും, അവിടുത്തെ സൃഷ്ടികർമ്മത്തെ അതിന്റെ ലക്ഷ്യത്തിൽ എത്തിക്കുവാൻ സഹായിക്കുകയുമാണ് അദ്ധ്വാനത്തിലൂടെ മനുഷ്യൻ ചെയ്യുക. ദൈവത്തോടും, അവിടുത്തെ പദ്ധതികളോടും സഹകരിക്കുന്ന സഹകാരികളെന്ന നിലയിൽ അവർ മഹത്വം നേടുന്നു. അദ്ധ്വാനിയായ ഒരുവന്റെ മഹത്വത്തെ ദൈവം മാത്രമല്ല, മനുഷ്യരും ആദരിക്കുന്നു എന്നത് ഉദാഹരണങ്ങളിലൂടെ ചാവറയച്ചൻ വ്യക്തമാക്കുന്നുണ്ട് : –

> അദ്ധ്വാന ശീലനായ ഒരു മനുഷ്യൻ കുറെ വസ്തുക്കറംകൊണ്ടു മാത്രം സമ്പൂർണ്ണനായി, സന്തുഷ്ടനായി കഴിഞ്ഞുകൂടി. അദ്ദേഹത്തിന്റെ വളർച്ചയിൽ, ഉയർച്ചയിൽ അസൂയാലുക്കളായവർ അദ്ദേഹം എന്തോ നിക്ഷേപം എടുത്തൊളിച്ചു വച്ചിരിക്കുന്നു എന്നു വിചാരിച്ച് സർക്കാരിൽ കേസ് കൊടുത്തു. അയാറംക്കുളള സമ്പാദ്യത്തിന്റെ കണക്കു ബോധിപ്പിക്കാൻ ആവശ്യപ്പെട്ട

> രാജാവിൻെറ മുമ്പിൽ അഭിമാനത്തോടെ, തൻെറ നിക്ഷേപം ആകെ ഒരു ചെറിയ തുണ്ടു പറമ്പാണെന്നും അതിലെ മണ്ണ് തൻെറ നെററിയിലെ വിയർപ്പുകൊണ്ടു നനയുന്നതാകയാൽ അതു പൊന്നായിപ്പോകുന്നുവെന്നും പറഞ്ഞ് ബഹുമാനത്തോടുകൂടി തിരിച്ചുപോന്നു (ചാവ. പേ:14).

അദ്ധ്വാനിക്കുന്നവനായ ആ മനുഷ്യന് ദൈവമുമ്പിലും, രാജാവിൻെറ മുമ്പിലും, ബഹുമാനവും ആദരവും ലഭിച്ചുവെന്നു വ്യക്തമാക്കുന്ന ഈ ദൃഷ്ടാന്തത്തിലൂടെ ചാവറ അച്ചൻ വ്യക്തമാക്കുന്ന സന്ദേശം അദ്ധ്വാനിക്കുക എന്ന ദൈവഹിതം നിറവേററുന്നവനെ എത്ര ഉദാരമായി ദൈവം സമ്മാനിതനാക്കുന്നു എന്ന സത്യമാണ്.

## അദ്ധ്വാനം അഭ്യുന്നതിക്ക്

ഒരു കുടുംബത്തിൻെറ സുസ്ഥിതിക്കും അഭ്യുന്നതിക്കും മാത്രമല്ല, ഒരു സമുദായത്തിൻെറ അല്ല, രാഷ്ട്രത്തിൻെറതന്നെ "അഭ്യുന്നതിക്ക് അദ്ധ്വാനം എത്രമാത്രം പ്രധാനപ്പെട്ടതാണെന്നും ആവശ്യകമാണെന്നുമുള്ള വസ്തുത ചാവറയച്ചൻ വ്യക്തമാക്കുന്നത് ചിന്തോദ്ദീപകവും രസാവഹവുമാണ്. അദ്ദേഹം എഴുതുന്നു:

> ''കാത്തോൻ എന്ന റോമാനഗരിയുടെ അധികാരി റോമ്മായിൽ പാർപ്പാൻ മനസ്സുള്ളവർ ഒക്കെയും മുമ്പിനാൽത്തന്നെ വേലയെടുക്കുന്നവരെന്നു കാണിപ്പാൻ വേണ്ടി കൈത്തഴമ്പു കാട്ടണമെന്നു പ്രമാണം വച്ചതല്ലാതെ ദ്രവ്യസ്ഥന്മാരും, മാടമ്പികളും അവരവരുടെ അന്തസ്സിനു തക്കവണ്ണം വേലയെടുക്കുന്ന ആയുധങ്ങൾ പിടിച്ചല്ലാതെ പുറത്തുനടന്നുകൂടാ എന്നു ശക്തിയായി കല്പിക്കുകയും ചെയ്തു'' (ചാവരുൾ. പേജ്: 14).

എത്രമാത്രം സമ്പന്നനായാലും അദ്ധ്വാനിക്കുക എന്ന കടമയിൽനിന്ന് ഒഴിഞ്ഞുമാറി നില്ക്കുന്നത് ശരിയല്ലെന്നും, അദ്ധ്വാനമുപേക്ഷിച്ചു ജീവിക്കുക ക്രമാനുഗതമായി നാശത്തിലേയ്ക്കുള്ള നീക്കമാണെന്നും പൊതുനന്മയ്ക്കും, വളർച്ചയ്ക്കും അതു തടസ്സം സൃഷ്ടിക്കുമെന്നുമുള്ള സന്ദേശങ്ങൾ ഇതിലൂടെ വ്യക്തമാക്കപ്പെടുന്നുണ്ട്. ജോലികളിൽ തരംതിരിവും, 'താഴ്ന്ന'തെന്നു മുദ്രകുത്തപ്പെട്ട ജോലികൾ ചെയ്യുന്നത് അപമാനമായി കരുതുന്നവരും, പട്ടിണി കിടന്നാലും ''സ്റ്റാറ്റസ്'' ഇല്ലാത്ത ജോലി ചെയ്യാൻ മടിക്കുന്നവരുമാണ് നാം, തൊഴിലിന്റെ പേരിൽ ഉച്ചനീചത്വങ്ങൾ കാട്ടാറുള്ളവരാണ് പ്രത്യേകിച്ച് വിദ്യാസമ്പന്നരെന്നു വിശേഷിപ്പിക്കപ്പെടുന്ന കേരളക്കാർ. തൊഴിലില്ലായ്മയെന്ന പ്രശ്നമാണ് നമ്മുടെ നാടിന്റെ മുഖ്യപ്രശ്നമെന്നു പരിതപിക്കുന്നവരും ''സ്റ്റാറ്റസിന്'' പറ്റിയ പണിയല്ലായെങ്കിൽ അതു ചെയ്യാൻ മടികാണിക്കാറുണ്ട്. എന്നാൽ ഭൂതലത്തിൽ ചെയ്യപ്പെടേണ്ടിവരുന്ന ഏതൊരു ജോലിയും പ്രധാനപ്പെട്ടതാണ്. ഓരോ ജോലിയും അഥവാ അദ്ധ്വാനവും ഓരോ ധർമ്മമാണ്. മനുഷ്യമഹാ കുടുംബത്തിന്റെ വളർച്ചയ്ക്കും നന്മയ്ക്കും സുസ്ഥിതിയ്ക്കും വേണ്ടിയുള്ള ധർമ്മം. ഒരു ശരീരത്തിൽ പല അവയവങ്ങളുണ്ട്. അവയ്ക്കു പല ധർമ്മങ്ങളാണ്. ശരീരത്തിലെ ഓരോ അവയവത്തിന്റേയും ധർമ്മം സുഗമമായി നടക്കുമ്പോൾ മനുഷ്യൻ ആരോഗ്യവാനായിരിക്കും. എന്നാൽ ഏതെങ്കിലുമൊന്നു നിലച്ചാൽ രോഗമാകും, അസ്വസ്ഥതയാകും. തലച്ചോറിന്റെ പ്രവർത്തനങ്ങൾക്കു മാന്യത കല്പിച്ചേക്കാം. എന്നാൽ ശരീരത്തിലെ വിസർജ്യവസ്തുക്കൾ നീക്കം ചെയ്യാനുള്ള പ്രവർത്തനം മോശമാണെന്നു കരുതി തദ്സംബന്ധമായ അവയവങ്ങൾ പ്രവർത്തനം നിലപ്പിച്ചാലോ? ഇപ്രകാരമാണ് ''ചെറു''തെന്നും ''വലുതെ''ന്നും മനുഷ്യൻ തീർപ്പുകല്പിക്കുന്ന ഓരോ ജോലികളും. കുടുംബത്തിന്റെയും, സമൂഹത്തിന്റേയും, രാഷ്ട്രത്തിന്റേയും, സുഗമമായ വളർച്ചയ്ക്ക്

ശ്രേഷ്ഠമെന്നോ, ഹീനമെന്നോ ഉള്ള തരംതിരിവുകൂടാതെ ഓരോ വ്യക്തിയും ചെയ്യുന്ന ജോലി അതിന്റെ പൂർണ്ണതയിൽ നിറവേററുമ്പോഴ് വ്യക്തിയും, സമൂഹവും വളരും. സ്വധർമ്മം ശരിയായ അദ്ധ്വാനചൈതന്യത്തോടെ നിറവേററുമ്പോഴാണ് അതിന് മഹത്വം, മൂല്യം ഉണ്ടാകുന്നത്. അദ്ധ്വാനത്തിന്റെ ''തരമല്ല'', അതുനിറവേററുന്ന 'വിധ'ത്തിലാണ് മഹത്വവും മഹത്വമില്ലായ്മയും. ചരിത്രം തെളിയിച്ച വസ്തുതയാണിത്. സാർവ്വത്രിക സഭയുടെ വിശുദ്ധരുടെ പട്ടികയിൽ ചക്രവർത്തിയായ വി. ഹെൻറിയും, രാജാവായ വി. ലൂയിസും, രാജ്ഞിയായ വിശുദ്ധ എലിസബത്തും, മന്ത്രിയായ വി. തോമസ്മൂറും, പ്രഭുവായ വി. അല്ലേസും എന്നപോലെ തന്നെ വീട്ടുവേലക്കാരിയായ വി. സീത്തായും, ക്ഷുരകനായിരുന്ന വി. അന്ത്രോനിക്കസും, ചെരുപ്പുകുത്തിയായ വി. ഗോഡ്റിച്ചും, പാചകജോലിക്കാരായ വി. പീററർ, വിശുദ്ധ മട്രോന, വിശുദ്ധ നൊത്ത്ബുർഗാ എന്നിവരും ഇരുമ്പുപണിക്കാരനായ വി. ബൽഡോമനും സ്ഥാനം പിടിച്ചത്, മേൽപറഞ്ഞവിധം അദ്ധ്വാനത്തെ മഹിമയോടെ ദൈവഹിതമെന്നപോലെ പൂർണ്ണതയിൽ നിറവേററി വിശുദ്ധിയുടെ മകുടം ചൂടിയതുകൊണ്ടാണ്. ചെയ്ത ''ജോലി''യുടെ മഹിമയല്ല, മഹിമയില്ലാത്തതെന്നു ലോകം മുദ്രകുത്തുന്ന ജോലികൾപോലും മഹിമയോടെ നിറവേററിയെന്നതിലാണ് അവരുടെ വിശുദ്ധിയും മഹത്വവും.

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ വീക്ഷണമനുസരിച്ച് ''വേലയെടുക്കാതിരിക്കുന്നത് ബഹുമാനമുള്ള അളുകളുടെ മുറയല്ല, പിന്നയോ വീടും കുടിയും സന്തതിയും ഇല്ലാത്തവരുടെ നടപ്പാകുന്നു''(ചാ. പേ. 14). മററുവാക്കിൽ, ജീവിതലക്ഷ്യം ഇല്ലാത്തവരാണ്, ജീവിതത്തിനർത്ഥം ഇല്ലാത്തവരാണ്, 'വീടും കുടിയും' ഇല്ലാതെ കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും സ്വയം ഭ്രഷ്ടരാകുന്നവരാണ്, അദ്ധ്വാനത്തിൽനിന്ന് ഒഴിഞ്ഞുമാറുന്നത്.

അതു മഹത്വത്തേക്കാരം അപമാനത്തിന്റെ നിറമാണ് അവർക്കു നല്കുക. നേരേമറിച്ച് അദ്ധ്വാനിക്കുന്നവന് ജീവിതം അർത്ഥപൂർണ്ണമാണ്, അഭിമാനകരമാണ്. പ്രഭാഷകൻ 40: 18 – ൽ പറയുന്നു: 'സ്വാശ്രയശീലനും, അദ്ധ്വാനപ്രിയനും ജീവിതം മധുരമാണ്'' എന്ന്. വീണ്ടും, ''മകനേ, എന്റെ വാക്കുകേരംക്കുക, അവസാനം നീ അതിന്റെ വില അറിയും. ഏതു ജോലിയും ഉത്സാഹപൂർവ്വം ചെയ്യുക: നിന്നെ രോഗം ബാധിക്കുകയില്ല'' (പ്രഭ. 31; 22). ചുരുക്കത്തിൽ അന്തസ്സും ആഭിജാത്യവുമുള്ളവർ അദ്ധ്വാനശീലരായിരിക്കും. മററുവിധത്തിൽ പറഞ്ഞാൽ ശരിയായി അദ്ധ്വാനിക്കുന്നവന് അന്തസ്സും, മാന്യതയും, അംഗീകാരവും കരഗതമാകും.

## മടി: സർവ്വ ദുർഗുണങ്ങളുടേയും മാതാവ്

അദ്ധ്വാനത്തിന്റെ മഹത്വത്തെ എടുത്തുകാണിക്കുന്ന ചാവറയച്ചൻ അതിനെതിരായി മടിയോടെ വ്യാപരിക്കുന്നവരെ ഉദ്ദേശിച്ചു പറയുന്നത് അവരിൽ എല്ലാവിധ ദുർഗുണങ്ങളുമുണ്ടാകുമെന്ന ആശയമാണ്. അദ്ദേഹം പറയുന്നു:

> 'മടി സർവ്വദുർഗുണങ്ങളുടേയും മാതാവാകുന്നു.
> പ്രത്യേകം മദ്യപാനത്തിന്റെ കാരണവുമാകുന്നു.
> മദ്യപാനം: ലോകത്തിന്റെ മുൻപാകെ എത്രയും
> അപമാനമുള്ളതും തമ്പുരാന്റെ തിരുമുമ്പിൽ
> എത്രയും ദോഷമുള്ളതും ആകുന്നു' (ചാ. പേ.14).

തൻകാര്യം നോക്കലും സ്വസുഖം തേടലുമാണല്ലോ മടിയന്റെ മനഃസ്ഥിതി. ഈ മനഃസ്ഥിതിയുള്ളവരാണ് സ്വന്തമായ സുഖവും സംതൃപ്തിയും തേടി മദ്യത്തിന്റേയും മററു സുഖഭോഗാദികളുടേയും പിന്നാലെ പോകുക.

മാത്രമല്ല; അദ്ധ്വാനിക്കാതെ പണം സമ്പാദിക്കാനായി മോഷ്ടിക്കുവാനും, കൊല്ലുവാനും, മററു അക്രമപ്രവർത്തികൾ ചെയ്യുവാനും മുതിരുക. ഇപ്രകാരമുള്ളവരെ ഉദ്ദേശിച്ചാണ് വി. പൗലോസ് അപ്പസ്തോലൻ പറയുന്നത് ''മോഷ്ടാവ് ഇനിമേൽ മോഷ്ടിക്കരുത്. അവൻ ഇല്ലാത്തവരുമായി പങ്കുവയ്ക്കാൻ എന്തെങ്കിലും സമ്പാദിക്കുന്നതിനു വേണ്ടി സ്വന്തം കൈകൾകൊണ്ട് മാന്യമായി ജോലി ചെയ്യട്ടെ'' എന്ന്. (എഫേ. 4:28)

അദ്ധ്വാനിക്കാതെ സൂത്രവും കൗശലവുമുപയോഗിച്ച് സമ്പത്തു സമ്പാദിക്കുന്നവൻെറ അനുഭവം നാശമാണെന്നും ''മഞ്ഞുപോലെ ആ ദ്രവ്യം വേഗത്തിൽ അലിഞ്ഞുപോകുമെന്നും''(ചാ. പേജ് 15) എന്നാൽ സത്യസന്ധമായി അദ്ധ്വാനിച്ചു സമ്പാദിക്കുന്നവ നിലനില്ക്കുമെന്നും ചാവറയച്ചൻ രണ്ടു കച്ചവടക്കാരുടെ അനുഭവം വിവരിച്ചു വ്യക്തമാക്കുന്നുണ്ട്, ( ചാ. പേജ്. 15 )

## സ്വർഗ്ഗോന്മുഖമായ അദ്ധ്വാനം

അദ്ധ്വാനത്തിൻെറ സ്വഭാവം ഭൗതികമായ നന്മ മാത്രം ലക്ഷ്യം വച്ചുള്ളതാകരുത്. സ്വർഗ്ഗീയമായവയിലേയ്ക്ക് വേണ്ടിക്കൂടി നാം അദ്ധ്വാനിക്കണം. ഈശോ പറയുന്നു: ''നശ്വരമായ അപ്പത്തിനുവേണ്ടി മാത്രം അദ്ധ്വാനിക്കുന്നവരാകാതെ മനുഷ്യപുത്രൻ നല്കുന്ന നിത്യജീവൻെറഅപ്പത്തിനായിക്കൂടി അദ്ധ്വാനിക്കുവിൻ''(യോഹ.6: 27) ഈ ലോക ജീവിതത്തോടെ കടന്നുപോകുന്നതാണ് ഇവിടുത്തെ അദ്ധ്വാനവും, അതിൻെറ ഫലങ്ങളും, ഒപ്പം ക്ലേശങ്ങളും. ഭൗതീകസമ്പത്തുമാത്രം ലക്ഷ്യം വച്ച് അദ്ധ്വാനിച്ചാൽ അത് മരണത്തോടെ അവസാനിക്കും. ഈ ജീവിതത്തിൽ മാത്രമാണ് നമ്മുടെ പ്രത്യാശയെങ്കിൽ, ഈ ജീവിതത്തിൻെറ സൗഭാഗ്യത്തിനുവേണ്ടി മാത്രമാണ് നമ്മുടെ

അദ്ധ്വാനമെങ്കിൽ നാം ദുർഭഗരായ മനുഷ്യർ തന്നെ. കാരണം ഈ ലോകത്തിന്റെ നിക്ഷേപം മരണത്തോടെ അവസാനിക്കും. എന്നാൽ ഈ ലോകത്തിലെ അദ്ധ്വാനം, സ്വർഗ്ഗീയമായ ധനം സമ്പാദിക്കാനുള്ള ഉപാധികൂടിയായി നാം മാറ്റേണ്ടതുണ്ട്. അതിനുള്ള ഏറ്റം നല്ല മാർഗ്ഗമാണ് ദാനധർമ്മം.

## അദ്ധ്വാനത്തിന്റെ പരോന്മുഖത

ഏതൊരു വ്യക്തിയും അദ്ധ്വാനിക്കുന്നത് അവനു വേണ്ടി മാത്രമല്ല അവന്റേയും, കുടുംബത്തിന്റേയും സുസ്ഥിതിയ്ക്കു വേണ്ടിയാണ്. എന്നാൽ അദ്ധ്വാനത്തിന് മറ്റൊരു മാനം കൂടിയുണ്ട്. അവന്റെ അദ്ധ്വനഫലം മറ്റുള്ളവർക്കു ഉപകാരം ചെയ്യുന്നതിനുവേണ്ടിക്കൂടിയാണ്. ആതുകൊണ്ടാണ് മേലുദ്ധരിച്ച വിശുദ്ധ പൗലോസിന്റെ വാക്കുകളിൽ നാം വായിക്കുക ''ഇല്ലാത്തവരുമായി പങ്കുവയ്ക്കാൻ സ്വന്തം കൈകൊണ്ടു മാന്യമായി ജോലി ചെയ്യട്ടെ'' എന്ന്. ചാവറയച്ചൻ പറയുന്നു:

'അന്യർക്കു വല്ല ഉപകാരവും ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ കൂട്ടുന്നതല്ല. ഭിക്ഷക്കാർ വെറുംകൈയ്യോടുകൂടി നിന്റെ വീട്ടിൽ നിന്നു പോകുവാൻ നീ സമ്മതിക്കേണ്ട. പാടുള്ളപ്പോഴൊക്കെയും അല്പമെങ്കിലും ദാനധർമ്മം കൊടുക്കാതെ ഇരിക്കേണ്ട''

(ചാവരുരം പേജ്15)

മററുള്ളവർക്കു ഉപകാരം ചെയ്യാതെ, കൊടുക്കാതെ സൂക്ഷിച്ചുവയ്ക്കുന്നത് നശിച്ചുപോകുകയേയുള്ളുവെന്ന് ഒരു ദൃഷ്ടാന്തംവഴി അദ്ദേഹം വ്യക്തമാക്കുന്നു.

'ഒരു ദിക്കിൽ ഒരു മനുഷ്യനുണ്ടായിരുന്നു. ഈ ആാം അവസ്ഥപോലെയും, ദിഷ്ടതി പോലെ

യും ലുബ്ധ് വിചാരിക്കാതെ വീടു ചെലവു കഴിക്കയും, ദാനധർമ്മം കൊടുക്കയും ചെയ്തു. കാലക്രമം കൊണ്ട് ദ്രവ്യം വർദ്ധിക്കയിൽ ധർമ്മം കൊടുക്കാതെ പണം കൂട്ടുവാൻ തുടങ്ങി. ഇങ്ങനെയിരിക്കെ ഈയാളിൻെറ കാലിന്മേൽ ഒരു വ്രണമുണ്ടായി പഴുത്തു. പല വൈദ്യന്മാരെ വരുത്തി. ചികിസ്തക്കായി വളരെ പണം ചെലവഴിച്ചു. അപ്പോൾ ഒരു മാലാഖ കാണപ്പെട്ടു പറഞ്ഞതായത്, ''ധർമ്മം ചെയ്യാതെ പണം കൂട്ടുന്നവർക്ക് ഇങ്ങനെ പണം ചെലവഴിപ്പാൻ സംഗതി വരുമെന്നു നീ അറിഞ്ഞു കൊള്ളണം'(ചാ. പേ 10).

അദ്ധ്വാനിച്ചുണ്ടാക്കുന്നവ കൂട്ടിവയ്ക്കാനല്ല, മനുഷ്യരുടെ നന്മയ്ക്കായി ഉപയോഗിക്കാനാണ്.

## അദ്ധ്വാനിക്കുന്നവൻ ദൈവത്താൽ ആശ്വസിപ്പിക്കപ്പെടും

ദൈവപുത്രനായ ഈശോയുടെ കരുണാർദ്രമായ, വാത്സല്യപൂർവ്വകമായ, മാതൃസഹജമായ സ്നേഹം അനുഭവിക്കുവാൻ സാധിക്കുന്നവർ അദ്ധ്വാനിക്കുന്നവരാണ്. ഈശോ പറയുന്നു: ''അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങൾ എല്ലാവരും എൻെറ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം''(മത്താ. 11:28) ക്ലേശിതരുടേയും, ഭാരം വഹിക്കുന്നവരുടെയും അത്താണിയായി, ആശ്വാസത്തിൻെറ ഉറവിടമായി തന്നെത്തന്നെ നല്കുന്ന ഈശോ അന്ത്യവിധിനാളിലും ഓരോരുത്തർക്കും അവരവരുടെ അദ്ധ്വാനത്തിന് ആനുപാതികമായി പ്രതിസമ്മാനം നല്കും. താലന്തുകളുടെ ഉപമയിൽ വ്യക്തമാക്കുന്നതുപോലെ ചെറിയ കാര്യമാണെങ്കിലും ആത്മാർത്ഥതയോടെ അദ്ധ്വാനിച്ച് യജമാനൻെറ ഹിതം അനുവർത്തിച്ചപ്പോഴാണ് ഭൃത്യന്മാർ ബഹുമാനിതരായത്. അല

സനായി നാണയം കുഴിച്ചുമൂടിയവൻ ശിക്ഷിക്കപ്പെടുകയും ചെയ്തു. നാണയത്തിന്റെ എണ്ണക്കൂടുതലോ, കുറവോ അല്ല, ഉള്ളതുകൊണ്ട് അദ്ധ്വാനിച്ചോ എന്നതായിരുന്നു പ്രതിഫലത്തിന് മാനദണ്ഡമായത്. എന്നുപറഞ്ഞതുപോലെ, ചെയ്യുന്ന ജോലിയുടെ വലിമയോ താഴ്മയോ അല്ല, എത്രമാത്രം വിശ്വസ്തതയോടെ അതു നിറവേററുന്നുഎന്നതിലാണ് മഹത്വം അടങ്ങിയിരിക്കുന്നത്. ''മണ്ണിനെ പൊന്നാക്കാൻ'' അദ്ധ്വാനത്തിലൂടെ സാധിക്കും എന്ന് മുമ്പുപറഞ്ഞ ഒരു ദൃഷ്ടാന്തംവഴി വ്യക്തമാക്കിയിട്ടുണ്ടല്ലോ.

## അദ്ധ്വാനിക്കുക ദൈവികനിയമം

''കഠിനാദ്ധ്വാനമോ, വയലിലെ വേലയോ വെറുക്കരുത്. അത്യുന്നതൻ നിശ്ചയിച്ചതാണത്'' (പ്രഭാ. 7;15) അതേ, അദ്ധ്വാനിക്കുക എന്നത് ദൈവികനിയമമാണ്. അതിൽനിന്ന് ആർക്കും ഒഴികഴിവില്ല. മനുഷ്യനായി അവതരിച്ച ദൈവപുത്രൻപോലും ഭൂമിയിലായിരുന്ന നാളത്രയും അദ്ധ്വാനിച്ചു. ''മരപ്പണിക്കാരന്റെ'' പുത്രനായിവളർന്ന ഈശോ നസ്രസ്സിലെ കുടുംബത്തിൽ മാതാപിതാക്കളോടൊപ്പം, അന്നന്നുവേണ്ടുന്ന അപ്പത്തിനായി അദ്ധ്വാനിച്ചു. ഈശോ മാത്രമല്ല അപ്പസ്തോലന്മാരും അദ്ധ്വാനത്തിന്റെ മാതൃക നമുക്കു കാട്ടിത്തരുന്നുണ്ട്. മീൻപിടുത്തക്കാരനായ പത്രോസും, കൂടാരപ്പണിക്കാരനായ പൗലോസുമെല്ലാം ഇതിന് ഉദാഹരണങ്ങളത്രെ. ''ആർക്കും ഭാരമാകാതിരിക്കാൻവേണ്ടി ഞങ്ങൾ രാപകൽ കഷ്ടപ്പെട്ട് കഠിനാദ്ധ്വാനം ചെയ്തു'' (2തെസ. 3;8) എന്നാണ് വി. പൗലോസ് എഴുതുക. അദ്ധ്വാനത്തിന്റെ മഹത്വവും ആവശ്യകതയും എടുത്തുകാണിക്കുന്ന സഭാപ്രബോധനങ്ങളും ഇത്തരുണത്തിൽ സ്മരണീയമാണ്.

ലോകത്തിൽ മനുഷ്യസമൂഹം ഇന്നു നിലനില്ക്കുന്നതുതന്നെ എത്രയോപേരുടെ അദ്ധ്വാനത്തിന്റെ ഫലമായി

ട്ടാണ്. നാമറിഞ്ഞോ അറിയാതെയോ അനേകായിരങ്ങളുടെ അദ്ധ്വാനത്തിന്റെ ഫലമാണ് അനുദിനം അനുഭവിച്ചു കൊണ്ടിരിക്കുക. നമ്മുടെ മുമ്പിൽ വിളമ്പപ്പെടുന്ന ഭക്ഷണം, നാം ധരിക്കുന്ന വസ്ത്രം, വസിക്കുന്ന പാർപ്പിടം.... ഇങ്ങനെ നോക്കിയാൽ അദ്ധ്വാനത്തിന്റെ ഒരു ശൃംഖലയാലും, അതിന്റെ ഫലത്താലും മനുഷ്യൻ പരസ്പരം ബന്ധിതനാണ് എന്നു കാണാം.

## അദ്ധ്വാനം ദൈവിക ദൗത്യത്തിലുള്ള പങ്കുചേരൽ

സൃഷ്ടിക്കുക, രക്ഷിക്കുക, പവിത്രീകരിക്കുക, എന്നീ ത്രിവിധ ദൗത്യങ്ങളാണല്ലോ ദൈവത്തിന്റേതായി പറയുന്നത്. മനുഷ്യൻ ചെയ്യുന്ന ഏതൊരു അദ്ധ്വാനവും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ ദൈവത്തിന്റെ ഈ ദൗത്യങ്ങളോടു ബന്ധപ്പെട്ടാണിരിക്കുന്നത്. ''എന്റെ പിതാവ് എപ്പോഴും പ്രവർത്തിക്കുന്നു. അതിനാൽ ഞാനും പ്രവർത്തിക്കുന്നു'' (യോഹ. 5:17) എന്നരുളിയ ഈശോയുടെയും, അവിടുത്തെ പിതാവിന്റേയും പ്രവർത്തനത്തിലുള്ള പങ്കുചേരലാണ് അദ്ധ്വാനം. മണ്ണിനോടു മല്ലിട്ട് അതിൽനിന്ന് ഫലംപുറപ്പെടുവിക്കുന്ന കർഷകൻ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ സഹകാരിയാകുന്നെങ്കിൽ, രോഗിയായ ഒരുവനെ ശുശ്രൂഷിക്കുന്ന ഡോക്ടറും, നേഴ്സുമെല്ലാം ദൈവത്തിന്റെ രക്ഷാകർമ്മത്തിൽ സഹകാരികളാകുകയാണ്. മലിനമായ സ്ഥലങ്ങൾ ശുചിയാക്കുന്നവനും മുഷിഞ്ഞവസ്ത്രം അലക്കി ശുചിയാക്കുന്നവനും ദൈവിക ദൗത്യത്തിൽ നിന്ന് അകലെയല്ല. ശുദ്ധീകരിക്കുന്നവനും പവിത്രീകരിക്കുന്നവനുമായ പരിശുദ്ധാത്മാവിന്റെ ദൗത്യത്തിലാണ് തന്റെ അദ്ധ്വാനം വഴി അയാൾ സഹകാരിയാകുന്നത്. ദൈവത്തിന്റെ സൃഷ്ടിപരവും, രക്ഷാകരവും, പവിത്രീകരണപരവുമായ ദൗത്യങ്ങളോടു മനുഷ്യനാൽ ചെയ്യപ്പെടുന്ന

ഏതൊരു ജോലിയും — അതെത്ര നിസ്സാരമെന്നും ഹീന മെന്നും മാനുഷിക കണക്കുകൂട്ടലിൽ മുദ്രകുത്തപ്പെട്ടാലും- സംയോജിപ്പിക്കാനും ആ വിധം അദ്ധ്വാനത്തെ മഹത്വപ്പെ ടുത്താനും, സ്വയം മഹിമയുള്ളവരാകുവാനും ഏവർക്കും സാധിക്കും. അദ്ധ്വാനത്തെ വെറുക്കുന്നവൻ, - അലസൻ – മേല്പറഞ്ഞ ദൈവിക പദ്ധതിയിൽ സ്വയം സഹകരിക്കാ തിരിക്കുക വഴി ബഹുമാനം അർഹിക്കപ്പെടാത്തവനായി തീരുകയാണ് ചെയ്യുക. അതാണ് ചാവറയച്ചൻ പറഞ്ഞ ത് ''വേലയെടുക്കുക; വേലയെടുക്കാതിരിക്കുക ബഹു മാനമുള്ള ആളുകളുടെ മുറയല്ല'' എന്ന്.

## ഉപസംഹാരം

അദ്ധ്വാനിക്കുക എന്നത് ദൈവഹിതമാണ്. ഭൂമിയും അതിലെ സർവ്വചരാചരവും സൃഷ്ടിക്കുകയും അതിനെ നല്ലതെന്നു കാണുകയും അനുഗ്രഹിക്കുകയും ചെയ്ത ദൈവത്തിന്റെ സാന്നിദ്ധ്യം നിറഞ്ഞുനില്ക്കുന്ന ഈ ഭൂതലത്തിൽ ചെയ്യപ്പെടുന്ന ഏതൊരു ജോലിക്കും അദ്ധ്വാ നത്തിനും ദൈവികമായ ഒരു പരിവേഷമുണ്ട്. അദ്ധ്വാ നത്തിലൂടെ ദൈവത്തിന്റെ സൃഷ്ടികർമ്മത്തോടും രക്ഷാ കർമ്മത്തോടും, പവിത്രീകരണ കർമ്മത്തോടും മനുഷ്യൻ സഹകരിക്കുകയും അങ്ങനെ സൃഷ്ടപ്രപഞ്ചത്തിന്റെത ന്നെ ലക്ഷ്യവും, ദൈവികപദ്ധതിയും സാക്ഷാത്കരി ക്കാൻ സഹായിക്കുകയുമാണു ചെയ്യുക. ഇവിടെയാണ് അദ്ധ്വാനത്തിന്റെ മഹത്വം നിലകൊള്ളുക. വിശുദ്ധ പൗലോസ് പറയുന്നു: ''അദ്ധ്വാനിക്കാത്തവൻ ഭക്ഷി ക്കാതിരിക്കട്ടെ'' (2തെസ. 3: 10). അദ്ധ്വാനപൂർണ്ണമായ ഒരു ജീവിതത്തിലൂടെ സഹജർക്കു നന്മയുടെ നീർച്ചാലൊ ഴുക്കി ദൈവത്തിൽനിന്നും പ്രതിഫലം സ്വീകരിച്ച് ഭൂമി യിലും സ്വർഗ്ഗത്തിലും അദ്ധ്വാനത്തിന്റെ മഹത്വം വ്യക്തമാക്കിയ മഹാത്മാവാണ് വാഴ്ത്ത. ചാവറയച്ചൻ.

✱

# IV

# കുടുംബം സ്വർഗ്ഗസദൃശമാക്കാൻ

**കു**ടുംബമെന്ന യാഥാർത്ഥ്യത്തെ ഭൂമിയിലെ സ്വർഗ്ഗമായി ദർശിച്ച വാഴ്ത്തപ്പെട്ട ചാവറയച്ചൻ കുടുംബ ജീവിതക്കാർക്കായി നല്കിയ മരണശാസനമാണ് കേരളത്തിലെ ക്രിസ്തീയ കുടുംബജീവിതത്തിൻെറ **'മാഗ്നാകാർട്ടാ'** എന്നു വിശേഷിപ്പിക്കപ്പെടാവുന്ന ചാവരുൾ. കുടുംബ ജീവിതത്തെപ്പററി ഇന്നു പല ക്രിസ്തീയ ഭാഷ്യങ്ങളും സംലഭ്യമാണ്. എന്നാൽ ഇത്തരം ആധുനികഭാഷ്യങ്ങൾ വിരചിതമാകുന്നതിന് ഒന്നേകാൽ നൂററാണ്ടുമുമ്പ്, സഭയുടേയും സമുദായത്തിൻേറയും ആണിക്കല്ലായി കുടുംബത്തെ ദർശിച്ച് മാതൃകാപരമായ കുടുംബജീവിതം കരുപ്പിടിപ്പിക്കേണ്ടതിന് ആവശ്യമായ ദർശനങ്ങൾ, നിർദ്ദേശങ്ങൾ തുടങ്ങിയവ ദൈവവചനത്തിലധിഷ്ഠിതമായി എഴുതിയുണ്ടാക്കിയ ഈ ക്രാന്തദർശിയുടെ വീക്ഷണങ്ങളെ കണ്ടെത്താൻ തുനിയുകയാണിവിടെ.

## കുടുംബം: ഒരു സ്നേഹസമൂഹം

സ്വർഗ്ഗമെന്ന ദൈവികയാഥാർത്ഥ്യത്തിൻെറ പ്രതിഫലനവും, സാദൃശ്യവുമായ കുടുംബത്തിൻെറ അടിസ്ഥാനഭാവം ദൈവികസത്തയുടെ ഉൾക്കാമ്പായ സ്നേഹമാണ്: സ്വയം ദാനംചെയ്യുന്ന, വളർത്തുന്ന, നയിക്കുന്ന, തിരുത്തുന്ന, ആശ്വസിപ്പിക്കുന്ന, ക്ഷമിക്കുന്ന, ശക്തിപ്പെടുത്തുന്ന ....... സ്നേഹം! എണ്ണമില്ലാത്ത സവിശേഷതകൾ ഉൾക്കൊള്ളുന്ന ഈ ദൈവികഭാവത്തിൻെറ ഏററവും പൂർണ്ണവും മോഹനവുമായ പ്രകാശനമാണ് കുടുംബമെന്ന

അടിസ്ഥാനസമൂഹം, സ്വർഗ്ഗസദൃശ്യമായ ഒരു യാഥാർത്ഥ്യമാക്കി കുടുംബത്തെ മാററുന്നത് ഈ സ്നേഹമാണ്. ഈ സത്യം നന്നായി ഗ്രഹിച്ച ചാവറയച്ചൻ എഴുതുന്നു: ''നിങ്ങൾ തമ്മിൽത്തമ്മിൽ സ്നേഹമായിരിപ്പിൻ, ഉപവിയായിരിപ്പിൻ'' (ചാവരുൾ പേജ് 9)

ഒരു കുടുംബത്തിൻെറ സുസ്ഥിതി അതിൽ വസിക്കുന്നവർ തമ്മിലുള്ള പരസ്പരസ്നേഹത്തിലും ധാരണയിലുമാണ് ഏറിയ പങ്കും അധിഷ്ഠിതമായിരിക്കുന്നത്. സ്നേഹാന്വിതമായ ഒരു കുടുംബാന്തരീക്ഷം കരഗതമാകണമെങ്കിൽ മേല്പറഞ്ഞ ദൈവികഭാവങ്ങൾ കുടുംബത്തിൽ പുലർന്നാലേ സാദ്ധ്യമാകൂ. ഇതിലേററം ആവശ്യകമായ ഒരു സവിശേഷതയാണ് ക്ഷമ.

## ക്ഷമ സ്വർഗ്ഗീയാനുഭവത്തിന്

വാഴ്ത്തപ്പെട്ട ചാവറയച്ചൻെറ വീക്ഷണത്തിൽ ഈ ലോകജീവിതത്തിലും, പരലോകജീവിതത്തിലും ലഭ്യമാകുന്ന ദൈവികദാനങ്ങളായ സമാധാനവും നിത്യസൗഭാഗ്യവും വ്യക്തിജീവിതത്തിലും, കുടുംബജീവിതത്തിലും അനുഭവിക്കാനുള്ള മാർഗ്ഗം ക്ഷമിക്കുക എന്നതാണ്. അദ്ദേഹം എഴുതുന്നു:

''ഓരോരുത്തൻെറ അററകുററങ്ങളും കുറച്ചിലു
കളും നിങ്ങൾ തമ്മിൽത്തമ്മിൽ ക്ഷമിക്കിൻ.
ഇപ്രകാരം ചെയ്താൽ ഈ ലോകത്തിൽ സമാധാ
നവും, പരലോകത്തിൽ നിത്യ സൗഭാഗ്യവും,
നിങ്ങൾ അനുഭവിക്കും''(ചാവരുൾ പേജ് 9)

സമാധാനമെന്നത് ദൈവത്തിൻെറ രക്ഷണീയപ്രവർത്തിയുടെ ഫലമാണ്. ദൈവപുത്രനായ മിശിഹായുടെ ജനനവേളമുതൽ സ്വർഗ്ഗാരോഹണം വരെയുള്ള കാലഘ

ട്ടത്തിൽ പ്രത്യേകിച്ചും ഉത്ഥാനാനന്തരമുള്ള പ്രത്യക്ഷീകരണങ്ങളിൽ എപ്പോഴും മിശിഹാ ആശംസിച്ചത് സമാധാനമാണ്. ''എന്റെ സമാധാനം ഞാൻ നിങ്ങൾക്കു നല്കുന്നു. ലോകം തരുന്നതുപോലെയല്ല........''(യോഹ. 14:27). ദൈവവും മനുഷ്യവർഗ്ഗവും തമ്മിലുള്ള ഭിന്നത – പാപത്തിന്റെ ഫലമായ അസമാധാനം – രക്ഷണീയകർമ്മം വഴി_ തന്റെ കുരിശുമരണം വഴി – മിശിഹാ അവസാനിപ്പിച്ച്, സമാധാനം സംസ്ഥാപിച്ചു. ദൈവ – മനുഷ്യബന്ധത്തിന്റേയും, മനുഷ്യ – മനുഷ്യ ബന്ധത്തിന്റേയും സ്ഥായീഭാവമാകേണ്ട സമാധാനത്തിന്റെ നിത്യവും യുഗാന്ത്യോന്മുഖവുമായ അനുഭവത്തെ സൗഭഗ്യമെന്നു വിളിക്കാം. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ മനുഷ്യവർഗ്ഗത്തിന്റെ പാപം, പാപം വഴി ഉടലെടുത്ത ഭിന്നത, ദൈവം ക്ഷമിച്ചതിന്റെ ഫലമാണ് സമാധാനം. ക്ഷമയിലൂടെ വ്യക്തിയും കുടുംബവും സമാധാനം സംജാതമാക്കുമ്പോൾ അതു സ്വർഗ്ഗീയാനുഭവമായി മാറുന്നു.

സ്വകുടുംബത്തിൽ മാത്രമല്ല, ഇതരരുമായുള്ള ബന്ധത്തിലും അവശ്യാവശ്യകമായ ഒന്നാണ് ക്ഷമ, മററുള്ളവർ നമ്മുടെ കുററങ്ങൾ ക്ഷമിക്കണമെങ്കിൽ നാമും അവരുടേതു ക്ഷമിക്കണം. എങ്കിലും ക്ഷമയുടെ അഭ്യസനം ആദ്യം ആരംഭിക്കേണ്ടത് കുടുംബത്തിൽത്തന്നെ.

> നിങ്ങളുടെ അററകുററങ്ങളും മോശങ്ങളും തമ്മിൽ തമ്മിൽ ക്ഷമിക്കയില്ലെങ്കിൽ പുറമേയുള്ളവർ ക്ഷമിക്കുമോ? നാളെ ശേഷംപേർ നിന്റെ ഒരു കുററം ക്ഷമിക്കണമെങ്കിൽ ഇന്നു ശേഷം പേരുടെ അററകുററങ്ങൾ നീ ക്ഷമിക്കേണ്ടയോ ?
>
> (ചാവരുൾ പേജ് 9)

''ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണേ'' എന്ന കർതൃപ്രാർത്ഥന എല്ലാദിവസവും ഉരു

വിടുന്ന ക്രിസ്ത്യാനിയെ സംബന്ധിച്ചടത്തോളം ശത്രുക്കളോട് ക്ഷമിക്കുകയും, ക്ഷമിക്കാൻ പഠിപ്പിക്കുകയും ചെയ്ത മിശിഹായുടെ മാതൃക പിന്തുടരാനുള്ള ആഹ്വാനമാണ് ചാവറയച്ചന്റെ വാക്കുകളിലൂടെ മുഴങ്ങി കേൾക്കുക.

## ക്ഷമിക്കുക - മഹത്വത്തിന്റെ അടയാളം

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ വീക്ഷണത്തിൽ ക്ഷമിക്കാൻ സാധിക്കുന്നത് ''മഹാശക്തിയും, വിവേകവും, അവസ്ഥയുമുള്ള ആളിനുമാത്രം കഴിയുന്നതാണ്''. രാജസേവകരോടുകൂടി നടന്നുപോയ കൊൺസ്തന്തിനോസ് എന്ന മഹാചക്രവർത്തിയെ വഴിമദ്ധ്യേ ഒരാൾ അടിച്ചതും, അയാളെ കൊല്ലാൻ സേവകർ ഉപദേശിച്ചപ്പോൾ ''എന്റെ ഏററം താഴ്ന്ന ഉദ്യോഗസ്ഥനു ചെയ്‌വാൻ കഴിയുന്നത് ഞാൻ ചെയ്യുന്നത് വലിയ കാര്യമോ? എന്നാൽ ഞാൻ ഇതു ക്ഷമിക്കുന്നു. ഇത് എന്റെ ഏററം വലിയ ശക്തിയുടെ അടയാളമാകുന്നു'' (ചാവരുൾ പേജ് 10) എന്നു ഉത്തരിച്ച ചക്രവർത്തിയുടെ മാതൃകയും എടുത്തു കാണിക്കുക വഴി ചാവറയച്ചൻ, മേല്പറഞ്ഞ സത്യത്തെ ഒന്നുകൂടി വ്യക്തമാക്കുകയാണ്. അതേ, ക്ഷമിക്കുക മഹാശക്തിയാണ്, ദൈവികശക്തിയാണ്; ദൈവികമായ ഭാവമാണത്; മഹത്വത്തിന്റെ അടയാളമാണത്. മേല്പറഞ്ഞപോലെ സമാധാനസ്ഥാപനത്തിനും ഇത് അനിർവാര്യമാണ്. ഈ വിധം സമാധാനമുള്ള ഒരുകുടുംബം ലോകദൃഷ്ട്യാ മഹത്വമുള്ളതാണ്. അതിനാലത്രേ, വാഴ്ത്ത. ചാവറയച്ചൻ എഴുതുക:

''ഒരു തറവാടിന്റെ ബഹുമാനവും ഭാഗ്യവും യാതൊരു വഴക്കുമില്ലാതെ എല്ലാവരോടും സമാധാനമായിരിക്കുന്നതത്രേ'' (ചാവരുൾ പേജ് 10)

## കലഹം ദുരിതകാരണം

ക്ഷമയിലൂടെ കരഗതമാകേണ്ട സമാധാനവും, സൗഭാഗ്യവും താറുമാറാക്കുന്ന തിന്മയാണ് കലഹങ്ങളും ഭിന്നതകളും. പരസ്പരം ഭിന്നിച്ചും കലഹിച്ചും കലുഷിതമായിരിക്കുന്ന കുടുംബത്തിൽ സമാധാനം ഉണ്ടാകില്ലെന്നു മാത്രമല്ല അവിടെ ഐശ്വര്യം കളിയാടില്ല. നാശത്തിലേയ്ക്കുള്ള നീക്കമായിരിക്കുമത്. ഭിന്നിച്ചു നില്ക്കുന്ന കുടുംബാംഗങ്ങളുടെ അവസ്ഥ ആ കുടുംബത്തെ എവിടെ കൊണ്ടുചെന്നെത്തിക്കുമെന്ന് അദ്ദേഹം പറയുന്നതിപ്രകാരമാണ്:

> ഒരു വീട്ടിൽത്തന്നെ ജ്യേഷ്ഠാനുജന്മാരും സ്ത്രീജനങ്ങളും തമ്മിൽത്തമ്മിൽ സ്നേഹമില്ലാതെ എല്ലായ്പ്പോഴും വഴക്കും സംസാരവുമായിരിക്കുന്നത് എത്രയോ ദുഃഖിക്കത്തക്കതു്. "ഭിന്നിക്കപ്പെട്ട രാജ്യം നിലനില്ക്കാൻ പാടില്ലെന്ന്" നമ്മുടെ കർത്താവുതന്നെ അരുളം ചെയ്തിരിക്കുന്നു. ഇപ്രകാരം വഴക്കുള്ള തറവാട് വേഗത്തിൽ നാശമായിപ്പോകും. (ചാവരുൾ . പേജ് : 9)

മനുഷ്യജീവിതത്തിൽ ക്ലേശങ്ങൾ പലവിധത്തിലുണ്ടാകാം; അതുണ്ടുതാനും. എന്നാൽ അനാവശ്യമായി ക്ലേശങ്ങൾ സൃഷ്ടിക്കരുതെന്ന് ചാവറയച്ചൻ ഉദ്ബോധിപ്പിക്കുന്നു. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ ക്ഷമയില്ലാതെ, കലഹങ്ങളും ഭിന്നതകളും സൃഷ്ടിക്കുന്നത് ജീവിതക്ലേശങ്ങളെ സ്വയം വർദ്ധിപ്പിക്കലാണ്. അദ്ദേഹം ചോദിക്കുന്നു:

> ആദമെന്ന മഹാപിതാവ് നമുക്കവകാശമായി വച്ചിരിക്കുന്ന ഞെരുക്കങ്ങളും സങ്കടങ്ങളും പോരാഞ്ഞിട്ടാണോ നിങ്ങൾ സ്വമനസ്സാലേ വീണ്ടും ഉണ്ടാക്കുന്നത്? (ചാവരുൾ . പേജ് : 9)

കലഹങ്ങൾ ഒഴിവാക്കാനും, കുററങ്ങളും കുറവുകളും ക്ഷമിക്കുവാനും ഒരുവനെ പ്രാപ്തനാക്കുന്നത് കറകളഞ്ഞ

സ്നേഹമാണ്. ''സ്നേഹം പാപത്തെ മൂടിക്കളയുന്നു'' എന്നാണല്ലോ പറയുന്നത്. സ്വാർത്ഥതയില്ലാത്ത, ആത്മാർത്ഥതയുള്ള സ്നേഹം കുടുംബങ്ങളിൽ തളിരിടുമ്പോരം കുററങ്ങളും, കുറവുകളും ഒരു പ്രശ്നമല്ലാതായിത്തീരും. സ്നേഹമില്ലെങ്കിൽ ''ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെല്ലാം കുററം'' എന്ന ചൊല്ലുപോലെ ആയിത്തീരുകയും ചെയ്യും. വി. ഗ്രന്ഥം പറയുന്നു: ''തെററു പൊറുക്കുന്നവൻ സ്നേഹിതനെ നേടുന്നു. കുററപ്പെടുത്തിക്കൊണ്ടേ ഇരിക്കുന്നവൻ അവനെ പിണക്കി അകററുന്നു'' (സുഭാ. 19 : 7). കുടുംബത്തിലെ ഓരോ അംഗവും സ്വന്തമാണെന്ന അനുഭവം അവരുടെ വളർച്ചയും, തളർച്ചയും, ഉയർച്ചയും, വീഴ്ചയും എല്ലാം സ്വന്തമെന്നപോലെ സ്വീകരിക്കാനുള്ള സന്നദ്ധത, വിട്ടുവീഴ്ചചെയ്യാനും, സ്വാർത്ഥം തേടാതിരിക്കാനും, അസൂയപ്പെടാതിരിക്കാനും, സഹിഷ്ണതയോടെ വർത്തിക്കാനുമൊക്കെയുള്ള സന്മനസ്സ്, പരസ്പരം മനസ്സിലാക്കാനുള്ള തുറവി, തുടങ്ങിയവയൊക്കെ ഉണ്ടെങ്കിലെ ഇതു സാധിക്കൂ. ഇവിടെയാണ് പ്രാർത്ഥനയുടെ പ്രസക്തി. ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം, ഒന്നിച്ചു ഭക്ഷിക്കുന്നു; ഒന്നിച്ചു ആലോചിക്കുകയും, തീരുമാനിക്കുകയും ചെയ്യുന്നു; ഒന്നിച്ചു സന്തോഷിക്കുന്നു; സുഖവും ദുഃഖവുമെല്ലാം ഒന്നിച്ചു പങ്കിടുന്നു. ഈ ഒരുമയാണ് കുടുംബത്തിൻെറ ഭദ്രത. ''സ്നേഹിക്കുന്നവരെ മാത്രം സ്നേഹിക്കുന്ന'' ജീവിതശൈലിയല്ലത്. നന്മ ചെയ്യുന്നവർക്കു മാത്രം നന്മചെയ്യുന്ന ജീവിതാദർശമല്ലത്. പിന്നെയോ, വ്യവസ്ഥയില്ലാത്ത സ്നേഹത്തിൻെറ ശാന്തവും സ്വച്ഛവുമായ ഒഴുകലാണത്; പകരലാണത്. ഇത്തരമൊരു സ്നേഹസാമ്രാജ്യമായി കുടുംബങ്ങരം മാറുമ്പോഴാണ് കുടുംബം സ്വർഗ്ഗസദൃശ്യമാവുക.

## നീതിയിലധിഷ്ഠിത ജീവിതം

വാഴ്ത്ത. ചാവറയച്ചൻ, തൻെറ മാംസ സംബന്ധികളായ ഇടവകക്കാരോട് 'നീതിയാലേയും ഉപവിയാലേയും

തനിക്കുള്ള കടമ നിറവേററുവാനായിഎഴുതിയ ഈ കുടുംബചട്ടത്തിൽ ഒരു കുടുംബം പുലർത്തേണ്ട നീതിയെക്കുറിച്ച് സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. സാമാന്യമായി പറഞ്ഞാൽ, ഓരോരുത്തനും അർഹിക്കുന്നതു നല്കുക എന്നതാണല്ലോ നീതി. ദൈവമർഹിക്കുന്നതു ദൈവത്തിനും, മനുഷ്യരർഹിക്കുന്നതു മനുഷ്യർക്കും നല്കുന്ന നീതി. ഈ ''അർഹിക്കലിന്'' ഓരോരുത്തരും നിശ്ചയിക്കുന്ന മാനദണ്ഡമനുസരിച്ച് നീതിനിർവ്വഹണം മാറിമറിഞ്ഞെന്നുവരാം. എന്നാൽ വാഴ്ത്ത. ചാവറയച്ചന്റെ വീക്ഷണത്തിൽ, നീതിയുടെ മാനദണ്ഡം സ്നേഹം തന്നെയാണ്. സ്നേഹത്തിന്റെ കണ്ണിലൂടെ അപരനെ നോക്കുമ്പോൾ അവന്റെ അർഹതയ്ക്ക്, ആവശ്യങ്ങൾക്ക് ഏറെ ആഴം കണ്ടെത്താൻ കഴിയും. വി. യാക്കോബുശ്ലീഹായുടെ വചനങ്ങളെ സ്വാംശീകരിച്ചുകൊണ്ട് അദ്ദേഹം എഴുതുന്നു:

> വേലക്കാർക്ക് ന്യായമുള്ള കൂലി കൊടുക്കാതിരിക്കയോ താമസിപ്പിക്കയോ ചെയ്യരുത്. എന്തെന്നാൽ ഇത് ദൈവത്തിൻ പക്കൽ നിലവിളിക്കുന്ന പാപം ആകുന്നു. പാവപ്പെട്ടവരെ നിന്ദിക്കേണ്ട; അവരെ ബുദ്ധിമുട്ടിക്കയും വേണ്ടാ: എന്തെന്നാൽ ദൈവം അവരുടെ കണ്ണുനീർ കണ്ടാൽ നിശ്ചയമായും നിന്നോടു പകരം ചോദിക്കും.
> (ചാവരുൾ. പേജ് : 17)

ഇതരരുമായുള്ള ബന്ധത്തിൽ ഒരു കുടുംബം പുലർത്തേണ്ട നീതിയെ സമ്യക്കായി അവതരിപ്പിക്കുന്നതാണ് മേല്പറഞ്ഞ വചനങ്ങൾ. അദ്ദേഹം വീണ്ടും പറയുന്നു:

> ഭിക്ഷക്കാർ വെറും കൈയ്യോടുകൂടി നിന്റെ വീട്ടിൽ നിന്ന് പോകുവാൻ നീ സമ്മതിക്കേണ്ടാ - പാടുള്ളപ്പോഴൊക്കെയും അല്പമെങ്കിലും ദാനധർമ്മം കൊടുക്കാതെ ഇരിക്കേണ്ട (ചാവ. പേജ്:15).

'കൂലി' വേലയ്ക്കു പ്രതിഫലമായി ലഭിക്കേണ്ട, നീതിപൂർവ്വകമായ കാര്യമാണെങ്കിലും 'ദാനധർമ്മം' 'അർഹത'

പ്പെടാത്ത സാഹചര്യത്തിൽ പോലും ദാതാവിന്റെ മനഃസ്സാക്ഷിയിൽ ഉയരുന്ന, അപരന്റെ ആവശ്യങ്ങളെ കണ്ടറിഞ്ഞ് സഹായഹസ്തം നീട്ടുവാനുള്ള സ്നേഹത്തിന്റെ നിമന്ത്രണത്തിന്റെ ഫലമാണ്.

നീതിയെക്കുറിച്ചു പറയുമ്പോൾ സ്വഭാവികമായും സാമൂഹ്യനീതി, സമ്പത്തിന്റെ വിനിയോഗത്തോടു ബന്ധപ്പെട്ടാണ് സാധാരണ ചിന്തിക്കാറുള്ളത്. എന്നാൽ നീതിയെന്നത് അതുകൊണ്ടു മാത്രം ഉൾക്കൊള്ളാവുന്ന ഒന്നല്ല. അതിന്റെ ചക്രവാളം ഏറെ വിശാലമാണ്. നസ്രസ്സിലെ കുടുംബ നാഥനായ വി. യൗസേപ്പ് 'നീതിമാനായിരുന്നു' എന്നു വി. ഗ്രന്ഥം സാക്ഷിക്കുന്നു. ഈ തിരുവചനത്തിന്റെ വ്യാഖ്യാനത്തിലേയ്ക്കൊന്നും ഇവിടെ കടക്കുന്നില്ല. എങ്കിലും ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നത് ഉചിതമായിരിക്കും. ''വ്യഭിചാരിണിയെ കല്ലെറിഞ്ഞു കൊല്ലണ'' മെന്ന യഹൂദ നിയമം മാനദണ്ഡമായുള്ള യൗസേപ്പ്, വിവാഹത്തിനു മുമ്പുതന്നെ ഗർഭിണിയായികാണപ്പെട്ട തന്റെ നിയുക്ത വധുവിനെ, നിയമത്താലുള്ള നീതി അവളെ അർഹയാക്കുന്ന കല്ലെറിയലിനല്ല വിട്ടുകൊടുക്കുന്നത്. പ്രത്യുത അവളെ അപമാനിതയാക്കാതിരിക്കാൻ— മൂന്നാമതൊരുവന്റെ മുമ്പിൽ പോലും അവളെ തെറ്റുകാരിയെന്നു പ്രഖ്യാപിക്കാതിരിക്കാൻ— രഹസ്യത്തിൽ ഉപേക്ഷിക്കുവാൻ തീരുമാനിക്കുന്നു. ഇവിടെ നിയമത്തിന്റെ മൂനയല്ല സ്നേഹത്തിന്റെ വിശാലതയാണ് യൗസേപ്പിന്റെ നീതിയ്ക്കു മാനദണ്ഡമായി ഭവിച്ചത്. കുടുംബബന്ധളുടെ സുസ്ഥിതിയ്ക്ക്, കുടുംബാംഗങ്ങൾ, പ്രത്യേകിച്ചും ഭാര്യാ ഭർത്താക്കന്മാർ തമ്മിലുള്ള സുദൃഢ ബന്ധത്തിന്, സ്നേഹത്തിലധിഷ്ഠിതമായ ഇപ്രകാരമുള്ള നീതി എത്ര മാത്രം ആവശ്യകമാണെന്നു പറഞ്ഞറിയിക്കേണ്ട കാര്യമല്ല. ചാവറയച്ചൻ പറയുന്നതുപോലെ ''ഒപ്പത്തിനൊപ്പം പകരംവീഴ്ച ചെയ്യാൻ മൃഗങ്ങൾക്കു പോലും സാധിക്കും'' (ചാവ . പേജ് : 10). കുടുംബ ബന്ധങ്ങളെ തകർ

ക്കുന്ന സംശയങ്ങളിൽ, തെററിദ്ധാരണകളിൽ, അപൂർവ്വമായെങ്കിലും സംഭവിക്കാവുന്ന അവിശ്വസ്തതകളിൽ, വീഴ്ചകളിൽ, സത്യമെന്തെന്നോ, സാഹചര്യമെന്തെന്നോ പോലും അന്വേഷിക്കാതെ പിണങ്ങിമാറാനും, ബന്ധങ്ങൾ വേർപെടുത്താനും, വീടുവിട്ടിറങ്ങിപ്പോകാനും, പങ്കാളിയെ വകവരുത്താനുമൊക്കെ തുനിയുന്ന പ്രവണത വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ നിയമത്തിൻെറ മാനദണ്ഡത്തിനപ്പുറം സ്നേഹത്തിൽ അധിഷ്ഠിതമായി ചിന്തിക്കാനും പെരുമാറാനും തയ്യാറാവുക ആവശ്യകമാണ്. എന്നുമാത്രമല്ല, ക്രിയാത്മകമായി സ്നേഹത്തിൻെറ കണ്ണിലൂടെ ഇതരൻെറ ആവശ്യങ്ങളെ നോക്കിക്കണ്ട്, ഈ ആവശ്യങ്ങളുടെ നിർവ്വഹണം അവർക്ക് അർഹതപ്പെട്ടതെന്നു മനസ്സിലാക്കി പ്രവർത്തിക്കാൻകൂടി തുടങ്ങിയാൽ കുടുംബം സ്വർഗ്ഗതുല്യമാകും. ഭാര്യക്കും, കുട്ടികൾക്കും ആഹാരവും, വസ്ത്രവും, പാർപ്പിടവുമൊക്കെ അർഹതപ്പെട്ടതുതന്നെ. അതു നല്കിയതുകൊണ്ടു മാത്രം ഒരു ഭർത്താവെന്ന നിലയിൽ, പിതാവെന്നനിലയിലുള്ള ഒരുവൻെറ ധർമ്മം തീരുന്നില്ലല്ലോ.

സ്വർഗ്ഗീയസദൃശ്യമായ ഒരു കുടുംബത്തിൻെറ രൂപീകരണത്തിൻെറ അടിസ്ഥാനം സ്നേഹം തന്നെയാണ്. ഈ സ്നേഹം, ക്ഷമയുള്ളതും, നീതിയിലധിഷ്ഠിതവുമായിരിക്കണം. എന്നു പറയുമ്പോഴും ആത്യന്തികമായി അതു സ്നേഹം തന്നെയാണ്. കാരണം ക്ഷമിക്കുന്നതിനും, യഥാർത്ഥമായ നീതി നിറവേററുന്നതിനും സ്നേഹം കൂടിയേ കഴിയൂ. ''ദൈവം സ്നേഹമാകുന്നു; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു'' (1 യോഹ . 4 : 16). സ്നേഹസമൂഹമായി കുടുംബം മാറുമ്പോൾ അവിടെ ദൈവം വസിക്കും. ദൈവം വസിക്കുന്നിടമാണ് സ്വർഗ്ഗം. എങ്കിൽ ഒരു ''ക്രിസ്തീയ കുടുംബം ആകാശമോക്ഷത്തിൻെറ സാദൃശ്യ'' മാകാൻ (ചാവ. പേജ് : 7) മറെറാന്നും ആവശ്യമില്ല; സ്നേഹം മാത്രം മതി. ഇപ്രകാരമൊരു കുടുംബത്തെക്കുറിച്ചാണ് ചാവറയച്ചൻ പറയുന്നത്; ''ദുഃഖങ്ങളുടെ സ്ഥലമായിരിക്കുന്ന ഈലോകത്തിൽ ഓരോരോ ഞെരുക്കങ്ങളിലും സങ്കടങ്ങളിലും ഏററം മധുരിക്കപ്പെട്ട ആശ്വാസവും സമാധാനവും ഉപവിയും ക്രമവുമുള്ള ഒരു കുടുംബത്തിൽ ജീവിക്കുന്നതാകുന്നു'' (ചാവ . പേജ് : 7) എന്ന്.

✻

# V

# മാതാപിതാക്കളും മക്കളുടെ നല്ല വളർത്തലും

ഉത്തമമായ ഒരു കുടുംബത്തിൻെറ രൂപകീരണത്തിനും, വളർച്ചയ്ക്കും സഹായകമായ ദൈവവചനാധിഷ്ഠിതവും, പ്രായോഗികവുമായ ഉപദേശങ്ങളും അനുശാസനങ്ങളും അടങ്ങിയ ഒരു ദീർഘമായ കത്താണ് **വാഴ്ത്ത. ചാവറയച്ചൻെറ ''ചാവരുൾ''.** ചാവരുളിൽ മുഖ്യമായും പ്രതിപാദിക്കപ്പെടുന്ന വസ്തുതകൾ മാതാപിതാക്കൾ എപ്രകാരമാണു തങ്ങളുടെ മക്കളെ ക്രിസ്തീയവും, ദൈവത്തിന് സ്വീകാര്യവുമായ വിധത്തിൽ വളർത്തേണ്ടതെന്നുള്ളതാണ്. മക്കളുടെ നല്ലവളർത്തലിനെ മാതാപിതാക്കളുടെ പ്രഥമധർമ്മമായി കാണുന്ന ചാവറയച്ചൻ, അതിനനുസൃതമായ പ്രായോഗികജ്ഞാനം തലമുറകൾക്കായി നിക്ഷേപിച്ച ഒരു ജ്ഞാനസൂക്ത സമാഹാരമാണ് ഈ ചെറുകൃതി എന്നു വേണമെങ്കിൽ പറയാം.

## മാതാപിതാക്കളുടെ ധർമ്മം

ചാവറയച്ചൻ എഴുതുന്നു: ''കാരണവന്മാരേ, നിങ്ങളുടെ മക്കളെ വളർത്തുന്ന കാര്യം നിങ്ങളുടെ എത്രയും പ്രധാനപ്പെട്ട കാര്യവും കടമയുമാകുന്നു എന്ന് നന്നായി അറിഞ്ഞുകൊൾക'' (ചാവ . പേജ് 22). മാതാപിതാക്കളുടെ ഏററം മൗലികമായ ധർമ്മമാണ് സന്താനങ്ങളുടെ ശരിയായ വളർത്തൽ. കുട്ടികളെ വളർത്തുക എന്നത് അവരുടെ ഔദാര്യം എന്നതിനേക്കാൾ വിവാഹമെന്ന കൂദാശയിൽ തന്നെ അന്തർഹിതമായിട്ടുള്ള ദൈവിക നിയമമാണ്. കുട്ടികളെ വളർത്തുമ്പോഴാണ് ദാമ്പത്യസ്നേഹം മാതാ

പിതാക്കളുടേതായ യഥാർത്ഥസ്നേഹമായി പ്രകാശിതമാകുന്നത്. പരി. പിതാവ് ജോൺ പോാം മാർപ്പാപ്പാ പറയുന്നു: ''കുടുംബത്തിൻെറ ആരംഭത്തിൽ ദാമ്പത്യസ്നേഹമായി പ്രകാശിപ്പിക്കപ്പെട്ട 'വ്യക്തികളുടെ കൂട്ടായ്മ' കുട്ടികളുടെ വളർത്തലിൽ പൂർണ്ണമാവുകയും സാക്ഷാത്കരിക്കപ്പെടുകയും ചെയ്യുന്നു''(പോപ്പ് ജോൺ പോാം രണ്ടാമൻ, കുടുംബങ്ങാംക്കൊരെഴുത്ത്, നമ്പർ16)

## മക്കൾ: ഭാവിനിക്ഷേപം

മക്കളെ ഉത്തമരായി വളർത്തുന്നതിനു പിമ്പിലുള്ള ചാവറയച്ചൻെറ വീക്ഷണം ഏററം ഉദാത്തമാണ്. അദ്ദേഹം പറയുന്നു:

> ''മക്കാം, സർവ്വേശ്വരൻ തമ്പുരാൻ സൂക്ഷിപ്പാനായിട്ടു നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്ന ഒരു നിക്ഷേപമാകുന്നു. തൻെറ തിരുച്ചോരകൊണ്ട് ശുദ്ധീകരിക്കുന്നതിനും തൻെറ ശുശ്രൂഷികളാകുന്നതിനും വിധിദിവസങ്ങളിൽ തിരികെ ഏല്പിക്കുന്നതിനും ആയിട്ട് ഈശോമിശിഹാ നിങ്ങളുടെ കയ്യിൽ ഏല്പിച്ചിരിക്കുന്ന ആത്മാക്കാം ഇവരാകുന്നു എന്നു നന്നായി അറിഞ്ഞുകൊള്ളുക''(ചാവരുാം പേജ്22)

ദൈവം കരങ്ങളിൽ ഏല്പിച്ച ഏററം വലിയ നിക്ഷേപമാണ് മക്കാം. ഈ നിക്ഷേപത്തെ അമൂല്യനിധിയായി കണ്ട് സ്വീകരിക്കുന്നതിനും, വളർത്തി പരിപോഷിപ്പിക്കുന്നതിനും, ഏററമൊടുവിൽ ദൈവകരങ്ങളിൽ ഭരമേല്പിക്കുന്നതിനും മാതാപിതാക്കാം കടപ്പെടുന്നു. ഒരു കുടുംബത്തിൻെറ നിക്ഷേപം മക്കളാണെന്ന ചാവറയച്ചൻെറ വാക്കുകാംക്ക് ആധുനിക സംസ്ക്കാരത്തിൽ എന്തു പ്രതികരണമാണുളവാക്കുന്നതെന്ന് ചിന്തിക്കുന്നത് ഉചിതമാ

യിരിക്കും. 'നിക്ഷേപങ്ങൾ' വർദ്ധിപ്പിക്കാൻ, സമ്പത്തു വർദ്ധിപ്പിക്കാൻ പരക്കം പായുന്നവനാണ് ആധുനിക മനുഷ്യൻ. മക്കളുടെ എണ്ണം വർദ്ധിച്ചാൽ ദാരിദ്ര്യമാണ് വർദ്ധിക്കുന്നതെന്നു കരുതി മക്കളുടെ എണ്ണം പരിമിതപ്പെടുത്തുകയും, ഒപ്പം ബാങ്കു നിക്ഷേപം കൂട്ടുവാൻ യത്നിക്കുകയും ചെയ്യുന്ന ഈ കാലഘട്ടം ഇന്നു ചെന്നെത്തിനില്ക്കുന്നത് ''മരണസംസ്ക്കാര''മെന്നു വിശേഷിപ്പിക്കപ്പെടുന്ന ഗർഭഛിദ്രത്തിലും ഭ്രൂണഹത്യയിലുമൊക്കെയാണ്. അതും പ്രത്യേകിച്ച് കുട്ടി, പെൺകുട്ടിയാണെങ്കിൽ ബാങ്കു നിക്ഷേപവും ഭൂസ്വത്തും, അദ്ധ്വാന ഫലവും ശൂന്യമാക്കിമാററുവാൻ കാരണമാകുന്ന 'സ്ത്രീ' യെന്ന നിക്ഷേപത്തെ സ്വീകരിക്കാൻ പലരും തയ്യാറാവുന്നില്ല. ഇവിടെയാണ് ചാവറയച്ചന്റെ വാക്കുകൾ വെല്ലുവിളി ഉയർത്തുന്നത്.

ഏകദേശം ഒന്നര നൂററാണ്ടുമുമ്പ് ചാവറയച്ചൻ പറഞ്ഞ അതേ വാക്കുകൾ തന്നെ ആവർത്തിച്ചുകൊണ്ട് പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ ഈ 20–ാം നൂററാണ്ടിന്റെ അന്ത്യത്തിൽ ഇപ്രകാരമെഴുതി:

> കുടുംബത്തിൽ ജനിച്ചുവളരുന്ന ഓരോ കുട്ടിയും ഒരു ഭാവിനിക്ഷേപമാണ്. അതു കുറഞ്ഞുപോകാതെയും, നഷ്ടപ്പെടാതെയുമിരിക്കുന്നതിനും, കൂടുതൽ കൂടുതൽ പക്വതയാർന്ന മനുഷ്യത്വത്തിലേക്കു വന്നുചേരുന്നതിനും വേണ്ടി അത് ഉത്തരവാദിത്വപൂർവ്വം സ്വീകരിക്കപ്പെടണം.
>
> (കുടുംബങ്ങൾക്കൊരെഴുത്ത് നമ്പർ 16)

തങ്ങളുടെ തന്നെ അസ്തിത്വത്തിന്റേയും, വ്യക്തിത്വത്തിന്റേയും പ്രകാശനവും, ഫലവുമായ, സ്വന്തശരീരത്തിൽ നിന്നും, രക്തത്തിൽ നിന്നും ജന്മമെടുക്കുന്നതായ മക്കളെ ഏററം അമൂല്യ നിധികളായി കാണാനും, എന്തു

ത്യാഗം സഹിച്ചും ഈ നിക്ഷേപത്തെ പോഷിപ്പിക്കുവാനുള്ള കടമനിറവേററുന്ന മാതാപിതാക്കന്മാർ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കാളികളാകുന്ന സഹസ്രഷ്ടാക്കളാണ്.

## ശിക്ഷണത്തിൻ കീഴിൽ

മക്കളെ ജനിപ്പിക്കുന്നതിനു മാത്രമല്ല, ശരിയായ ശിക്ഷണത്തിൽ അവരെ വളർത്തുന്നതിനും മാതാപിതാക്കൾ ഉത്സുകരായിരിക്കണമെന്നു ചാവറയച്ചൻ നിർദ്ദേശിക്കുന്നു. ശിക്ഷണമെന്ന പ്രക്രിയയിൽ ആദ്ധ്യാത്മിക ശിക്ഷണത്തിനാണ് അദ്ദേഹം ഏറെ പ്രാധാന്യം നല്കുന്നത്. ചെറു പ്രായത്തിൽത്തന്നെ തമ്പുരാനെ സ്നേഹിക്കുവാനും, ഭയപ്പെടുവാനും അവരെ പഠിപ്പിക്കണം. ചാവറയച്ചൻ എഴുതുന്നു:

> "നിങ്ങളുടെ വാർദ്ധക്യത്തിൽ നിങ്ങളെ രക്ഷിപ്പാനും സന്ധിപ്പാനും തക്ക നല്ല മക്കൾ നിങ്ങൾക്കുണ്ടാകണമെങ്കിൽ അവരെ ചെറുപ്രായത്തിൽ നല്ല ക്രസ്ത്യാനികളാക്കുവിൻ. ഈ പ്രായത്തിൽ അവർ തമ്പുരാനെ സ്നേഹിക്കുകയും, പേടിക്കുകയും ഇല്ലെങ്കിൽ, പിന്നെ അവർ അവരുടെ കാരണവന്മാരെയും പേടിക്കയും ബഹുമാനിക്കുകയും ചെയ്കയില്ല. (ചാവരുൾ പേജ് 22)

## ദൈവോന്മുഖ പരിശീലനം

നല്ല ക്രിസ്ത്യാനിപ്പൈതങ്ങളായി മക്കളെ വളർത്താൻ ചെറുപ്പംമുതൽത്തന്നെ ദൈവോന്മുഖമായ ഒരു ജീവിതശൈലി അവരിൽ വളർത്തിയെടുക്കേണ്ടതുണ്ട്. അതിനായി അദ്ദേഹം നിർദ്ദേശിക്കുന്നു:

അല്പം ദൃഢതയുണ്ടാകുമ്പോൾ തന്നെ ഭക്തിയോടു

കൂടെ ഈശോ മറിയം യൗസേപ്പെന്ന തിരുനാമങ്ങളെ ചൊല്ലുവാൻ അവരെ പഠിപ്പിക്ക ...........
ആകാശങ്ങളിലിരിക്കുന്നതും, നന്മ നിറഞ്ഞ മറിയം, ത്രികാലജപം മുതലായ ചെറിയ ജപങ്ങളെ പഠിപ്പിക്ക. ചുരുക്കത്തിൽ ശരീരത്തിനടുത്ത യാവന (ആഹാരം) അവർക്കു കൊടുക്കുന്നതിനോടു കൂടെ ആത്മത്തിനടുത്ത യാവനകളേയും അവർക്കു നല്കുക'' (ചാവരുാം പേജ്23).

എത്ര സൂക്ഷ്മതയോടെയും, പ്രായോഗികതയോടുംകൂടിയാണ് ദൈവോന്മുഖ വളർച്ചയെ ചാവറയച്ചൻ വീക്ഷിക്കുന്നതെന്നു ഇവിടെ വെളിവാകുന്നു. ഇത്തരുണത്തിൽ പോാം ആറാമൻ മാർപ്പാപ്പായുടെ വാക്കുകാം പ്രസക്തമെന്നു തോന്നുന്നു. അദ്ദേഹത്തിൻെറതന്നെ വാക്കുകളിൽ·

അമ്മമാരേ, നിങ്ങാം നിങ്ങളുടെ കുഞ്ഞുങ്ങളെ ക്രിസ്തീയ പ്രാർത്ഥനകാം പഠിപ്പിക്കാറുണ്ടോ? അവർ ചെറുപ്പത്തിൽ സ്വീകരിക്കുന്ന പാപസങ്കീർത്തനം, ദിവ്യകാരുണ്യം, സൈ്ഥര്യലേപനം എന്നീ കൂദാശകാംക്കു വൈദികരോടൊത്തു ചേർന്ന് നിങ്ങാം അവരെ ഒരുക്കാറുണ്ടോ? അവർ രോഗികളായിരിക്കുമ്പോാം പീഡകാം സഹിക്കുന്ന ക്രിസ്തുവിനെക്കുറിച്ചു ചിന്തിക്കാനും, പരിശുദ്ധ കന്യകയുടെയും വിശുദ്ധരുടെയും സഹായം തേടാനും നിങ്ങാം അവരെ പ്രോത്സാഹിപ്പിക്കാറുണ്ടോ? നിങ്ങാം ഒരുമിച്ച് കുടുംബക്കൊന്ത ചൊല്ലാറുണ്ടോ? അല്ലയോ അപ്പന്മാരേ, ചുരുങ്ങിയപക്ഷം ചിലപ്പോഴെങ്കിലും നിങ്ങാം സന്താനങ്ങളോടൊന്നിച്ച്, കുടുംബസമൂഹം മുഴുവനോടുമൊത്തുചേർന്നു പ്രാർത്ഥിക്കാറുണ്ടോ?

ചിന്തയിലും പ്രവർത്തിയിലുമുള്ള നിങ്ങളുടെ സത്യസന്ധതയുടെ മാതൃക, ചില പൊതുപ്രാർത്ഥനകളോടൊന്നിച്ച്, ഒരു ജീവിതപാഠവും നിസ്തുലമൂല്യത്തോടുകൂടിയ ഒരാരാധനാകർമ്മവുമാണ്. ഇങ്ങനെയാണ് നിങ്ങളുടെ കുടുംബത്തിന് സമാധാനമണയ്ക്കുന്നത്. നിങ്ങൾ സഭയെ കെട്ടിപ്പടുക്കുന്നത് അങ്ങനെയാണെന്നോർമ്മിക്കുക.

(Quoted in, John Paul II, Familiaris Consortio,60.)

## മഹിമയാർന്ന ശാസനം

ആദ്ധ്യാത്മിക ശിക്ഷണം മാത്രമല്ല, ഭൗതികവും മാനസികവും വൈകാരികവുമായ വളർച്ചയിലും ഉചിതമായ മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ അദ്ദേഹം മാതാപിതാക്കളോട് അനുശാസിക്കുന്നു. അതിനായി ധിഷണാശാലിയായ അദ്ദേഹം കല്പിക്കുന്നത് ഒരു മന:ശാസ്ത്രജ്ഞന്റെ പാടവത്തോടെ ഇപ്രകാരമാണ്:

> മക്കളോടു അധിക കടുപ്പവും അധിക അനുഗ്രഹവും രണ്ടും തിന്മയാകുന്നു. അതിവാത്സല്യം നിഗളവും, അധിക കോപം ശിക്ഷയും, ശരണക്കേടും, നാണമില്ലായ്കയും ബുദ്ധിമടുപ്പും അവർക്കു വരുത്തും. അവരെ തല്ലുന്നതിനു മുമ്പിൽ വിവേകമുള്ള മഹിമയോടുകൂടി അവരെ കുററപ്പെടുത്തുകയും ഭക്ഷണം കുറയ്ക്കുകയും ചിലപ്പോൾ മുട്ടിൻമേൽ നിറുത്തുകയും ചെയ്യാം. മക്കളെ കുററപ്പെടുത്തുന്നതിൽ ദൂഷണങ്ങൾ പറകയും മററും ചെയ്യുന്നത് അവരെ നന്നാക്കുകയല്ല പിന്നെയോ പ്രാപ്തിയാകുമ്പോൾ അവരും തങ്ങളുടെ മക്കളോട് ഇപ്രകാരം ചെയ്യാൻ പഠിപ്പിക്കയത്രേ. (ചാവരുൾ . പേജ് : 24)

മക്കളെ ശിക്ഷിക്കുമ്പോൾ വിവേകത്തോടും, മഹിമയോടും കൂടി, ദൂഷണ വാക്കുകൾ ഉരിയാടാതെ അതു ചെയ്യണമെന്ന അദ്ദേഹത്തിന്റെ നിർദ്ദേശത്തിന് ആഴമായ അർത്ഥമുണ്ട്. വികാരാവേശത്താൽ, കോപം കൊണ്ട് തുള്ളിച്ചാടി കയ്യിൽ കിട്ടുന്നതു വെച്ചു അടിക്കുകയും, വായിൽ വരുന്നതൊക്കെ പുലമ്പുകയും ചെയ്യുന്ന മാതാപിതാക്കളുടെ 'ശിക്ഷണം' ശിക്ഷണമെന്നതിനെക്കാൾ ശിക്ഷയും ശാപവുമായി മാറുകയാണെന്ന വസ്തുത പലരും ഓർമ്മിക്കാറില്ല. മാതാപിതാക്കളോടു കടുത്ത വെറുപ്പും വൈരാഗ്യവും വീണ്ടും തന്നിഷ്ടം നിറവേററാനുള്ള പക്വമല്ലാത്ത തീരുമാനവുമാണ് അതിന്റെ പരിണിത ഫലം. ശിക്ഷയല്ല ശിക്ഷണമാണ് മക്കൾക്കു നല്കേണ്ടത്. ശിക്ഷണം യഥാർത്ഥമായ സ്നേഹത്തിൽ നിന്ന്, മക്കളുടെ നന്മയിലുള്ള അഭിവാഞ്ചയിൽ നിന്ന് ഉരുതിരിയുന്നതാണ്. ന്യായവിധി നടത്തി ശിക്ഷിക്കാൻ കോടതിക്കും കഴിയും. എന്നാൽ നന്മ ലക്ഷ്യം വെച്ച് ശിക്ഷണം നൽകാൻ മാതാപിതാക്കൾക്കാണ് പ്രധാനമായും കഴിയുക. പ്രഭാഷക ഗ്രന്ഥത്തിൽ വായിക്കുന്നു:

> മകന്റെ ലജ്ജാകരമായ പ്രവൃത്തികൾ നിമിത്തം ദുഃഖിക്കാതിരിക്കേണ്ടതിന് അവനെ ശിക്ഷണത്തിൽ വളർത്താൻ ശ്രദ്ധിക്കുക. (പ്രഭാ: 30 . 13)
>
> ചെറുപ്പത്തിലെതന്നെ വിനയം അഭ്യസിപ്പിക്കുകയും ശിക്ഷിക്കുകയും ചെയ്യുക. (പ്രഭാ: 30 . 12)

സുഭാഷിത കർത്താവ് പറയുന്നു:

> മകനു ശിക്ഷണം നല്കുക, അവൻ നിനക്ക് ആശ്വാസ ഹേതുവാകും. നിന്റെ ഹൃദയത്തെ ആഹ്ലാദിപ്പിക്കുകയും ചെയ്യും. (സുഭാ: 29 . 17)

മക്കളെ പ്രകോപിപ്പിക്കരുതെന്നും, കർത്താവിന്റെ ചൈത

നൃത്തിനൊത്ത ശിക്ഷണത്തിലും ഉപദേശത്തിലും അവരെ വളർത്തണമെന്നും വിശുദ്ധ പൗലോസും ഉദ്ബോധിപ്പിക്കുന്നുണ്ട്. (എഫേ: 6 . 4)

## ബഹുമാനിക്കുക: അംഗീകരിക്കുക

ദൈവികമായ മൂല്യങ്ങളും മാനുഷികമായ മൂല്യങ്ങളും മക്കൾ കണ്ടും കേട്ടും പഠിക്കേണ്ടത് കുടുംബത്തിൽ നിന്നാണ്. മാതാപിതാക്കളെ ബഹുമാനിക്കണമെന്ന ദൈവികകല്പനയുടെ പൊരുൾ മനസിലാക്കുന്നത് എപ്രകാരം അമ്മ, അപ്പനെ ബഹുമാനിക്കുകയും ആചരിക്കുകയും അപ്രകാരം അപ്പൻ അമ്മയെ ബഹുമാനിക്കുകയും ആചരിക്കുകയും ചെയ്യുന്നു എന്നതു കണ്ടുകൊണ്ടാണ്. (ചാ. പേ. 24) ചാവറയച്ചൻ പ്രസ്താവിക്കുന്നു: ''കാരണവന്മാർ തമ്മിൽ തമ്മിൽ ആചാരവും സ്നേഹവും ബഹുമാനവും കാണിക്കയില്ലായെങ്കിൽ മക്കളും അവരെ ബഹുമാനിക്കുകയില്ല'' (ചാവരുൾ പേജ് 24). 'ചൊല്ലിക്കൊടുത്തു പഠിപ്പിക്കുക എന്നതിനേക്കാൾ ശ്രേഷ്ഠം കാണിച്ചു കൊടുത്തു പഠിപ്പിക്കുക'യാണെന്ന തത്ത്വം ചാവറയച്ചൻ ഇവിടെ അനുസ്മരിപ്പിക്കുകയാണ്.

## മൂല്യാധിഷ്ഠിത പരിശീലനം

പരമാർത്ഥവും നീതിയും സ്നേഹിക്കാനും, നുണയും സൂത്രവും തട്ടിപ്പും ചതിവും ഉപേക്ഷിക്കാനും ഉപദേശിക്കണമെന്നും (ചാ. പേ. 24) മക്കളെ സ്കൂളിലയച്ചു പഠിപ്പിക്കണമെന്നും (ചാ. പേജ് 23) പ്രായത്തിനടുത്ത തൊഴിലിൽ അവരെ അഭ്യസിപ്പിക്കണമെന്നും (ചാ. പേ. 25) ചാവറയച്ചൻ അനുശാസിക്കുന്നു. മക്കൾക്കു അന്തസു തെരഞ്ഞെടുക്കുന്ന പ്രായം വരുമ്പോൾ അവർക്കു പൂർണ്ണ സ്വാതന്ത്ര്യം അനുവദിക്കണമെന്നും അത് അവരുടെയും ദൈവത്തിൻെറയും കാര്യമാണെന്നും കാരണവൻമാർക്കുള്ളതല്ല (ചാവരുൾ പേജ് 25) എന്നും പ്രസ്താവിക്കുന്ന വിശാല മനസ്കനാണദ്ദേഹം.

## പ്രായോഗിക നിർദ്ദേശങ്ങൾ

ചെയ്യേണ്ട സമയത്തു ഉചിതമായതു മാതാപിതാക്കൾ ചെയ്താൽ മക്കളെക്കുറിച്ച് ദുഃഖിക്കാതിരിക്കാനും, കുടുംബത്തിൽ സമാധാനം നിലനിർത്താനും സാധിക്കുമെന്ന് ചാവറയച്ചൻ മനസിലാക്കി. അതിനാലാണ് കാരണവൻമാർ മരിക്കുന്നതിനു മുമ്പു തന്നെ അവർക്കു വസ്തുക്കൾ ഭാഗം ചെയ്തു കൊടുക്കുന്നതും മാററി താമസിപ്പിക്കുന്നതും ചെയ്യണമെന്ന് അദ്ദേഹം നിഷ്കർഷിക്കുന്നത്.

(ചാവരുൾ പേജ് 26)

കൂദാശകൾ സ്വീകരിക്കുന്നതിനും (ചാവരുൾ പേജ് 18)
ജ്ഞാനപുസ്തകങ്ങൾ വായിക്കുന്നതിനും (ചാ. പേജ് 20)
കുടുംബപ്രാർത്ഥന ക്രമമായി നടത്തുന്നതിനും(ചാ. പേജ്21)
ആടയാഭരണങ്ങൾ അണിഞ്ഞു നടക്കുന്നതിൽ അമിത ഭ്രമം കാട്ടാതിരിക്കുന്നതിനും (ചാവരുൾ പേജ് 25) മററും ചാവറയച്ചൻ നല്കുന്ന നിർദ്ദേശങ്ങളും കൂടി പരിഗണിക്കുമ്പോൾ ഒരു കുടുംബത്തിലെ മക്കളുടെ സമഗ്രമായ വളർച്ചയ്ക്കും ഉന്നമനത്തിനും അദ്ദേഹം എത്രമാത്രം പ്രാധാന്യം കല്പിച്ചിരുന്നുവെന്നും ദീർഘവീക്ഷണമുള്ള അദ്ദേഹത്തിൻെറ അനുശാസനങ്ങളുടെ ലക്ഷ്യം ആരോഗ്യകരമായ, സംതൃപ്തികരമായ കുടുംബമാണെന്നും തെളിയുന്നു.

> "തിരിച്ചറിവുണ്ടായാലുടൻ പൈതങ്ങളെ പള്ളിക്കൂടത്തിൽ അയയ്ക്കണം. ഇതുപോരാ, അവർ പഠിക്കുന്നുണ്ടോ എന്നും അവർ എങ്ങനെയുള്ള കൂട്ടുകൂടി നടക്കുന്നുവെന്നും അന്വേഷിക്കണം. ഞായറാഴ്ചതോറും അവർ പഠിച്ചതിനെ പരിശോധിക്കണം''. (ചാവരുൾ പേജ് 23–24)

എന്നെഴുതുന്ന ചാവറയച്ചൻെറ നിർദ്ദേശത്തിൻെറ പൊരുൾ എത്ര ആഴമുള്ളത്! മാത്രമല്ല, 'പ്രായത്തിനടുത്ത തൊഴിലിൽ അവരെ അഭ്യസിപ്പിക്കണം'. (ചാവരുൾ പേജ് 25) എന്ന

നിഷ്കർഷ ഈ 20—ാം നൂററാണ്ടിന്റെ അന്ത്യത്തിൽപോലും സാധിതമാക്കാത്ത ഉന്നതമായ ഒരാദർശമായി നിലകൊള്ളുന്നു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ആവശ്യകതയും പ്രാധാന്യവും ഉയർത്തി പിടിക്കുന്ന ആധുനിക സാക്ഷരതാ കേരളത്തിന്റെ മക്കളും അവരുടെ കാരണവൻമാരും ജനിക്കുന്നതിനു മുമ്പു തന്നെ ചാവറയച്ചൻ അതു നിർദ്ദേശിച്ചു. വിദ്യാഭ്യാസത്തിനായി അദ്ദേഹം തുടങ്ങിവച്ച പാഠശാലകളും, പെൺകുട്ടികളെ കൈത്തൊഴിൽ പഠിപ്പിക്കാൻ കൂനമ്മാവു മഠത്തോടനുബന്ധിച്ച് പൂക്കളുണ്ടാക്കുക, കൊന്തകെട്ടുക തുടങ്ങിയ കൈത്തൊഴിലുകൾക്കു പരിശീലനം കൊടുത്തതും അദ്ദേഹത്തിന്റെ ആദർശത്തിന്റെ എളിയ തോതിലുള്ള സാക്ഷാത്ക്കാരങ്ങളായിരുന്നു.

## മക്കളുടെ ദൗത്യം

കുടുംബത്തിന്റെ സുഗമമായ നടത്തിപ്പിന് മാതാപിതാക്കൾ മാത്രം യത്നിച്ചാൽ പോരാ. മക്കൾക്കും അവരുടേതായ ധർമ്മമുണ്ട്. ഇതനുസ്മരിപ്പിക്കാനും അദ്ദേഹം മറന്നില്ല. മക്കളോട് അദ്ദേഹം പറയുന്നു:

> ''മക്കളേ നിങ്ങൾ നിങ്ങളുടെ കാരണവന്മാരെ ബഹുമാനിപ്പാനും, അവരുടെ മനസ്സിനെ നൊമ്പരപ്പെടുത്താതിരിപ്പാനും ദൈവപ്രമാണത്താൽത്തന്നെ എത്രയോ കടപ്പെട്ടിരിക്കുന്നു''.
>
> (ചാവരുൾ പേജ് 26)

വി. ഗ്രന്ഥത്തിലെ പ്രഭാഷക വചനങ്ങളെ അനുസ്മരിപ്പിക്കുന്നതാണ് ചാവറയച്ചന്റെ മേലുദ്ധരിച്ച വചനങ്ങൾ. പ്രഭാഷകൻ പറയുന്നു: ''പൂർണ്ണഹൃദയത്തോടെ പിതാവിനെ ബഹുമാനിക്കുക. നൊന്തുപെററ അമ്മയെ മറക്കരുത്. മാതാപിതാക്കന്മാരാണ് നിനക്കു ജന്മം നല്കിയതെന്ന് ഓർക്കുക, നിനക്ക് അവരുടെ ദാനത്തിന് എന്തു പ്രതിഫലം നല്കാൻ കഴിയും'' (പ്രഭാഷ. 7 : 28)

മാതാപിതാക്കളോടുളള മക്കളുടെ കടമകളിൽ സർവ്വ പ്രധാനമാണ് അവരുടെ വാർദ്ധക്യത്തിൽ അവരെ സഹായിക്കുക എന്നത്. മരിക്കുന്നതുവരെ അവരെ ദുഃഖിപ്പിക്കരുത് എന്നും, അവർക്കു അറിവു കുറവാണെങ്കിലും അവരോട് സഹിഷ്ണത കാണിക്കണമെന്നും മാതാപിതാക്കളെ പരിത്യജിക്കുന്നത് ദൈവദൂഷണമാണെന്നും കർത്താവിൻെറ ശാപമേല്ക്കേണ്ടിവരുമെന്നുമുളള പ്രഭാഷകൻെറ വചനങ്ങരം ഇത്തരുണത്തിൽ പ്രസക്തമാണെന്നു തോന്നുന്നു. (പ്രഭാ. 3:1ff) ഇതിൻെറയും കൂടി ചുവടു പിടിച്ചാകാം ചാവറയച്ചൻ എഴുതുന്നത് ''ദൈവപ്രമാണത്തിൽ നാലാമത്തേത് ലംഘിക്കുന്നവർക്ക് പരലോകത്തിൽ തന്നെയല്ല, ഈ ലോകത്തിൽ കൂടെയും ദൈവശാപം കല്പിക്കപ്പെട്ടിരിക്കുന്നു എന്നു നല്ലവണ്ണം ഓർത്തുകൊളളുവിൻ'' എന്ന്.

(ചാവരുരം പേജ് 26)

## ഉപസംഹാരം

ഉത്തമ പൗരന്മാരായി, നല്ല ക്രിസ്ത്യാനികളായി ദൈവഭയത്തിലും, മാനുഷികവും ദൈവികവുമായ മൂല്യങ്ങളിലധിഷ്ഠിതവുമായ ജീവിതശൈലിയിലും വളരാനും, മാതാപിതാക്കരംക്കും അതിലുപരി ദൈവത്തിനും സന്തോഷം പകരുന്ന നല്ല മക്കളെ വളർത്തിയെടുക്കാനുമുളള ഉന്നതവും ഉദാത്തവുമായ നിർദ്ദേശങ്ങളാണ് ചാവറയച്ചൻെറ ചാവരുരം നല്കുക.

# VI

## സ്ത്രീ: മഹത്വവും ദൗത്യവും

പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ തന്റെ ''മുളിയെരിസ് ഡിഞ്ഞിത്താത്തെം'' എന്ന അപ്പസ്തോലിക ലേഖനത്തിൽ പറയുന്നു: ''സ്ത്രീയെ സംബന്ധിച്ചുള്ള രഹസ്യ''ത്തെപ്രതിയും, അവളുടെ സ്ത്രൈണതസ്സിന്റെ നിത്യമായ പരിമാണം കരുപ്പിടിക്കുന്നതിനെപ്രതിയും, ഓരോ സ്ത്രീയിലും, സ്ത്രീയിലൂടെയും മനുഷ്യചരിത്രത്തിലെക്കാലത്തും പൂർത്തിയാക്കപ്പെടുന്ന ''ദൈവത്തിന്റെ മഹത്തായ പ്രവർത്തനങ്ങൾ''ക്കു വേണ്ടിയും സഭ പരമ പരിശുദ്ധ ത്രിത്വത്തിനു കൃതജ്ഞത അർപ്പിക്കാൻ ആഗ്രഹിക്കുന്നു'' (Pope John Paul II. Mulieris Dignitatem, No.31) ക്രിസ്തീയ വിശ്വാസത്തിന്റെ അടിത്തറയായ ത്രിത്വരഹസ്യത്തിൽ നിന്നുൽഭൂതമാകുന്ന ഒരു വലിയ രഹസ്യമാണ് പ. ത്രിത്വമായ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിയ്ക്കപ്പെട്ട മനുഷ്യൻ. ദൈവം മനുഷ്യനെ തന്റെ സ്വന്തം ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചു: അവിടുന്നവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു (ഉല്പ . 1:27). ദൈവ മനുഷ്യ ബന്ധത്തിന്റേയും, സ്ത്രീ–പുരുഷ ബന്ധത്തിന്റേയും ഉറവിടമായി നിലകൊള്ളുന്ന ഈ തിരുവചനത്തിന്റെ പശ്ചാത്തലത്തിൽ ആദ്യകുടുംബത്തിന്റെ നിറവാർന്നചിത്രം വി. ഗ്രന്ഥം വരച്ചുകാട്ടുന്നു. പുരുഷനും സ്ത്രീയുമായി മനുഷ്യനെ സൃഷ്ടിച്ച ദൈവം രൂപകല്പന ചെയ്ത ആദ്യകുടുംബം മുതൽ ഇന്നോളം തലമുറ തലമുറകളായി മാററമില്ലാത്ത ഒരു സത്യം തുട

രുന്നു: കുടുംബമെന്നത് സ്ത്രീ – പുരുഷ സംഗമത്തിന്റെ ഫലമായി യാഥാർത്ഥ്യമാക്കപ്പെടുന്ന പ്രകൃതി സഹജമായ ഒരു യാഥാർത്ഥ്യമാണ്. അതോടൊപ്പം ''ഇതൊരു വലിയ രഹസ്യമാണ്'' (എഫേ. 5 : 25 – 32) എന്നു വി. പൗലോസ് വിശേഷിപ്പിക്കുന്ന ദൈവികമായ, ദൈവ നിശ്ചിതമായ ഒരു യാഥാർത്ഥ്യം കൂടിയാണ്. ഇപ്രകാരംരൂപമെടുക്കുന്ന കുടുംബത്തെ ആകാശമോക്ഷത്തിന്റെ സാദൃശ്യമായി ( ചാവരുാം പേജ് 7 ) കണ്ട വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ 'ചാവരുളിൽ' ഉരുത്തിരിയുന്ന സ്ത്രീ സങ്കല്പവും, ഔത്യവും എന്തെന്നു വിശകലനം ചെയ്യുകയാണ് ഈ ലേഖനത്തിലൂടെ.

## ചാവറയച്ചന്റെ 'സ്ത്രീ' ദർശനത്തിനു പിമ്പിൽ

ചാവറയച്ചന്റെ സ്ത്രീ ദർശനത്തിനു പിമ്പിൽ അതിന്റെ പ്രചോദനമായി നിലകൊള്ളുന്നത് തന്റെ അമ്മയായ സ്ത്രീയുടെ സ്വാധീനം തന്നെയാണെന്നു വേണമെങ്കിൽ പറയാം. ക്രിസ്തീയ വിശ്വാസത്തിന്റെ ഈററില്ലമായി സ്വന്തം കുടുംബത്തെ രൂപപ്പെടുത്തിയെടുത്ത, ദൈവത്തിനു പ്രിയംകരനായി താൻ വളർന്നു വരുവാൻ തന്നെ പ്രചോദിപ്പിച്ച, പ്രാർത്ഥിക്കാനും, തിരുനാമങ്ങൾ ഉച്ചരിക്കാനും, തന്നെ പഠിപ്പിച്ച, ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാന തത്ത്വങ്ങളും, വിശ്വാസ പ്രമാണങ്ങളും, ധാർമ്മിക നിർദ്ദേശങ്ങളും തന്നെ പഠിപ്പിക്കുകയും, ജീവിച്ചു കാണിക്കുകയും ചെയ്തതന്ന തന്റെ അമ്മയുടെ മാതൃക! ഇപ്രകാരം സ്ത്രീത്വത്തിന്റെ മഹനീയതയും ദൗത്യവും കണ്ടറിഞ്ഞ, അനുഭവിച്ചറിഞ്ഞ കുടുംബപശ്ചാത്തലവും, അജപാലകനെന്ന നിലയിലുള്ള അനുഭവവും അദ്ദേഹത്തിന്റെ ദർശനങ്ങൾക്കും ഉൾക്കാഴ്ചകൾക്കും മിഴിവേകി.

# ചാവരുളിൽ പ്രതിഫലിക്കുന്ന സ്ത്രീ സങ്കല്പം

വാഴ്ത്ത. ചാവറയച്ചന്റെ ചാവരുൾ വായിക്കുമ്പോൾ സ്ത്രീയെ സംബന്ധിച്ചുമാത്രമായി അദ്ദേഹം വ്യക്തമായി സംസാരിക്കുന്നത് വളരെ കുറച്ചുമാത്രമാണ്. അതിൽ കൂടുതലായി കാരണവന്മാരെയും, അവരുടെ ദൗത്യത്തെയും സംബന്ധിച്ചുള്ള പ്രതിപാദനങ്ങൾ കാണാം. പരോക്ഷമായിട്ടാണെങ്കിലും സ്ത്രീയുടെ ദൗത്യം പ്രതിഫലിപ്പിക്കുന്ന അത്തരം പ്രതിപാദനങ്ങളും കൂടി പരിഗണിച്ചാൽ ചാവരുളിൽ മിന്നിത്തെളിയുന്ന ചാവറയച്ചന്റെ സ്ത്രീസങ്കല്പം ഏററം ഉന്നതമാണ്. അതു വി. ഗ്രന്ഥാധിഷ്ഠിതമാണ്. സഭയുടെ പ്രബോധനങ്ങൾക്കും, പാരമ്പര്യങ്ങൾക്കും അനുസൃതമായിട്ടുള്ളതാണ്. ആധുനിക ഫെമിനിസ്റ്റു പ്രസ്ഥാനങ്ങളുടെ സ്ത്രീ സങ്കല്പത്തിൽ ഒരുപക്ഷേ അവയിൽ പലതിനും പ്രസക്തി കണ്ടില്ലെന്നു വന്നേക്കാം. പക്ഷേ വെളിപ്പെടുത്തപ്പെട്ട ദൈവവചനത്തിന്റെ പശ്ചാത്തലത്തിൽ ചാവരുളിലെ സ്ത്രീ സങ്കല്പത്തിലേയ്ക്കു കടന്നു ചെല്ലുമ്പോൾ സങ്കുചിതത്വത്തിന്റെ പേരിൽ നിരാകരിക്കപ്പെടാൻ സാദ്ധ്യതയുള്ള വാക്കുകളിൽപ്പോലും അനർഘമായ സന്ദേശങ്ങൾ ഒളിഞ്ഞിരിപ്പുണ്ടെന്ന വസ്തുത തുടർന്നു വ്യക്തമാകും.

ചാവരുളിൽ സ്ത്രീയെ സംബന്ധിച്ച് പ്രതിപാദിക്കുന്നതിൽ ഏററം ശ്രദ്ധേയവും, സ്പഷ്ടവുമായ വാചകമിതാണ്:

> ''ഒരു പെൺ പൈതലിന്റെ ആഭരണം എത്രയും
> വലിയ അടക്കവും, ഭക്തിയും, മിണ്ടടക്കവും,
> കണ്ണടക്കവും ആകുന്നു'' (ചാവരുൾ പേജ് 25).

അപ്പസ്തോല പ്രമുഖനായ വി. പത്രോസ് തന്റെ 1 —ാം ലേഖനത്തിൽ പ്രതിപാദിക്കുന്നു: ''മുടി പിന്നുന്നതോ, സ്വർണ്ണം അണിയുന്നതോ, മോടിയായി വസ്ത്രം ധരിക്കുന്നതോപോലെ ബാഹ്യമായിരിക്കരുത് നിങ്ങളുടെ ഭൂഷണം.

പ്രത്യുത സൗമ്യവും, ശാന്തവുമായ ആത്മാവ് എന്ന അക്ഷയ ഭൂക്ഷണത്തോടുകൂടിയ ഹൃദയത്തിന്റെ നിഗൂഢ മനുഷ്യനായിരിക്കണം നിങ്ങളുടെ അലങ്കാരം. ഇതാകുന്നു ദൈവസന്നിധിയിൽ ഏററവും വിലയുള്ളത്'' (1പ. 3:3–5). വീണ്ടും വി. അപ്പസ്തോലനായ പൗലോസ് പറയുന്നു: ''സ്ത്രീകാം വസ്ത്രം ധരിക്കുന്നത് വിനയത്തോടും വിവേകത്തോടും ഉചിതമായ വിധത്തിലും ആയിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ദൈവഭക്തിയുള്ള സ്ത്രീകാംക്കു യോജിച്ച വിധം സൽപ്രവർത്തികാംകൊണ്ട് അവർ സമലംകൃതരാകട്ടെ'' (1തിമോ 2:9–11). ചാവറയച്ചന്റെ വാക്കുകാം മേൽ പ്രസ്താവിച്ച ദൈവവചനത്തിന്റെ പശ്ചാത്തലത്തിൽ വിശകലനം ചെയ്താൽ വ്യക്തമാകും സ്ത്രീയുടെ ഭൂഷണം ബാഹ്യമോടിയിലല്ലെന്നും അവളുടെ സൗന്ദര്യം ആന്തരികമാണെന്നും.

എങ്കിലും മേലുദ്ധരിച്ച, ചാവറയച്ചന്റെ, വാക്കുകളിലേയ്ക്കു ശ്രദ്ധതിരിക്കുമ്പോാം മിണ്ടാതെ, നോക്കാതെ, അടങ്ങിയൊതുങ്ങി ഭക്തിയ്ക്കടുത്ത നമസ്ക്കാരങ്ങളും ചൊല്ലി വീടിനുള്ളിൽ ഒതുങ്ങി കൂടേണ്ട ഒരു സ്ത്രീയുടെ ചിത്രമാണ് ആദ്യമായി തെളിഞ്ഞു വരിക. ഒന്നര നൂററാണ്ടുമുമ്പ് വിരചിതമായ ഈ കൃതിയുടെയും, അതിന്റെ കർത്താവിന്റെയും സാമൂഹിക സാംസ്കാരിക പശ്ചാത്തലം കണക്കിലെടുക്കുമ്പോാം മേ ല്പ്പ റ ഞ്ഞ ത് ഒരു യാഥാർത്ഥ്യമായി അംഗീകരിച്ചേ മതിയാവൂ. ഈ അംഗീകാരത്തിനു മുമ്പിൽ ചാവറയച്ചന്റെ വാക്കുകളുടെ അർത്ഥവും പ്രസക്തിയും കാലഹരണപ്പെട്ടതായും ഒററനോട്ടത്തിൽ തോന്നുവാൻ പാടുണ്ട്. എന്നാൽ കാലഘട്ടത്തെ അതിലംഘിച്ച ഈ ദൈവിക മനുഷ്യന്റെ വാക്കുകാംക്ക് താല്ക്കാലികമായ പ്രസക്തി മാത്രമേയുള്ളോ എന്നും ഉറക്കെ ചിന്തിക്കേണ്ടിയിരിക്കുന്നു. ഈ വസ്തുതയുടെ പൊരുളറിയാൻ ചാവരുളിലെ ഇതരഭാഗങ്ങാംക്കൂടി നാം കണക്കിലെടുത്തു ചിന്തിക്കുന്നതുചിതമാണ്.

## കുടുംബം ആകാശ മോക്ഷത്തിന്റെ സാദൃശ്യം

ചാവറുടെ ആരംഭിക്കുന്നതു തന്നെ വളരെ ഉന്നതമായ ഒരു ദൈവശാസ്ത്ര വീക്ഷണത്തോടെയാണ്. അദ്ദേഹം പറയുന്നു: 'നല്ല ക്രിസ്ത്യാനി കുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമാകുന്നു'. (ചാവരുടെ പേജ് 7) ദൈവരാജ്യത്തോട്, സ്വർഗ്ഗത്തോട് കുടുംബത്തെ സാദൃശ്യപ്പെടുത്തുന്ന ചാവറയച്ചന്റെ ദൃഷ്ട്രിയിൽ കുടുംബമോ കുടുംബത്തിന്റെ അടിത്തറയായ സ്ത്രീയോ പുരുഷനോ വെറും സാധാരണ സൃഷ്ടജാലം പോലെയല്ല. അതു ദൈവിക രഹസ്യത്തിന്റെ തന്നെ ഭാഗമാണ്. ഭൂമിയിലെ ദൈവരാജ്യമായി ''സഭ''യെ വി. ഗ്രന്ഥത്തിലും സഭാപ്രബോധനങ്ങളിലും നിർദ്ദേശനം ചെയ്യുമ്പോൾ അതിന്റെ ഏററം ചെറിയ ഘടകമായ കുടുംബത്തെ ''ഗാർഹിക സഭ''(തിരുസഭയെ സംബന്ധിച്ച കോൺസ്ററിററ്യൂഷൻ (L.G) No. 11) എന്നു വിശേഷിപ്പിക്കുന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ കുടുംബത്തിന്റെ ദൈവിക സ്വഭാവത്തെ — ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ ഉൾചേർന്നിരിക്കുന്ന യാഥാർത്ഥ്യമെന്ന നിലയിൽ –– അംഗീകരിച്ചുറപ്പിക്കുകയാണ്. കാരണം, കൗൺസിൽ പിതാക്കന്മാർ പഠിപ്പിക്കുംപോലെ 'ക്രിസ്തീയ ദമ്പതികൾ വിവാഹമെന്ന കൂദാശയുടെ ശക്തിയാൽ, ക്രിസ്തുവും സഭയുമായുള്ള ഐക്യത്തിന്റെയും ഫലദായകമായ സ്നേഹത്തിന്റെയും രഹസ്യം പ്രദ്യോതിപ്പിക്കുകയും അതിൽ ഭാഗഭാക്കുകളാവുകയു'മാണ് ചെയ്യുന്നത്(LG. 11).

സഭയെന്നത് പണിതീർത്ത കെട്ടിടങ്ങളോ, സംഘടനകളോ അല്ല. ജീവിക്കുന്ന വിശ്വാസികളുടെ സമൂഹമാണ് എന്നപോലെ കുടുംബമെന്നതും നാലു ചുവരുള്ള വീടല്ല. പിന്നെയോ 'പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോടു ചേരും. അവർ ഒററ ശരീരമായിത്തീരും' (ഉല്പത്തി 2:24)

എന്ന ദൈവിക നിശ്ചയത്താൽ പരസ്പരം ഒന്നാക്കപ്പെട്ട സ്ത്രീപുരുഷൻമാരുടെ മാററമില്ലാത്തൊരു ഉടമ്പടി ബന്ധമാണ്. വിവാഹമെന്ന കൂദാശയുടെ പുരോഹിതരായ സ്ത്രീപുരുഷൻമാർ ദൈവനാമത്തിൽ പരസ്പര വാഗ്ദാനം ചെയ്ത് ബന്ധിതരാകുമ്പോഠ ആലപിക്കുന്ന 'പുതിയ കുടുംബത്തിൻ കതിരുകളുയരുന്നു; തിരുസഭ വിജയത്തിൻ തൊടുകുറിയണിയുന്നു'. (സീറോ മലബാർ സഭയുടെ വിവാഹക്രമം) എന്ന ഗാനം ഈ സത്യം ഉദ്ഘോഷിക്കുകയാണ്. കുടുംബമെന്ന ഈ ദൈവിക സൗധത്തിൻെറ അടിസ്ഥാനം പുരുഷനും സ്ത്രീയുമാണ്. കുടുംബത്തിൽ പുരുഷനോടൊപ്പം സ്ത്രീക്കുമുളള തുല്യസ്ഥാനവും മഹിമയും പരിശുദ്ധ പിതാവ് ജോൺ പോഠ രണ്ടാമൻ ഇങ്ങനെ എടുത്തു പറയുന്നു:

> 'അവർണ്ണനീയമായ ത്രിത്വത്തിൻെറ ഹൃദയാന്തരാളത്തിൽ ദൈവതിരുമനസ്സിൽ രൂപം കൊണ്ട മനുഷ്യ കുടുംബത്തിൻെറ നിർണ്ണായകവും പരമവുമായ ലക്ഷ്യത്തിനും അനുദിനാവശ്യങ്ങഠക്കും അനുരൂപമായി ജീവിത സാക്ഷാത്കാരം പ്രാപിക്കുന്നതിൽ പുരുഷന്മാരോടൊപ്പം ഉത്തരവാദിത്വം വഹിക്കുന്നവരാണവർ'.
>
> (സ്ത്രീത്വത്തിൻെറ മഹനീയത. [പരിഭാഷ: ജോസഫ് മാടപ്പളളി] No. 31)

കുടുംബത്തിൽ പുരുഷനോടൊപ്പം സ്ത്രീക്കുമുളള തുല്യസ്ഥാനവും മഹിമയും അരക്കിട്ടുറപ്പിക്കുന്നതാണ് വി. ഗ്രന്ഥത്തിലെ സൃഷ്ടിയുടെ വിവരണം. മററു സൃഷ്ടജാലങ്ങളെപ്പോലെ 'ഉണ്ടാകട്ടെ'യെന്നു പറഞ്ഞോ, അഥവാ പുരുഷനെ സൃഷ്ടിച്ചപോലെ പൂഴിയിൽ നിന്നും നേരിട്ടു മെനഞ്ഞെടുത്തോ ദൈവത്തിന് സ്ത്രീയേയും സൃഷ്ടിക്കാമായിരുന്നു. എന്നാൽ പുരുഷൻ ഏകനായിരിക്കുന്നതു നന്നല്ല എന്ന ബോദ്ധ്യത്തിൽ നിന്ന്

അവന് തുണയും ഇണയുമായി അവനിൽ നിന്നു തന്നെ ദൈവം സ്ത്രീയെ സൃഷ്ടിച്ചു. മനുഷ്യനു സഹായിയായി, തുണയായി എന്നതു കൊണ്ട് അവനു അടിമ എന്ന് ഇതിനർത്ഥം വരുന്നില്ല. ജോൺ പോൾ രണ്ടാമൻ പാപ്പാ പറയുന്നതുപോലെ ഈ സഹായം പരസ്പര പൂരകമാണ്. (Letter of Pope John Paul II to Women [June 29, '95] P. 11) കൂടാതെ ഈ സഹായമെന്നത്, എന്തെങ്കിലും പ്രവർത്തികൾ വഴി ചെയ്തുകൊടുക്കുക എന്നതിലുപരി 'ആയിരിക്കുക' എന്നതിലാണ്. അപ്പോൾ പരസ്പര പൂരകത്വം വെറും ശാരീരികവും മാനസികവും എന്നതിലുപരി സത്വാത്മകം (Ontological) ആയിരിക്കയും ചെയ്യും. (Letter of John Paul II to Women [June 29, 1995] P. 12)

തന്റെ സ്ത്രീത്വത്തിലൂടെ സ്ത്രീയും, പുരുഷത്വത്തിലൂടെ പുരുഷനും മാനുഷിക (human) യാഥാർത്ഥ്യം പ്രകടമാക്കുകയാണ്. പരസ്പര പൂരകമായ ഈ മാനുഷികതയുടെ പ്രകടനത്തിലൂടെയാണ് ദൈവികത പൂർണ്ണമായും വ്യക്തമാക്കപ്പെടുക. കാരണം ഏകമെങ്കിലും ത്രിത്വമായിരിക്കുന്ന ദൈവം വ്യതിരിക്തമായ തുല്യമായ മൂന്നുവ്യക്തിത്വങ്ങളുടെ കൂട്ടായ്മയാണ്. ഈ കൂട്ടായ്മയുടെ സാദൃശ്യത്തിലാണ് ദൈവം മനുഷ്യനെ–പുരുഷനും സ്ത്രീയും– സൃഷ്ടിച്ചിരിക്കുക. ഈ കൂട്ടായ്മയിൽ തുല്യതയും വ്യതിരിക്തതയും ഉണ്ട്. ഈ കൂട്ടായ്മയെ 'ദ്വിത്വാത്മക ഐക്യം' (സ്ത്രീത്വത്തിന്റെ മഹനീയത പേജ് 14) എന്ന് വിശേഷിപ്പിക്കാവുന്നതാണ്. ഈ വലിയ സത്യം യാഥാർത്ഥ്യവല്ക്കരിയ്ക്കപ്പെടുന്ന വേദിയാണ് കുടുംബം. പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോടു ചേരുന്നു എന്ന് ഉല്പത്തി 2: 24 ൽ പറയുമ്പോൾ ഈ ഒന്നു ചേരലിനെ ഒരു വലിയ രഹസ്യമെന്നാണല്ലോ വി. പൗലോസ് വിശേഷിപ്പിക്കുന്നത്. (എഫേ: 5:32) ഈ വലിയ രഹസ്യത്തിന്റെ പശ്ചാത്തലത്തിലാണ് സ്ത്രീയുടെ മഹത്വമെന്തെന്ന് നാം നോക്കിക്കാണേണ്ടത്. മേല്പറഞ്ഞ പ്രകാരം മഹിമ

യുള്ള ഒരു സ്ത്രീയുടെ അലങ്കാരത്തെ സംബന്ധിച്ചാണ് ചാവറയച്ചൻ സംസാരിക്കുക.

## സ്ത്രീ ദൗത്യം കുടുംബത്തിൽ

സ്ത്രീ എന്ന നിലയിൽ ഒരുവളുടെ ദൗത്യം വളർച്ചയുടെ പാതയിൽ വ്യതിരിക്തമാണ് ഒരു മകളെന്ന നിലയിൽ, ഭാര്യയെന്ന നിലയിൽ, അമ്മയെന്ന നിലയിൽ അതു വ്യത്യാസപ്പെട്ടിരിക്കുന്നു. ഏതു തലത്തിയായാലും തങ്ങളുടെ സ്ത്രൈണതയുടേതായ 'എല്ലാ സമ്പത്തോടും സൗന്ദര്യത്തോടുംകൂടി ദൈവഹൃദയത്തിൽ നിന്നും പുറപ്പെടുന്നവരാണ് അവരെല്ലാവരും. അവിടുത്തെ നിത്യസ്നേഹത്തിൻെറ ആലിംഗനം അനുഭവിച്ചവരാണവർ' (സ്ത്രീത്വത്തിൻെറ മഹനീയത നമ്പർ 31) എന്നത്രേ പരി. പിതാവ് ജോൺ പോാം രണ്ടാമൻ പറയുന്നത്. ചാവരുളിൽ പ്രധാനമായും ഒരു ഭാര്യയും അമ്മയുമെന്ന നിലയിലുള്ള സ്ത്രീ ദൗത്യമാണ് പ്രകടിതമാകുക. നിഷേധാത്മകമായ രീതിയിലാണ് സംസാരത്തിൻെറ ശൈലിയെങ്കിലും ക്രിയാത്മകമായ പല സത്യങ്ങളും അതിൽ ഒളിഞ്ഞിരിപ്പുണ്ട്.

## സ്ത്രീയും സമാധാനപാലനവും

സമാധാനത്തിനു വേണ്ടിയുള്ള അഭിവാഞ്ഛ മനുഷ്യനിൽ അന്തർലീനമാണ്. അതേസമയം അവൻതന്നെയാണ് അസമാധാനം ഭൂമിയിൽ വിതയ്ക്കുന്നതും. സഭാചരിത്രത്തിലെ ഏററം നിർണ്ണായക സംഭവമായി വിശേഷിപ്പിക്കപ്പെടുന്ന 2-ാം വത്തിക്കാൻ കൗൺസിലിൻെറ സമാപനസന്ദേശത്തിൽ കൗൺസിൽ പിതാക്കന്മാർ സ്ത്രീകളെ ഉദ്ബോധിപ്പിക്കുന്നതിങ്ങനെയാണ്:

> ''നമ്മുടെ സാങ്കേതിക കണ്ടുപിടുത്തങ്ങളുടെ ലോകം മനുഷ്യോചിതമല്ലാത്ത ഒരു സ്ഥിതിയിലേയ്ക്കധഃപ്പതിച്ചുകൊണ്ടിരിക്കുകയാണ്. ഈ

അവസരത്തിൽ നിങ്ങരം മനുഷ്യരെ ജീവിതവു
മായി രമ്യപ്പെടുത്തുക. എല്ലാററിനുമുപരി
യായി ഞങ്ങരം നിങ്ങളോടഭ്യർത്ഥിക്കുന്നതിതാണ്:
നമ്മുടെ വംശത്തിന്റെ ഭാവിയെപ്പററി ശ്രദ്ധാ
പൂർവ്വം പരിഗണിക്കുക. പുരുഷൻ അവന്റെ
അജ്ഞതയുടെ ഒരു നിമിഷത്തിൽ മനുഷ്യ
സംസ്ക്കാരത്തെമുഴുവൻ നശിപ്പിക്കുവാൻ ഉദ്യ
മിക്കുന്നെങ്കിൽ നിങ്ങരം അവന്റെ കൈയ്ക്കു കടന്നു
പിടിക്കുക: അവനെ തടയുക.'' (പോപ്പ് പോരം
ആറാമൻ, ''സമാപനസന്ദേശം'' [1965: ഡിസം. 8]
2–ാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകരം (4 –ാം
പതിപ്പ്) ബാംഗ്ലൂർ 1977 പേജ് 550

വ്യാപകമായ അർത്ഥത്തിൽ, സമാധാനവും, മാനവരാശി
യുടെ ഭദ്രതയും നിലനിർത്തുവാൻ സ്വധർമ്മം നിറവേററാൻ
ഒരു പടികൂടി കടന്ന് മനുഷ്യനെ (പുരുഷനെ) അതിനു
വിരുദ്ധമായവയിൽ നിന്നു പിന്തിരിപ്പിക്കുവാൻ സ്ത്രീ
കളോടാണ് പാപ്പാ ആവശ്യപ്പെടുന്നത് എന്ന കാര്യം
പ്രത്യേകം ശ്രദ്ധേയമാണ്. കാരണം ''ശാലീനയായ ഒരു
സ്ത്രീ മററുള്ളവരുടെ മുമ്പിൽ ആദരവുനേടുന്നവളാണ്''.
(സുഭാ 11:10) അവരംക്ക് ഈ ദൈവികദൗത്യം നിറവേററാ
നാവും. കാരണം സമാധാനമെന്നത് രക്ഷയുടെ ഫലമാണ്.
രക്ഷാകര കർമ്മത്തിൽ ഏററവുമധികം സഹകരിച്ചവരം
ഒരു സ്ത്രീ അയിരുന്നല്ലോ.

എന്നാൽ ഈ സമാധാനദൗത്യം സ്ത്രീ ആരംഭിക്കേണ്ടത്
സ്വകുടുംബത്തിൽത്തന്നെയാണ്. കുടുംബത്തിൽ സമാ
ധാനം സൃഷ്ടിക്കുവാനും, കലഹങ്ങരം സൃഷ്ടിക്കു
വാനും സ്ത്രീക്കു കഴിയും. സമാധാനക്കേടിനു കാരണമായി
ത്തീർന്ന, കുടുംബത്തിൽ കലഹങ്ങരം സൃഷ്ടിച്ചുകൊണ്ടി
രുന്ന ഒരു സ്ത്രീയെയും, അവളുടെ പ്രവർത്തികരംക്കുള്ള
പ്രതിഫലമായി പിശാച് അവളെ തന്റെ ആലോചനക്കാ

രിയായി സ്വീകരിച്ച് അവരാക്കു സമ്മാനങ്ങരാം നല്കിയെന്ന നാടകീയമായ പ്രവൃത്തിയെയും കുറിച്ചുള്ള ചാവറയച്ചന്റെ വിവരണം (ചാവരുരം പേജ് 9–10) ഇരുത്തിചിന്തിപ്പിക്കുവാൻ ഉതകുന്നതാണ്.

അതോടൊപ്പം നീരസങ്ങളെ കാര്യമാക്കാതെ ക്ഷമിക്കുവാനും, വിട്ടുവീഴ്ച ചെയ്യുവാനും, മഹാശക്തിയും വിവേകവുമുള്ളവർക്കുമാത്രം സാധിക്കുന്ന കാര്യമായി(ചാ. പേ.10) അദ്ദേഹം എടുത്തു പറയുന്നുമുണ്ട്. ഇവിടെയാണ് ചാവറയച്ചൻ പറയുന്ന പെൺപൈതലിന്റെ ആഭരണമായ —'മിണ്ടടക്കത്തി'ന്റെ— (ചാവ. പേ:25) പ്രസക്തി വെളിവാകുക. മററുള്ളവരുടെ അററകുററങ്ങളും മോശങ്ങളും ക്ഷമിക്കുവാനും, (ചാവരുരം പേജ്9) ഇങ്ങോട്ടു സ്നേഹിക്കാത്തവരെ അങ്ങോട്ടു സ്നേഹിക്കുവാനും (ചാവരുരം പേജ്9) മററുള്ളവരുടെ കെല്പക്ഷയങ്ങളെ സാരം വയ്ക്കാതെ, നല്ല ബന്ധം പുലർത്തി മുന്നോട്ടു പോകാനും ഏറെ ആത്മസംയമനം ആവശ്യമുണ്ട്. അന്യൂനമായ ആത്മസംയമനമാണ് ക്ഷമിക്കുന്നതിനു പിന്നിലെ ശക്തി. ഈവിധം ക്ഷമിക്കുന്നവർ മററുള്ളവരുടെ മുമ്പിൽ ആദരവുനേടും. ഇത്തരം സമാധാനപാലനം കുടുംബാംഗങ്ങരാം പരസ്പരവും, ഭാര്യയും, ഭർത്താവും തമ്മിലും, അമ്മയും മക്കളും തമ്മിലുമെല്ലാം ആവശ്യമാണ്. ഇത്തരുണത്തിൽ സുഭാഷിതകർത്താവിന്റെ വാക്കുകരാം യുക്തമെന്നു തോന്നുന്നു:

> ''ഭാര്യയുടെ കലഹം തുടർച്ചയായ ചാററൽ മഴ പോലെയാണ്'' (19:13)
>
> ''കലഹക്കാരിയും കോപശീലയുമായ ഭാര്യയോടൊത്തു കഴിയുന്നതിനേക്കാരം നല്ലത് മരുഭൂമിയിൽ ജീവിക്കുന്നതാണ്'' (21:19)

സുഭാഷിതകർത്താവിന്റെ അഭിപ്രായത്തിൽ കർത്താവു വെറുക്കുന്ന ആറുകാര്യങ്ങളിൽ ഒന്നാണ് ''സഹോദരർക്കി

ടയിൽ ഭിന്നത വിതയ്ക്കുന്നത്''(6:19). മേല്പറഞ്ഞവ യെല്ലാം വിരൽചൂണ്ടുന്നത് കുടുംബത്തിൽ സ്നേഹവും സമാധാനവും നിലനിർത്താൻ ഒരു സ്ത്രീക്കുള്ള കടമയിലേയ്ക്കാണല്ലോ.

## സ്ത്രീ കുടുംബസുസ്ഥിതിയിൽ

കുടുംബത്തിൻെറ സുഗമമായ നടത്തിപ്പിലും മക്കളുടെ നല്ല വളർത്തലിലും സ്ത്രീക്കുള്ള പങ്ക് അതുല്യമാണ്. ഈ സത്യത്തെ സാധൂകരിക്കുവാൻ അദ്ദേഹം എടുത്തുകാട്ടുന്ന വസ്തുതകൾ വിവിധങ്ങളാണ്. വളരെ പ്രായോഗികമായ അദ്ദേഹത്തിൻെറ നിർദ്ദേശങ്ങൾ സൂക്ഷ്മതയോടെ പാലിക്കുന്നവർക്ക് 'ഈ ലോകത്തിലെന്നല്ല പരലോകത്തിലും ദുഃഖിക്കേണ്ടിവരില്ല' എന്നസത്യം ഈ ചെറുകൃതി വ്യക്തമാക്കുന്നു. ഒന്നാമതായിത്തന്നെ വരവറിഞ്ഞു ചെലവു ചെയ്യുന്ന ഒരു കുടുംബത്തിൻെറ സന്തുഷ്ടിയാണ് ചാവറയച്ചൻ എടുത്തു പറയുക (ചാവരുൾ പേജ്11). കഴിവുള്ളിടത്തോളം വായ്പ വാങ്ങാതെയും കടം ഉണ്ടാക്കാതെയും കഴിയണമെങ്കിൽ ഇതു നിഷ്ഠയോടെ പാലിച്ചേ മതിയാകൂ. ഇല്ലാത്തതു ഉണ്ടെന്നു ഭാവിച്ചുനടക്കുന്നത് മനോതാഴ്മ ഇല്ലാത്തതിൻെറ ലക്ഷണമായിട്ടാണ് അദ്ദേഹം പറയുക (ചാവരുൾ പേജ്11). മനുഷ്യരിൽ ഏററം മുഖ്യതയുള്ളവൻ 'ഏററം കുറഞ്ഞ ഭാവം കാണിക്കുന്നവനാണെന്നു' (ചാവരുൾ പേജ്12)ദെമോക്രെസ്തോസ് എന്ന ശാസ്ത്രിയെ ഉദ്ധരിച്ചുകൊണ്ട് ചാവറയച്ചൻ ഉദ്ബോധിപ്പിക്കുമ്പോൾ 'പകൽ വിളക്കു കത്തിക്കാതിരുന്നാൽ രാവിൽ കത്തിക്കാം' (ചാ. പേജ്. 12)എന്ന പ്രായോഗിക ജ്ഞാനദർശനം അന്നെന്നല്ല ഇന്നും പ്രസക്തമാണെന്നുള്ളതിന് രണ്ടു പക്ഷമില്ല. മാറിമാറിവരുന്ന ഫാഷനുകളിലും, അയൽപക്കങ്ങളിലെ ആഡംബരവസ്തുക്കളിലും കണ്ണുംനട്ട് 'ചാററൽമഴ' പോലെ ഭർത്താവിനോടു കലഹമുണ്ടാക്കി ആവശ്യമില്ലാത്തതും കടം വാങ്ങിയാണെങ്കിലും വാങ്ങിച്ചുകൂട്ടി പൊള്ള

യായ സ്റ്റാററസു നിലനിർത്താൻ തത്രപ്പെടുന്ന ഏതൊരു സ്ത്രീക്കും ചാവറയച്ചൻ നല്കുന്നത് ഉത്തമമായൊരു ജീവിത ദർശനമാണ്.

കുടുംബത്തിന്റെ സുഗമമായ നടത്തിപ്പിൽ കുടുംബിനിയുടെ ജീവിതശൈലിക്ക് ഏറെ പ്രസക്തിയുണ്ട് എന്ന് ചാവറയച്ചൻ മനസ്സിലാക്കിയിരുന്നു. ശേഷംപേരുടെ വീടുകളിൽ കയറിയിറങ്ങി വർത്തമാനങ്ങൾ അന്വേഷിച്ചു നടക്കുന്ന രീതി പാടേ ഉപേക്ഷിക്കേണ്ടതാണെന്ന് (ചാ.പേ 12) അദ്ദേഹം ഉദ്ബോധിപ്പിക്കുന്നു. അന്യരുടെ കാര്യമില്ലാത്ത കാര്യങ്ങളിൽ ഉൾപ്പെടുവാൻ തത്രപ്പെടാതെ സ്വന്തം കുടുംബകാര്യങ്ങൾ ക്രമമായി പാലിക്കുന്ന സ്ത്രീക്ക് തീർച്ചയായും മഹിമയും മഹത്വവും ഉണ്ടാകും. മാത്രമല്ല, അതു പലപ്പോഴും മററുള്ളവരുടെ ഏററക്കുറച്ചിലുകൾ കാണാനും പറയാനും (ചാവ. പേജ് 13) അങ്ങനെ ഉപവിയെ തടസ്സപ്പെടുത്താനും കാരണമായിത്തീരുകയും ചെയ്യും.

അദ്ധ്വാനത്തെ സ്നേഹിക്കുവാനും ഉള്ളതു സംതൃപ്തിയോടെ സത്യസന്ധതയോടെ കൈകാര്യം ചെയ്യുവാനും സാധിച്ചാൽ അഭിവൃദ്ധിയുണ്ടാകുമെന്നതിനു രണ്ടു പക്ഷമില്ല(ചാ. പേ.14). ആത്മസംയമനത്തോടെ സ്വകുടുംബദൗത്യത്തിൽ വ്യാപൃതയാകുന്ന ഉത്തമയായ; ശാലീനയായ സ്ത്രീയാണ് ഏവരുടേയും ആദരവുനേടുക. ഇപ്രകാരമുള്ള ഉത്തമയായ ഭാര്യ ഭർത്താവിന്റെ കിരീടമാണ്(സുഭാ. 12:4). അവൾ രത്നത്തേക്കാൾ അമൂല്യയാണ് (സുഭാ. 31:10). അവളെ കണ്ടെത്തുന്നവൻ ഭാഗ്യവാനും (സുഭാ. 18:22).

അതി ധാരാളിത്വത്തേയും; അഹംഭാവത്തേയും ഉപേക്ഷിക്കുന്നതോടൊപ്പം ലുബ്ധും വർജ്ജിക്കേണ്ടതിന്മയാണ് (ചാവരുൾ പേജ് 15). മാത്രമല്ല, പാടുള്ളടത്തോളം മററുള്ളവർക്കു ഉപകാരം ചെയ്യാൻ സാധിക്കുകയും വേണം. ഉപകാരം ചെയ്യാത്ത ദിവസം ആയുസ്സിൽ നിന്നു നഷ്ട-

പ്പെട്ടു പോകുന്നതായിട്ടാണ് (ചാ. പേ. 15) ചാവറയച്ചൻ പറയുന്നത്. ഭിക്ഷക്കാർ വെറും കൈയ്യോടുകൂടി നിന്റെ വീട്ടിൽനിന്നു പോകുവാൻ നീ സമ്മതിക്കരുത് (ചാ.പേ.15). ഈ പ്രകാരം ഉപവിയോടെ വർത്തിക്കുവാൻ ഏറെ അവസരങ്ങൾ ലഭ്യമാകുന്നുണ്ട് ഒരു കുടുംബിനിയ്ക്ക്. ഉപവി പ്രവർത്തിക്കുവാനും, പ്രവർത്തിപ്പിക്കുവാനും ഒരു സ്ത്രീക്കു സാധിക്കും. അതുപോലെതന്നെ മറിച്ചും.

അനീതിയായി സമ്പത്തുണ്ടാക്കിയ ഗൃഹസ്ഥൻ മരണസമയം പറയുന്ന വാക്കുകളെ ആലേഖനം ചെയ്യുന്ന ചാവറയച്ചൻ മറ്റൊരു സത്യമാണ് നമ്മുടെ മുമ്പിൽ പ്രഘോഷിക്കുക. അന്യായമായി സമ്പന്നനായിത്തീർന്ന അയാളുടെ നാവിലൂടെ ചാവറയച്ചൻ പറയുന്നു: ''എന്റെ ആത്മത്തേയും, അന്യരുടെ വസ്തുക്കളെ അപഹരിപ്പാൻ എന്നെ ഉത്സാഹിപ്പിച്ച എന്റെ ഭാര്യയുടെ ആത്മത്തേയും പിശാചിനു കൊടുക്കുന്നു''. (ചാവരുളം പേജ് 17) നീതിനിഷ്ടവും മൂല്യാധിഷ്ഠിതവുമായ ഒരു ജീവിതം നയിക്കുവാനും ആ വിധം കുടുംബാംഗങ്ങളെ നയിക്കുവാനുമുള്ള ഒരു സ്ത്രീയുടെ ദൗത്യത്തിലേയ്ക്കാണല്ലോ ഇതു വിരൽ ചൂണ്ടുന്നത്. ഈ പശ്ചാത്തലത്തിൽ ''പരമാർത്ഥവും നീതിയും സ്നേഹിപ്പാൻ മക്കളെ പഠിപ്പിക്കണെ''(ചാ. പേ. 24) മെന്നുള്ള ചാവറയച്ചന്റെ ഉദ്ബോധനം ഓരോ അമ്മയും മനസ്സിൽ പതിപ്പിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു!

മാതൃകാപരമായ ഒരു ജീവിതത്തിന്റെ നിദർശനമായി ഒരമ്മ മാറേണ്ടതിനുള്ള വ്യക്തമായ മറ്റൊരു ഉദാഹരണമാണ്. ''അമ്മ കാണിച്ചു കൊടുത്തുകൊണ്ട് അപ്പനെ ബഹുമാനിപ്പാനും ആചരിപ്പാനും പഠിപ്പിക്കണം. കാരണവന്മാർ തമ്മിൽത്തമ്മിൽ ആചാരവും സ്നേഹവും ബഹുമാനവും കാണക്കയില്ലായെങ്കിൽ മക്കളും അവരെ ബഹുമാനിക്കയില്ല''. (ചാവരുളം പേജ് 24) എന്ന പ്രസ്താവം. മക്കാം അനുസരണമില്ലാത്തവരാണെന്നു പരിദേവനം ചെയ്യുന്ന

വരും, മക്കളുടെ തെററായ നീക്കങ്ങളിൽ വേദനിക്കുന്നവരുമായ മാതാപിതാക്കളും നിസ്സാരകാര്യങ്ങളിൽപോലും വിട്ടുവീഴ്ചാ മനോഭാവമില്ലാതെ പരസ്പരം കുററപ്പെടുത്തിയും വഴക്കുപിടിച്ചും തന്നിഷ്ടം നോക്കി ജീവിക്കുന്നവരുമായ ഭാര്യാഭർത്താക്കൻമാരും ചാവറയച്ചന്റെ മേലുദ്ധരിച്ച വാചകത്തിന്റെ ഉൾപ്പൊരുൾ ഗ്രഹിച്ചിരുന്നെങ്കിൽ!

മേൽപറഞ്ഞവയ്ക്കെല്ലാം മകുടമെന്നോണം എടുത്തുകാട്ടാവുന്ന മറെറാരു വസ്തുത ദൈവിക ചൈതന്യത്തിൽ കുഞ്ഞുങ്ങളെ വളർത്തുന്നതിൽ ഒരമ്മയ്ക്കുള്ള പങ്കാണ്. വ്യക്തത കൈവരാൻ തുടങ്ങുമ്പോൾ മുതൽ കുട്ടിയുടെ അധരങ്ങളിൽ ഈശോ മറിയം യൗസേപ്പെന്ന നാമം ചൊല്ലികൊടുത്ത് ദൈവോന്മുഖരാക്കി അവരെ വളർത്തുന്നതിൽ ഒരു സ്ത്രീയുടെ — അമ്മയുടെ പങ്ക് അതുല്യമാണ്. ശരീരത്തിനടുത്ത യാവന നല്കുന്ന അമ്മതന്നെ ആത്മത്തിനടുത്ത യാവനയും അവർക്കു നല്കണമെന്ന് ചാവറയച്ചൻ നിഷ്കർഷിക്കുകയാണ്. ഉൽകൃഷ്ടമായ ഈ ഉത്ബോധനത്തിന് എന്നത്തേക്കാളുപരി ഇന്നു പ്രസക്തിയുണ്ട്. പല സൗകര്യങ്ങളുടെയും ലാഭങ്ങളുടെയും പേരിൽ സ്വന്തം കുഞ്ഞിന്റെ വളർത്തലിൽനിന്നു വിമുക്തയായി ജീവിക്കുന്ന അമ്മമാരേ അനുസ്മരിക്കുക — നിങ്ങൾ നഷ്ടപ്പെടുത്തുന്നതിന്റെ വിലനിങ്ങൾ സമ്പാദിക്കുന്നതിലും അധികമാണെന്ന്;

മക്കളോടുള്ള അമിതസ്നേഹത്താൽ പ്രേരിതരായി അവരെ അണിയിച്ചൊരുക്കി 'പ്രദർശനവസ്തു'ക്കളാക്കി 'വല്യഭാവം'കാണിക്കുന്ന അമ്മമാരും പിന്തുടരുന്ന പാത വികലമാണ്, സ്വന്തസൗന്ദര്യത്തെ പ്രദർശിപ്പിക്കുവാനുള്ള വ്യഗ്രതയിൽ സ്വശരീരത്തെ ഒരു ഉപഭോഗവസ്തുവിന്റെ തലത്തിലേക്കു വലിച്ചിഴയ്ക്കുന്ന അധഃപതിച്ച ഒരു സംസ്കാരത്തിന്റെ നിർമ്മാതാക്കളാകുവാൻ ഈ പ്രവണത കാരണമാകുമെന്ന് മുൻകൂട്ടിയറിഞ്ഞ ചാവറയച്ചൻ ശക്തി

യുക്തം ഉത്ബോധിപ്പിക്കുകയാണ്. 'ലോകബഹുമാനം, സമ്പത്ത്, തറവാട്ടുമഹിമ, എന്നുള്ള കാരണത്താൽ പെൺമക്കളെ ചമയിച്ചു നടത്തുന്നതും, തങ്ങളുടെ അന്തസ്സും പ്രാപ്തിയും കവിഞ്ഞുള്ള നിഗളത്തിനടുത്ത ഉടുപ്പും ആഭരണങ്ങളും ഇടുവിച്ച് നടത്തുന്നതും എത്രയോ ആത്മാക്കളിൽ നരകതീ കത്തിക്കുന്നു'' (ചാവരുൾ പേജ് 25) എന്ന്. ദൈവികദാനമായ സ്ത്രീത്വത്തേയും അതിന്റെ ശാരീരിക മാനസിക കഴിവുകളേയും സൗന്ദര്യത്തേയും തരംതാഴുന്ന രീതിയിൽകാണുന്ന ആധുനിക സംസ്കാരത്തിന്റെ പ്രവണതയ്ക്കെതിരെ പൊരുതുവാനുള്ള തന്റേടം സ്ത്രീ സമൂഹത്തിന് ലഭിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു!

## ഉപസംഹാരം

സ്ത്രീയാണ് കുടുംബത്തിന്റെ വിളക്ക്. ഈ വിളക്കണഞ്ഞാൽ കുടുംബത്തിലെ പ്രകാശം ഇല്ലാതാകും. ചെറുപ്പത്തിൽ തന്റെ അമ്മയിൽ നിന്നും തനിക്കു ലഭിച്ച നല്ല ശിക്ഷണമായിരിക്കാം ചാവറയച്ചനെ ഈ ബോദ്ധ്യത്തിലേക്കു നയിച്ചത്. അതെന്തുതന്നെയായിരുന്നാലും ഒരു ഭാര്യയും അമ്മയുമെന്ന നിലയിൽ ഒരു സ്ത്രീയുടെ മഹിമയും ദൗത്യവും വ്യത്യസ്തങ്ങളായ പശ്ചാതലത്തിലൂടെ ചാവരുളിൽ ആലേഖനം ചെയ്യുന്ന ചാവറയച്ചൻ തീർച്ചയായും വരുംതലമുറയിലെ സ്ത്രീകളും ആദർശപരമായ ഒരു ജീവിതത്തിലൂടെ കുടുംബത്തിന് വിളക്കാകണമെന്നും ആകാശമോക്ഷത്തിന്റെ സാദൃശ്യത്തിൽ കുടുംബത്തെ കരുപ്പിടിപ്പിക്കണമെന്നും ആഗ്രഹിച്ചിരുന്നിരിക്കണം. ഈ ആഗ്രഹംതന്നെയാവാം സ്ത്രീകളുടെ സമുദ്ധാരണവും ക്രിസ്തീയ രൂപീകരണവും മുന്നിൽ കണ്ടുകൊണ്ട്, സ്ത്രീസമുദായത്തെ ഉദ്ധരിക്കുവാൻ ലോകം കണ്ടിട്ടുള്ളതിൽ വെച്ചേററം ധന്യയായ ആ ഉത്തമ സ്ത്രീയെ — മറിയത്തെ — പ്പോലെ അർപ്പിതമാനസരായി ജീവിക്കുന്ന സ്ത്രീകൾ വഴി ഈ ദൗത്യം തുടരാൻ അദ്ദേഹം ഒരു സന്യാസിനീ സഭയ്ക്ക് രൂപം നല്കിയത്. കാലദേശാദികളെ അതിലംഘിച്ച ഈ യുഗപ്രഭാവന്റെ അഭിലാഷം പൂർത്തീകരിക്കുവാൻ അർപ്പിതരായ എല്ലാ സ്ത്രീകളും പ്രാപ്തരായിത്തീരട്ടെ!

# VII

# ജീവിതവിജയത്തിനു ചില മാർഗ്ഗരേഖകൾ

മനുഷ്യൻ ഒരു സമൂഹ ജീവിയാണ്. സമൂഹത്തിലാണ് അവൻെറ വ്യക്തിത്വം വളരുന്നതും ഫലംചൂടുന്നതും. സമൂഹം പലതരമാകാം. എങ്കിലും അതിൻെറ ഏററം അടിസ്ഥാനഘടകം കുടുംബമാണ്. കുടുംബമെന്ന സമൂഹത്തിൻെറ സാഫല്യവും, വളർച്ചയും സാധിതമാക്കുവാൻ ഉപയുക്തമായ അനേകം സാരോപദേശങ്ങളുടെ -- അനുഭവ സമ്പത്തുകളിൽനിന്നു കടഞ്ഞെടുത്ത — ഒരു സംഹിതയാണ് വാഴ്ത്ത. ചാവറയച്ചൻെറ, ചാവരുൾ. സമൂഹജീവിയാണ് മനുഷ്യനെന്നു പറയുമ്പോഴും, വ്യക്തിയുടെ പ്രാധാന്യം ഒട്ടും നഷ്ടപ്പെടുന്നില്ല. കാരണം പല വ്യക്തികളുടെ കൂട്ടായ്മയാണല്ലോ സമൂഹം. ആ വിധത്തിൽ വ്യക്തിയുടെ വളർച്ച സമൂഹത്തിൻെറ വളർച്ചയാണ്. കുടുംബമെന്ന സമൂഹത്തിൻെറ വളർച്ചയെ ലക്ഷ്യം വച്ച ചാവറയച്ചൻ ഈ വളർച്ച വ്യക്തിയുടെ വളർച്ചയിലൂടെ സംജാതമാക്കാനഭിലഷിച്ചുകൊണ്ട് നല്കിയ ഈ സാരോപദേശത്തിൽ നിന്ന് അടർത്തിയെടുത്ത ഏതാനും ജീവിത തത്ത്വങ്ങൾ പരിചിന്തിക്കുകയാണിവിടെ.

## ഉത്തമസ്നേഹിതൻ : അമൂല്യദാനം

ഏതൊരു മനുഷ്യ വ്യക്തിയുടേയും വളർച്ചയിൽ സൗഹൃദബന്ധങ്ങൾക്കുള്ള സ്വാധീനം വാക്കുകൾക്കതീതമാണ്. വ്യക്തിത്വ വികസനത്തിനും, വികലതയ്ക്കും രണ്ടിനും ഇതുകാരണമാകാം. ''നീ ആരോടുകൂടി ഇടയുന്നു എന്നു പറയുക, എന്നാൽ നീ ആരാകുന്നു എന്നു ഞാൻ പറയാം'' എന്ന പഴഞ്ചൊല്ല് ഉദ്ധരിച്ചുകൊണ്ട് (ചാവരുൾ പേജ് 13)

സൗഹൃദബന്ധത്തിൻെറ പശ്ചാത്തലത്തിൽ വ്യക്തിയെ വിലയിരുത്താമെന്ന വസ്തുത ചാവറയച്ചൻ തറപ്പിച്ചു പറയുന്നു. ഈ യാഥാർത്ഥ്യം ബോദ്ധ്യമുള്ളതു കൊണ്ടാവാം അദ്ദേഹം ഉദ്ബോധിപ്പിക്കുന്നത്;

> നിനക്കു സ്നേഹിതന്മാർ അധികം വേണ്ട,
> പിന്നെയോ ആയിരം പേരിൽ നിന്നു സൂക്ഷിച്ചു
> ഒരുത്തനെ തെരഞ്ഞെടുക്കുക, തമ്പുരാനെ സ്നേഹി
> ക്കാത്തവൻ സത്യമായും നിന്നെയും സ്നേഹിക്കു
> കയില്ല (ചാവരുൾ പേജ് 16).

യഥാർത്ഥമായ സൗഹൃദവും, സ്നേഹവും ദൈവസ്നേഹത്തിൽ അധിഷ്ഠിതമാണ്. അന്യൻെറ നന്മയെ ആഗ്രഹിക്കാനും, അപരൻെറ ആവശ്യങ്ങളിൽ സഹായിക്കാനും, വേദനകളിൽ ആശ്വസിപ്പിക്കാനും, തെററുകാണുമ്പോൾ തിരുത്തുവാനും ബലഹീനതയിൽ ശക്തിപ്പെടുത്താനും, വളർച്ചയിൽ അസൂയപ്പെടാതിരിക്കാനും, ഏതെങ്കിലും വിധത്തിൽ ദ്രോഹം ചെയ്യാനിടയായാൽ അത് ക്ഷമിക്കാനും മറക്കാനും വീണ്ടും സ്നേഹിക്കാനും ദൈവിക സ്നേഹത്തിൻെറ മേൽപ്പറഞ്ഞ പരിമാണങ്ങൾ സ്വാംശീകരിച്ചിട്ടുള്ള ഉത്തമനായ ഒരു സ്നേഹിതനേ സാധിക്കുകയുള്ളൂ. ഇത്തരം സ്നേഹിതരെ കണ്ടെത്തുക വളരെ വിരളമാണ്. അതുകൊണ്ടാണ് വിശുദ്ധ ഗ്രന്ഥം പറയുന്നത്:

> വിശ്വസ്തനായ സ്നേഹിതൻ ബലിഷ്ഠമായ
> സങ്കേതമാണ്. അവനെ കണ്ടെത്തിയവൻ ഒരു
> നിധി നേടിയിരിക്കുന്നു. വിശ്വസ്ത സ്നേഹിത
> നെപ്പോലെ അമൂല്യമായി ഒന്നുമില്ല. അവൻെറ
> മാഹാത്മ്യം അളവററതാണ്. വിശ്വസ്തനായ
> സ്നേഹിതൻ ജീവാമൃതമാണ് (പ്രഭാ 6:14–16).

ഉത്തമ സ്നേഹിതൻെറ മാഹാത്മ്യത്തെ പ്രകീർത്തിക്കുന്ന ഈ തിരുവചനഭാഗം മറെറാരു തിരുവചനത്തിലേയ്ക്കാണ്

പ്പെട്ട സ്വർണ്ണം പോലെ നലംതികഞ്ഞ വ്യക്തിത്വത്തിനു ടമകളാകുവാൻ പരീക്ഷണങ്ങളേയും ക്ലേശങ്ങളേയും അതിജീവിച്ചെങ്കിലേ സാധിക്കൂ. ഈ അതിജീവിക്കൽ പ്രക്രിയയ്ക്കു അവശ്യംവേണ്ട ഗുണം ക്ഷമാപൂർണ്ണമായ സഹനവും, എന്തിലും ഏതിലും ദൈവകരം ദർശിക്കാനും, ദൈവഹിതത്തിനു അടിയറവു പറയാനുള്ള വിശ്വാസവീക്ഷണവും ആത്മധൈര്യവുമാണ്. ഒരു വ്യക്തിയുടെ വളർച്ചയ്ക്കു അവശ്യാവശ്യമായ ഈ ഗുണങ്ങളെക്കുറിച്ചാണ് മേലുദ്ധരിച്ച ചാവറവചനങ്ങൾ പരാമർശിക്കുക.

## താഴ്മയിൽ ഔന്നത്യം

വിനീതൻ മററുള്ളവരുടെ മുമ്പിൽ ആദരവു നേടുന്നു. അഹംഭാവിയാകട്ടെ മററുള്ളവർക്കു പരിഹാസവിഷയവും. ഈ സത്യം മനസ്സിലാക്കിയ ചാവറയച്ചൻ തൻെറ ചാവരുളിൽ പലയാവർത്തി ഉദ്ബോധിപ്പിക്കുന്ന ഒരു യാഥാർത്ഥ്യമാണ് ''വലിയ ഭാവം'' കാണിക്കരുതെന്നും, മനോതാഴ്മയോടെ വർത്തിക്കണമെന്നും.

ചാവറയച്ചൻ എഴുതുന്നു:

> ദ്രവ്യമുള്ള ഭാവവും അവസ്ഥയും കാട്ടേണ്ട. ഉള്ള ഭാവം മുഴുവനും കാട്ടുന്നവൻ അവസ്ഥയിൽ കുറഞ്ഞവനാകുന്നു (ചാവരുൾ പേജ് 11).
>
> ഓരോരോ അടിയന്തിരങ്ങൾ കഴിക്കുന്നതിൽ സ്വന്തസ്വത്തിനും പ്രാപ്തിക്കും തക്കവണ്ണം ചട്ടമുള്ളതിൽ അധികം ആഘോഷവും ചെലവും ചെയ്യണ്ടാ അതെന്തെന്നാൽ, എല്ലായ്പ്പോഴും അതിൻവണ്ണം ചെയ്യാൻ പാടുണ്ടാകുമോ എന്നറിഞ്ഞുകൂടാ. എന്നാൽ തൽക്ഷണം കൊണ്ട് ആളിപ്പോകുന്നതും ഒരു വലിയ വെട്ടത്തെ കാണിച്ച് ഉടൻ കെട്ടുപോകുന്നതുമായ ഒരു വൈക്കോൽ തുറുവിൻ തീയേ

ക്കാരം നിലനില്ക്കുന്നതായി വെട്ടം കാട്ടുന്ന ഒരു
ചെറിയ വിളക്ക് ഏററം നല്ലതാകുന്നു (ചാ. പേ. 11–12).

ഏറെ പ്രായോഗികമായ ഒരു നിർദ്ദേശമാണ് ചാവറയച്ചൻ ഇവിടെ നല്കുന്നത്. അഹംഭാവവും, കീർത്തി നേടാനുള്ള അമിതാഗ്രഹവും മനുഷ്യമനസ്സുകളെ മഥിക്കുന്ന രണ്ടു വലിയ തിന്മകളാണ്. ഇതു രണ്ടും ഒരുവനെ കൊണ്ടുചെന്നെത്തിക്കുന്നത് നാശത്തിലേയ്ക്കാണെന്ന വസ്തുത ചാവറയച്ചൻ വ്യക്തമാക്കുകയാണിവിടെ. ഒരുവൻ മഹത്വവും, ആദരവും ജനമദ്ധ്യത്തിൽ നേടുന്നത് ഡംഭു കാട്ടുമ്പോഴല്ല, പിന്നയൊ വിനയം കൊണ്ടാണ്. പ്രഭാഷകൻ പറയുന്നു: ''മകനെ, വിനയം കൊണ്ട് മഹത്വമാർജ്ജിക്കുക, നിലവിട്ട് സ്വയം മതിക്കരുത്'' (പ്രഭാഷകൻ 10 : 28) 'നീ എത്ര ഉന്നതനാണോ അത്രമാത്രം വിനീതനാവുക' (പ്രഭാഷ 3: 18) വിനീത ഹൃദയമുള്ളവരെയാണ് ദൈവവും മനുഷ്യരും ഇഷ്ടപ്പെടുക. സ്വച്ഛമായി കത്തിനില്ക്കുന്ന വിളക്കുപോലെ അവരുടെ ജീവിതവും സ്വച്ഛമായിരിക്കും. അത് അനേകർക്കു പ്രചോദനകരവുമായിരിക്കും. വ്യക്തിത്വത്തിന്റെ വികസനത്തിന് ഹൃദയത്തിന്റെ ഈ സ്വച്ഛത ആവശ്യമാണ്.

## നിഷ്ഠയുള്ള ജീവിതം

ജീവിത വിജയത്തിന് അവശ്യാവശ്യമായ മറെറാരു വസ്തുതയാണ് കൃത്യനിഷ്ഠ. നിഷ്ഠയുള്ള ഒരു ജീവിതം ആത്മനിയന്ത്രണവും, ആത്മപരിത്യാഗവും ആവശ്യപ്പെടുന്നുണ്ട്. ചാവരുളിൽ ചാവറയച്ചൻ എഴുതിവച്ചിരിക്കുന്ന ദിനചര്യക്രമം ഇന്നിന്റെ സാമൂഹിക ചുററുപാടിൽ അതേപടി പ്രായോഗികമാക്കാനാവില്ലെന്നുള്ള യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ടുതന്നെ അദ്ദേഹം പ്രസ്താവിക്കുന്ന വിശദാംശങ്ങളുടെ നടുവിലും മാററമില്ലാതെ നിലകൊള്ളുന്ന കൃത്യനിഷ്ഠയെന്ന മൂല്യത്തെ ഉയർത്തിക്കാട്ടുകയാണ്. നാളെ, നാളെ, നീളെ, നീളെ ........ എന്ന

താണ് ഒരു നല്ല ശതമാനം ആളുകളുടേയും മനഃസ്ഥിതി. വേറൊരു കൂട്ടർ 'ഒക്കുന്നതുപോലെ ഒപ്പിക്കുന്ന'വരാണ്; ''വരുന്നതു പോലെ വരട്ടെ'' എന്നു ചിന്തിക്കുന്നവരും തദനുസാരം പ്രവർത്തിക്കുന്നവരുമാണ്. എന്നാൻ ശിക്ഷണമുള്ള ഒരു മനസ്സിന് കൃത്യനിഷ്ഠ പാലിക്കുവാൻ ഏറെ ബുദ്ധിമുട്ടില്ല. നിഷ്ഠയുള്ള ഒരു മനസ്സോടെ ശാന്തമായി ജീവിത കടമകളെയും ഉത്തരവാദിത്വങ്ങളേയും അഭിമുഖീകരിക്കുന്നവർക്ക് ഒരിക്കലും ജീവിതത്തിൽ താളം തെററുകയില്ല. കാരണം അവരുടെ മനസ്സും, ജീവിതവും, പ്രവർത്തനവും തമ്മിൽ ഒരു സമഗ്രത കൈവന്നിരിക്കും. സമഗ്രതയുള്ള വ്യക്തിത്വമുള്ളവനാണല്ലോ പക്വമതിയായവൻ, വ്യക്തിത്വവളർച്ച പ്രാപിച്ചവൻ.

## ജ്ഞാനം ഉൽകൃഷ്ടസമ്പാദ്യം

സമഗ്രമായ വ്യക്തിത്വവികസനത്തിന് ആവശ്യകമായ ഇതര ഗുണങ്ങളാണ് ദൈവഭക്തി, സാഹോദര്യം, സേവനതല്പരത തുടങ്ങിയവ. ഇവ മററുപലലേഖനങ്ങളിലായി വിശദീകരിച്ചിട്ടുള്ളതിനാൽ അവയെക്കുറിച്ചുള്ള ചാവറയച്ചൻെറ ദർശനമെന്തെന്നു പ്രസ്താവിക്കാൻ ഇവിടെ മുതിരുന്നില്ല. എങ്കിലും ഒരു പ്രത്യേക കാര്യം എടുത്തു പറയാനുള്ളത് വ്യക്തിത്വവികസനത്തിൽ ജ്ഞാനത്തിന്, വായനയ്ക്കുള്ള പ്രാധാന്യമാണ്. ശരിയായ അറിവും, ജ്ഞാനത്തിൽ അധിഷ്ഠിതമായ ഭക്തിയും, ഈടുററ വ്യക്തിത്വങ്ങളെ വാർത്തെടുക്കുമെന്നതിൽ സംശയം വേണ്ട. ഈ ബോദ്ധ്യം ഉണ്ടായിരുന്ന അദ്ദേഹം എഴുതുന്നു:

> ഭക്തിയെ വർദ്ധിപ്പിക്കുന്ന ജ്ഞാനപ്പുസ്ത
> കങ്ങളും തത്വശാസ്ത്ര പുസ്തകങ്ങളും മക്കാംക്കു
> സമ്പാദിച്ചു വെക്കേണ്ട നിക്ഷേപങ്ങളാകുന്നു.
> ഇപ്രകാരമുള്ള പുസ്തകങ്ങളെ ശക്തി പോലെ
> വാങ്ങിച്ചു ശേഖരിക്ക (ചാവരുൾ പേജ്20).

മക്കളുടെ ഭാവിയ്ക്കായുള്ള ഏറ്റം നല്ല നിക്ഷേപമായി സത്ഗ്രന്ഥങ്ങളെ ചാവറയച്ചൻ ദർശിച്ചു എന്നത് പ്രത്യേകം പ്രസ്താവ്യമത്രേ. മൂല്യാധിഷ്ഠിതവും, ആദർശപരവുമായ ജീവിതത്തിനും, ബൗദ്ധിക വളർച്ചയ്ക്കും, പുണ്യവഴിയിലുള്ള നടപ്പിനും ഉത്തമവും അനുയോജ്യവുമായ ഗ്രന്ഥങ്ങളുടെ പാരായണം അവശ്യാവശ്യകമാണ്.

ചാവറയച്ചന്റെ ചാവരുൾ സ്പർശിക്കാത്ത മാനുഷിക തലമില്ല. വ്യക്തിവളർച്ചയ്ക്കും, കുടുംബസുസ്ഥിതിയ്ക്കുമായി ആലേഖിതമായ അദ്ദേഹത്തിന്റെ വചനങ്ങൾ മക്കളുടെ നല്ല ഭാവി ലക്ഷ്യം വച്ച ഒരു പിതാവ് മക്കൾക്കായി നല്കിയ അനർഘ നിക്ഷേപമാണ്. ഈ നിക്ഷേപത്തിൽ നിന്ന് ആവശ്യാനുസരണം ഏവർക്കും സ്വീകരിക്കാൻ തക്കവിധം അത്ര സമ്പന്നമാണത്. ഉത്തമമായ ഒരു ജീവിതത്തിലൂടെ പക്വത പ്രാപിച്ച് വ്യക്തിത്വവികസനം സാധിതമാക്കാൻ സഹായകമായ ജ്ഞാനരത്നങ്ങൾ നിറഞ്ഞ ഈ ചെറുകൃതി അനേകർക്കു ചൈതന്യം പകരുവാൻ ഉപയുക്തമായ ഒരു ജ്ഞാനനിർഝരിയാണ്.



## വാഴ്ത്തപ്പെട്ട ചാവറയച്ചൻെറ ചാവരുളിൽ മിന്നിത്തെളിയുന്ന ചില മൂല്യങ്ങൾ

കുടുംബത്തിൻെറ ഭദ്രതയ്ക്കും സമൂഹത്തിൻെറ സുസ്ഥിതിക്കും വിശുദ്ധമായ സഭാസൗധത്തിൻെറ വളർച്ചയ്ക്കും ഓർമ്മിക്കുക! പാലിക്കുക!

ഒരു കുടുംബം

നിത്യരക്ഷയിൽ താല്പര്യമുള്ളതാകണം
ക്ഷമയുള്ളതാകണം
അദ്ധ്വാനിക്കുന്നതാകണം
പരസ്പര ബഹുമാനമുള്ളതാകണം
ദൈവതിരുമനസ്സിനു
കൈയാളിക്കുന്നതാകണം.

— o —